പത്രാധിപസമിതി

എസ്. കെ. നായർ
ചാത്തന്നൂർ മോഹൻ

മലയാളനാട്

ലേഖനം: **2 12 62**

സാഹിത്യവാരഫലം —എം. കൃഷ്ണൻനായർ □ ആവിഷ്കാരമെന്ന ജൈവപ്രക്രിയ —ആഷാമേനോൻ □ ഇന്ദ്രപ്രസ്ഥം —ഒ. വി. വിജയൻ.

ഫീച്ചർ: **8**

വടക്കൻപാട്ടിന്റെ നാട്ടിലൊരു കോവളം —അഹമ്മദ് പാതിരിപ്പറ.

കവിത: **39**

ഇസ്തിരിപ്പെട്ടി —രമാകാന്തൻ.

കഥ: **17 22 56**

കമ്പസാരം —ആർ. എം. ക്ലൂലിയാട്ട്. ഉത്തമൻമുതലാളിഅവർകൾവക —പി. എ. എം. ഹനീഫ് □ ഭ്രമം—എം. സുധാകരൻ.

നോവൽ: **29 31 36 41 45**

ഒരുപിടിനിഴലുകൾ —പത്മൻ □ രാവുകളില്ലാത്ത രാപ്പാടികൾ —ഏകലവ്യൻ. കോടമ്പാക്കം —സുകുമാർ □ നിഴൽരൂപങ്ങൾ —ബാലകൃഷ്ണൻ മാങ്ങാട്. അത്തിപ്പറ —ശ്രീധരൻ ചമ്പാട്.

സിനിമ: **52**

പുസ്തകം പതിനഞ്ചു്
ലക്കം അഞ്ചു്
1158 മിഥുനം 5
19 th June 1983

Phone: 2825, 3362

സാഹിത്യ വാരഫലം

ഏതു ഭവനത്തിനും നിഗ്രഹത്തയോ ഉപ്പുതയോ ഉണ്ട്. സന്ദർശകർ ഏതു വിഭാഗത്തിൽപെട്ടവരായാലും അതിനെ മാനിച്ചേ മതിയാകൂ. വാതിലിനു തട്ടി ശബ്ദമുണ്ടാക്കാതെ പൂച്ചയെപ്പോലെ വീട്ടിനകത്തു പതുങ്ങിക്കയറുന്നവൻ നിന്ദ്യനാണ്. "എന്റെ മകനാണ് അല്ലെങ്കിൽ മകളാണ് അല്ലെങ്കിൽ അനന്തരവനാണ് ഈ വീട്ടിൽ താമസിക്കുന്നതു്. എനിക്ക് ഇഷ്ടംപോലെ ഇവിടെ കയറിച്ചെല്ലാം" എന്ന വിചാരത്തോടുകൂടി മാർജ്ജാരന്റെ മട്ടിൽ അകത്തേക്കു ചെല്ലുന്നവൻ അച്ഛനായാലും അമ്മാവനായാലും അടികൊള്ളേണ്ടവനാണ്. അതുപോലെ സുഹൃത്താണെന്നു ഭാവിച്ചുകൊണ്ട്, പുരുഷന്റെ കയറിയാലുടൻ "പെങ്ങളേ കുറച്ചുവെള്ളം" എന്നു പറഞ്ഞ് അടുക്കളയിലേക്കു പാഞ്ഞുചെല്ലുന്നവനും പ്രഹാരം അർഹിക്കുന്നു. ഭാഷയിൽ ഇമ്മട്ടിൽ പതുങ്ങിക്കയറുന്ന വാക്കുകളുണ്ട്; പാഞ്ഞുചെല്ലുന്ന വാക്കുകളുമുണ്ട്. 'മനഃപ്രയാസം' എന്ന വാക്ക് മാർജ്ജാരനാണ്. 'ഉടനീളം', 'കണ്ണനട്ടുക'. 'അഭിനയം കാഴ്ചവയ്ക്കുക' ഈ പ്രയോഗങ്ങൾ അടുക്കളയിലേക്ക് ഓടിക്കയറുന്ന ആഭാസന്മാരാണ്. ഗുഹനായിക മേൽമുണ്ടിടാതെ ജോലി ചെയ്യുകയാണെങ്കിൽ അവരെ ആ രീതിയിൽ കാണാൻവേണ്ടി സൗഹൃദം അഭിനയിക്കുന്നവരാണ്. "ഗ്രന്ഥത്തിൽ ഉടനീളം കാണുന്ന പ്രസാദമെന്ന ഗുണം..." എന്താണാവോ ഈ ഉടനീളം? ഉടൽ നീളമായിരിക്കണം ഉടനീളമായതു്. ഗ്രന്ഥത്തിനു് തലയും നെഞ്ചും കാലുമുണ്ടോ? എങ്കിലല്ലേ ഉടനീളമെന്ന പ്രയോഗം ശരിയാവൂ. നമ്മുടെ ഭാഷ — കുഞ്ചൻനമ്പ്യാരുടെയും എഴുത്തച്ഛന്റെയും സി.വി. കുഞ്ഞുരാമന്റെയും ഇ. വി. കൃഷ്ണപിള്ളയുടെയും കൂട്ടിക്കൃഷ്ണമാരാരുടെയും സഞ്ജയന്റെയും മനോഹരമായ മലയാളഭാഷ — തെണ്ടിയുടെ ഭാഷയായി മാറിയിരിക്കുകയാണ് ഇപ്പോൾ. Beggar's Jargon എന്നു് ഹെസ്സ്ലെ പറഞ്ഞതു് ഓർമ്മിച്ചാണ് തെണ്ടിയുടെ ഭാഷ എന്നു് ഇവിടെ എഴുതിയതു്.)

ഞാൻ അടുത്തകാലത്തു വായിച്ച ഒരു നല്ല പുസ്തകമാണ് ഗുന്റർ ഗ്രാസ്സിന്റെ "Head births or The Germans are Dying Out" എന്നതു്. യാത്രാവിവരണവും കഥയും. രാഷ്ട്രീയ ലഘുലേഖയുമൊക്കെയായ ആ ഗ്രന്ഥത്തിൽ ഗ്രാസ്സ് പറയുന്നു:— Worse damage had been done: National socialist ideology had robbed the German language of its meaning had corrupted it and laid waste whole fields of words. In this mutilated language, writers, handicapped by its injuries, began to stammer more than write. Their helplessness was measured against Thomas Mann and Brecht, the giants of refugee literature; measured against their already classical greatness, only stammering could assert itself." (Page 5) — കൂടിയ തോതിലുള്ള നാശം സംഭവിച്ചുകഴിഞ്ഞു. നേഷനൽ സോഷ്യലിസ്റ്റ് ആശയസംഹിത [നാത്സി ആശയസംഹിത—ലേഖകൻ] ജർമ്മൻ ഭാഷയുടെ അർത്ഥം ഇല്ലാതാക്കുകയും അതിനെ ഭംശിപ്പിക്കുകയും പദങ്ങളുടെ മണ്ഡലങ്ങളെയാകെ നശിപ്പിക്കുകയുംചെയ്തു. ക്ഷതം പറ്റിയ ഈ ഭാഷയിൽ എഴുത്തുകാർ ആ മുറിവുകളാൽ ബാധിതരായി എഴുതുന്നതിനേക്കാൾ വിക്കി വിക്കിപ്പറയാൻ തുടങ്ങുകയാണ് ചെയ്തതു്. ശരണാർത്ഥീസാഹിത്യത്തിലെ ഭീമാകാരന്മാരായ റേറോമാസ്മാൻ ബ്രഹ്റ് ഇവരോടാണ് ഈ നിസ്സഹായതയെ തട്ടിച്ചുനോക്കിയതു്; അവരാർജ്ജിച്ചുകഴിഞ്ഞ ക്ലാസ്സിക്കൽ മഹത്ത്വത്തോടു തട്ടിച്ചുനോക്കിയപ്പോൾ വിക്കിനു മാത്രമേ സ്ഥിരീകരണം ലഭിച്ചുള്ളൂ.

നവീനജർമ്മൻഭാഷയ്ക്കു വിക്കുണ്ടെങ്കിലും മലയാളഭാഷയ്ക്ക് അതുമില്ല. ഇവിടെ ഉന്മാദത്തിന്റെ പ്രലപനങ്ങളേയുള്ളൂ. പതിവിനു വിപരീതമായി ഒരു ബന്ധുവാതിലിനു തട്ടുന്നു. "അകത്തേക്കുവരൂ." വന്നു. മഴക്കാലമല്ലേ? വയലിലെ ചെളി മുഴുവൻ ചെരിപ്പിലുണ്ട്. ആ ചെരിപ്പു പുറത്തിടാതെയാണ് പ്രവേശനം. 'മനഃപ്രയാസം' എന്ന ചെളി, 'ഇത്തരുണത്തിൽ' എന്ന ചെളി, 'ഉടനീളം' എന്ന ചെളി. ഭാഷയുടെ ഭവനംമുഴുവൻ മലിനമായി.

***

ഒരു ക്ഷതഫലിതം.

ഒരധ്യാപകനെ വേറൊരുസ്ഥലത്തേക്കു് വിദ്യാഭ്യാസഡിപ്പാർട്ട്മെന്റു് മാറ്റി. അയാൾ പോയപ്പോൾ ചെരിപ്പെടുക്കാൻ മറന്നുപോയി. അധ്യാപകൻ ഭാര്യക്കു് എഴുത്തുകൊടുത്തയച്ചു:— "ഈ എഴുത്തുകൊണ്ടുവരുന്ന ആളിന്റെ കൈയിൽ നിങ്ങളുടെ ചെരിപ്പു് കൊടുത്തയയ്ക്കണം. [നാത്സി ആശയസംഹിത—ലേഖകൻ] ജർമ്മൻ ഭാഷയുടെ അർത്ഥം ഇല്ലാതാക്കുകയും അതിനെ ഭംശിപ്പിക്കുകയും പദങ്ങളുടെ മണ്ഡലങ്ങളെയാകെ നശിപ്പിക്കുകയുംചെയ്തു. ക്ഷതം പറ്റിയ ഈ ഭാഷയിൽ എഴുത്തുകാർ ആ മുറിവുകളാൽ ബാധിതരായി എഴുതുന്നതിനേക്കാൾ വിക്കി വിക്കിപ്പറയാൻ തുടങ്ങുകയാണ് ചെയ്തതു്. ശരണാർത്ഥീസാഹിത്യത്തിലെ ഭീമാകാരന്മാരായ റേറോമാസ്മാൻ ബ്രഹ്റ് ഇവരോടാണ് ഈ നിസ്സഹായതയെ തട്ടിച്ചുനോക്കിയതു്; അവരാർജ്ജിച്ചുകഴിഞ്ഞ ക്ലാസ്സിക്കൽ മഹത്ത്വത്തോടു തട്ടിച്ചുനോക്കിയപ്പോൾ വിക്കിനു മാത്രമേ സ്ഥിരീകരണം ലഭിച്ചുള്ളൂ.

നവീനജർമ്മൻഭാഷയ്ക്കു വിക്കുണ്ടെങ്കിലും മലയാളഭാഷയ്ക്ക് അതുമില്ല. ഇവിടെ ഉന്മാദത്തിന്റെ പ്രലപനങ്ങളേയുള്ളൂ. പതിവിനു വിപരീതമായി ഒരു ബന്ധുവാതിലിനു തട്ടുന്നു. "അകത്തേക്കുവരൂ." വന്നു. മഴക്കാലമല്ലേ? വയലിലെ ചെളി മുഴുവൻ ചെരിപ്പിലുണ്ട്. ആ ചെരിപ്പു പുറത്തിടാതെയാണ് പ്രവേശനം. 'മനഃപ്രയാസം' എന്ന ചെളി, 'ഇത്തരുണത്തിൽ' എന്ന ചെളി, 'ഉടനീളം' എന്ന ചെളി. ഭാഷയുടെ ഭവനംമുഴുവൻ മലിനമായി.

***

ഒരു ക്ഷതഫലിതം.

ഒരധ്യാപകനെ വേറൊരുസ്ഥലത്തേക്കു് വിദ്യാഭ്യാസഡിപ്പാർട്ട്മെന്റു് മാറ്റി. അയാൾ പോയപ്പോൾ ചെരിപ്പെടുക്കാൻ മറന്നുപോയി. അധ്യാപകൻ ഭാര്യക്കു് എഴുത്തുകൊടുത്തയച്ചു:— "ഈ എഴുത്തുകൊണ്ടുവരുന്ന ആളിന്റെ കൈയിൽ നിങ്ങളുടെ ചെരിപ്പു് കൊടുത്തയയ്ക്കണം. 'നിങ്ങളുടെ ചെരിപ്പു്' എന്നു ഞാനെഴുതിയതിനു കാരണമുണ്ടു്. 'എന്റെ ചെരിപ്പു്' എന്നാണു് ഞാനെഴുതിയതെങ്കിൽ നിങ്ങൾ 'എന്റെ ചെരിപ്പു്' എന്നു വായിക്കുകയും നിങ്ങളുടെ ചെരിപ്പു് കൊടുത്തയയ്ക്കുകയും ചെയ്യും. അങ്ങനെയാണെങ്കിൽ നിങ്ങളുടെ ചെരിപ്പുകൊണ്ടു് എനിക്കെന്തു പ്രയോജനം? അതിനാൽ ഞാൻ വ്യക്തമായി 'നിങ്ങളുടെ ചെരിപ്പു്' എന്നെഴുതുന്നു. അപ്പോൾ നിങ്ങൾ "നിങ്ങളുടെ ചെരിപ്പു് എന്നവായിച്ചു് എന്റെ ചെരിപ്പു് കൊടുത്തയയ്ക്കുമല്ലോ" എന്താണ്ടു് ഇമ്മട്ടിലാണ് ഇപ്പോഴുള്ളവർ എഴുതുന്നതു്.

കന്നിമാസമേ വരൂ

ഒരു വസ്തുവിലോ ശരീരത്തിന്റെ ഏ

എം. കൃഷ്ണൻനായർ

തെങ്കിലും ഭാഗത്തിലോ ലൈംഗികശക്തിയെ കേന്ദ്രീകരിക്കുകയും ലൈംഗികമായ സംതൃപ്തിക്കുവേണ്ടി ആ വസ്തുവിനെയോ ആ ശരീരഭാഗത്തെയോ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനെ ഫെറ്റിഷിസം എന്നു വിളിക്കുന്നു. ഫെറ്റിഷിസത്തിനു് അയവോ മോചനമോ കിട്ടുന്നതു സ്വയംഭോഗത്തിൽനിന്നാണ്. പെണ്ണിന്റെ പാവാട, ബ്ലൗസിയർ ഇവ ചിലർക്കു ലൈംഗികോദ്ദീപനത്തിനുള്ള വസ്തുക്കളാണ്. സ്തനം നിതംബം ഇവ ലൈംഗികോദ്ദീപനത്തിനുള്ള അവയവങ്ങളും. ഫെറ്റിഷിസത്തിനുള്ള കാരണങ്ങൾ സംശയാതീതമായി കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ബിഹേവിയർ ചികിത്സകൊണ്ടു ഫെറ്റിഷിസം മാറാറുണ്ട്. ലൈംഗികവികാരം ഉളവാക്കുന്ന വസ്തുവോ അവയവമോ കാണുന്ന ആളിനു് ഇലക്ട്രിക് ഷോക്കു് കൊടുക്കും. അങ്ങനെ പലതവണ ഷോക്കേറ്റുമ്പോൾ ആ വസ്തുവിനോടു്, അവയവത്തോടു്

അയാൾക്ക വെറുപ്പുതോന്നും.

നമ്മുടെ വാരികകളിലെ കഥയെഴുത്തുകാരുടെ രോഗം വാക്കുകളെസ്സംബന്ധിച്ച ഫെറ്റിഷിസമാണ്. മാതൃഭൂമി ആഴ്ചപ്പതിപ്പിലെ "പക്ഷി" എന്ന കഥയിൽ നിന്ന് ചില പ്രയോഗങ്ങൾ:- സ്വപ്നം വിറങ്ങലിച്ചവീണ; ഭ്രാന്തൻചിന്തകൾ; വിഷാദത്തിന്റെ പക്ഷികൾ; ഒറ്റകം മ്പിയുള്ള വീണ—ഇങ്ങനെ പലതും. ഈ ഫെറ്റിഷിസം ഇക്കഥയെഴുതിയ ശ്രീ സുരേഷ് നെല്ലിക്കോടിനുമാത്രമല്ല ഉള്ളതു്. കലാഭാസങ്ങളായ കുറെ പഞ്ചാരവാക്കുകൾ നിരത്തിവയ്ക്കുന്നതാണ് കഥയെന്നുധരിച്ചിട്ടുള്ള വേറെപലർക്കുമുണ്ട്. ഈ കഥയിൽ ഇത്തരം കുറെ വാക്കുകളും ശീതൾമൽ ഹോത്ര തുടങ്ങിയ കുറെ മറുനാടൻ പേരുകളും മാത്രമേയുള്ള. ജീവിതസത്യം എന്നതു സങ്കീർണ്ണമാണ്. ആ സങ്കീർണ്ണതയെ ചിത്രീകരിക്കണമെങ്കിൽ പ്രതിഭവേണം. പ്രതിഭാദരിദ്രന്മാർക്ക മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ട് പദങ്ങളുടെ പിറകേനടന്ന് അവയെ മണപ്പിച്ചുനോക്കുന്നു.

ലയമാർന്ന കഥ

ഉന്മാദത്തോളമെത്തുന്ന ദുഃഖങ്ങയാൽ ജീവിതം നരകമാക്കിയ ഒരു സ്ത്രീയുടെ തിരോധാനത്തെ ചിത്രീകരിക്കുന്ന "സേതുലക്ഷ്മി പോകാനുണ്ടായ കാരണങ്ങൾ" എന്ന ചെറുകഥ (ശ്രീ. വിജയൻ, ആഠറിങ്ങൽ—മാതൃഭൂമി ആഴ്ചപ്പതിപ്പു്) കവിതയുടെ സ്വഭാവം ആവഹിക്കുന്നു. പരമമായ ഫലത്തിലേക്ക് കഥയിലെ എല്ലാ അംശങ്ങളും ചെന്നുചേരുന്നു. കവിതയ്ക്കു ലയമുള്ളതുപോലെ ഈ കഥയ്ക്കും ലയമുണ്ട്. ലയം തിരയാണെന്നു വിചാരിക്ക. കൊച്ചുകൊച്ചു തിരകൾ ഒരുമിച്ചുകൂടി വലിയ തരംഗം ഉണ്ടാകുന്നതുപോലെ ഇക്കഥയിലെ മന്ദഗതിയാർന്ന ലയം ക്രമാനുഗതമായി വൈപുല്യമാർജ്ജിക്കുന്നു. ഒടുവിൽ മഹാതരംഗമായി ചിന്തയുടെതീരത്തു വന്നുവീണിട്ട് തിരിച്ചൊഴുകിപ്പോകുന്നു. അതുനോക്കി കടൽക്കരയിൽനിൽക്കുന്ന ഞാൻ ആഹ്ലാദിക്കുന്നു.

* * *

എവിടെയും പൂക്കൾ വിരിയുന്നുണ്ട്. അവയിലൊക്കെ തേനുമുണ്ട്. റഷ്യയിൽ വിരിഞ്ഞ പൂക്കളാണ് ദസ്തയെവ്സ്കിയും പാസ്റ്റർനക്കും. യൂഗോസ്ലാവ്യയിൽ വിരിഞ്ഞ പൂവാണ് ഈവോ ആൻഡ്രിച്ച്. ലാറ്റിനമേരിക്കയിൽ വിടർന്ന പൂവ് ഗാർസിആമാർകേസ്. ഇവയിലെ തേൻകുടിച്ചു എന്നതുകൊണ്ടുമാത്രം സഹൃദയൻ അടങ്ങിയിരിക്കില്ല. അയാൾ പൂക്കളന്വേഷിച്ചു് പറന്നുകൊണ്ടിരിക്കും.

എം. പി. നാരായണപിള്ള

"പരിണാമത്തിന്റെ പടിപ്പുരയിൽ" എന്ന ചെറുകഥയിൽ (കലാകൗമുദി) ശ്രീ. എം.പി. നാരായണപിള്ള ചിത്രീകരിക്കുന്ന ലോകം പേടിസ്വപ്നത്തിന്റേതാണ്. പൂച്ചകളെ കൊല്ലുന്ന ഒരു കരിമ്പടം—എലിയുടെ ആകൃതിയിലുള്ള ഒരു വലിയ ജന്തു—അതിനെ കൈയിലാക്കാൻ ശ്രമിച്ചവനെത്തന്നെ പിടികൂടുന്നു. സന്ദർഭത്തിൽ അധിഷ്ഠിതമല്ലാത്ത ഏതു ക്രൂരമായ ഭരണസംവിധാനത്തിനും ചേരുന്ന സിംബലാണ് കഥാകാരൻ സ്വീകരിച്ചിട്ടുള്ളതു്. ഭരണക്രമത്തിന്റെ ആക്രമണോത്സുകതയും അതിന്റെ ക്രൂരമായ വിജയവും ഇവിടെ വ്യക്തമത്രേ. അതിനെ എതിരിടുന്ന നിഷ്കളങ്കതയുടെ ശക്തിരാഹിത്യവും സ്പഷ്ടം. എങ്കിലും കഥാകാരന്റെ സിംബൽ ഒരു പ്രൈവറ്റ് സിംബലാണ്. വായനക്കാരന്റെ മാനസികയാഥാർത്ഥ്യങ്ങളിൽ — സൈക്കോളോജിക്കൽ റിയാലിറ്റി — യോജിക്കാത്ത പ്രതിരൂപം പ്രയോഗിക്കുമ്പോൾ ആശയനിവേദനവും വികാരസംക്രമണവും വേണ്ടപോലെ നടക്കില്ല. എങ്കിലും ഗകരുന്ന ലോകത്തിന്റെ നിസ്സഹായത ഇക്കഥയിൽനിന്നു ധ്വനിക്കുന്നുണ്ട്.

* * *

നല്ല കവികളുടെ കാവ്യത്തിൽനിന്ന് ഒരു വാക്കുപോലും എടുത്തുമാറ്റാനാവില്ല. മാറ്റിയാൽ കവിത തകരും.

മറ്റൊന്നിതിൻനേർക്കു നമസ്കരിക്കുസാഷ്ടാംഗമായ് നീ മലയാളഭാഷേ

എന്ന വരികളിൽനിന്നു് ഒരു പദം മാറ്റി വേറൊരു പദം വയ്ക്കു. കവിത നശിക്കും. After many a summer dies the swan എന്ന ടെനിസൺന്റെ വരി. swan എന്നതിനു പകരം duck എന്നുവച്ചാൽ അതു വിലക്ഷണമാകുമെന്നു് ആൽഡസ് ഹക്സിലി പറയുന്നു.

സഹിക്കാൻ വയ്യ

എന്റെ സ്നേഹിതൻ ശ്രീ. ശ്യാമളാലയം കൃഷ്ണൻനായർ ഇന്നലെ എന്നോടു ചോദിച്ചു;—"സി. വി. രാമൻപിള്ളയെക്കുറിച്ചു് എത്രയോ മീറ്ററിങ്ങുകൾ ഉണ്ടായിരുന്നു. ഒന്നിലും നിങ്ങളെ കണ്ടില്ലല്ലോ? എന്തു കാരണം?" ഞാൻ മറുപടി പറഞ്ഞു:—"എന്നെ അതിനൊന്നും ആരും ക്ഷണിക്കാറില്ല. പ്രസംഗിക്കാനല്ല. അതിനു വിളിച്ചാൽ ഞാൻ പോകുകയില്ല. വെറും ശ്രോതാവായി ചെന്നിരിക്കാനും എന്നെ ക്ഷണിക്കാറില്ല."

ശ്യാമളാലയം:—"എത്രയെത്ര അഭിപ്രായങ്ങൾ സി. വി യെക്കുറിച്ചു്. വിശ്വസാഹിത്യത്തോളം മലയാള നോവൽ സാഹിത്യത്തെ എത്തിച്ച ആളാണ് സി. വി—യെന്നു പ്രശസ്തനായ ഒരു സാഹിത്യകാരൻ. സി. വി—യുടെ വർണ്ണനകളിലും മറ്റും പ്രകടനാത്മകതയേയുള്ള ആത്മാവില്ല എന്നു നിങ്ങൾ. എന്തൊരു ചിന്താക്കുഴപ്പമാണ് ഞങ്ങളെപ്പോലുള്ളവർക്കു്. വായനക്കാരേയും പ്രസംഗം കേൾക്കുന്നവരെയും നിങ്ങളെപ്പോലുള്ളവർ എയ് ലി ഏ നേറു് (alienate—ay—lee—a—nate) ചെയ്യുകയല്ലേ?"

ശരിയാണ് സുഹൃത്തു പറഞ്ഞതു്. നാടാകെ നടക്കുന്ന കൊലപാതകങ്ങളെക്കുറിച്ചു് പത്രത്തിൽ വായിക്കുമ്പോൾ എനിക്കു് എയ് ലി ഏനേഷൻ—അന്യവത്കരണം. മൂന്നുകൊല്ലമായി കുണ്ടും കുഴിയുമായി കിടക്കുന്ന മരുതംകുഴി. കൊച്ചാർ റോഡിൽക്കൂടെ കാലിടറി നടക്കുമ്പോൾ എനിക്കു അന്യവത്കരണം. ടാക്സിക്കാരൻ പത്തുരൂപ വാങ്ങാനുള്ളപ്പോൾ ഇരുപതു രൂപ എന്നെകൈയിൽനിന്നു വാങ്ങിയാൽ അന്യവത്കരണം. ശ്രീ. സി. പി. ശ്രീധരന്റെ പുത്രൻ—കോളേജിലെ ഹിസ്റ്ററി ലക്ചറർ—എന്നെ അന്വേഷിച്ചു് കാറിൽ വന്നപ്പോൾ മൂന്നു കിലോമീറ്റർ കഷ്ടിച്ചു സഞ്ചരിച്ചു. അതിനു് അദ്ദേഹത്തിന്റെ കൈയിൽനിന്നു് ഡ്രൈവർ മുപ്പതു രൂപ പിടിച്ചുവാങ്ങി. എനിക്കും അദ്ദേഹത്തിനും അന്യവത്കരണബോധം. രണ്ടുമാസം കൂട്ടുമ്പോൾ ടെലിഫോണിനു ഭീമമായ തുക കൊടുക്കണം. ഇതു് ഇങ്ങനെ കൂട്ടിയ പഴയ കേന്ദ്രമന്ത്രിയെക്കുറിച്ചാലോചിക്കുമ്പോൾ എനിക്കു "എയ് ലി ഏനേഷൻ" കൂടുതൽ ഇലക്ട്രിസിറ്റി ഇല്ലാതാവുന്നു. ഫാനിനെസംബന്ധിച്ചു് അന്യവത്കരണം. കൂടുതൽ ടെലിഫോൺ കേടാവുന്നു. കേട്ടു നിക്കിക്കിട്ടാൻ രണ്ടു മണിക്കൂറല്ല രണ്ടു ദിവസം കുറഞ്ഞതു വേണം. അപ്പോൾ മേശപ്പുറത്തിരിക്കുന്ന തവളയെപ്പോലുള്ള ആ കറുത്ത ഉപകരണത്തെസ്സംബന്ധിച്ചു് എനിക്കു് അന്യവത്കരണബോധം. കുങ്കുമം വാരികതുറന്നു് ശ്രീ. ദേവസ്സി ചിറമ്മൽ എഴുതിയ "ഊഞ്ഞാൽ" എന്ന വൃത്തികെട്ട കഥ വായിക്കുന്നു. കാമുകിയെ മറ്റൊരുത്തൻ കെട്ടിക്കൊണ്ടുപോയതിലുള്ള ദുഃഖത്തോടുകൂടി ഏകാന്തതയുടെ വിഷാദത്തോടുകൂടി ഒരുത്തൻ ഉദ്യാനത്തിൽചെന്നിരിക്കുന്നുപോലും. ആയിരക്കണക്കിനാളുകൾ ചവച്ചുതുപ്പിയ ഈ കരിമ്പിൻചണ്ടി കാണുമ്പോൾ അന്യവത്കരണബോധത്താൽ ആത്മഹത്യചെയ്താലെന്തു് എന്നുവരെ തോന്നിപ്പോകുന്നു. രാഷ്ട്രീയപ്രവർത്തകരുടെ കറപ്ഷൻ സഹിക്കാം. ഒന്നും ചെയ്യാതെ, "സർക്കാർ അതു

ചെയ്യും ഇതു ചെയ്യും" എന്നു മന്ത്രിമാർ ദിവസവും പറയുന്നതു സഹിക്കാം. അശ്ലീല രചന സഹിക്കാം. ദേവസ്ഥാ ചിറമ്മലും ക്ലൂട്ടകാരും എഴുതുന്ന ഇത്തരം കഥകൾ സഹിക്കാനാവുന്നില്ല.

* * *

ഫ്രഞ്ച് ബയോളജിസ്റ്റ് ഷാക്ക് മോണോ നോബൽസമ്മാനം നേടി. പ്രപഞ്ചത്തിലുള്ളതെല്ലാം യാദൃച്ഛികതയുടെ ഫലമാണെന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിനു് തയ്യൽക്കാരൻ ശരിപ്പെടുത്തിക്കൊടുക്കുന്ന കോട്ടും ട്രൗസേഴ്സും ഭംഗിയായി ശരീരത്തിൽ പറ്റിക്കിടക്കുന്നതു് യാദൃച്ഛികതയാണോ? കാലത്തു് റൊട്ടിയും ഓംലെറ്റും ഒരുമിച്ചു് മുള്ളിൽ കുത്തിയെടുത്തു വായുടെ നേരേ കൊണ്ടുചെല്ലുമ്പോൾ വാതാനേ തുറക്കുന്നതു യാദൃച്ഛികതയാണോ? നോബൽ സമ്മാനത്തിന്റെ തൂക വീട്ടിലെ സേഫിൽ കൊണ്ടുവയ്ക്കുന്നതു യാദൃച്ഛികതയാണോ?

'അന്യൻ' എന്ന നോവലിലെ പ്രധാന കഥാപാത്രത്തെക്കൊണ്ടു് കമ്യൂ "ഒന്നിലും കാര്യമില്ല" "Nothing matters" എന്നു പറയിച്ചു. കാലത്തു ഉറക്കമെഴുനേറ്റു് ദിനകൃത്യങ്ങൾ അനുഷ്ഠിച്ചതിനുശേഷം ബ്രേക്ക്ഫസ്റ്റ് കഴിക്കുന്നതു് കാര്യമല്ലേ? 'അന്യൻ'. 'പ്ലേഗ്' തുടങ്ങിയ നോവലുകളെഴുതി കീർത്തിയാർജ്ജിക്കുന്നതു കാര്യമല്ലേ? തന്റെ കലാസൃഷ്ടികൾക്കു ഭംഗിയുണ്ടാവണമെന്നു് കരുതിയതിൽ കാര്യമില്ലേ? സാർത്രിനു ചുട്ട മറുപടി നൽകിയതിൽ കാര്യമില്ലേ? Nothing matters പോലും. പുസ്തകത്തിൽ എന്തുമെഴുതാം. നിത്യജീവിതത്തിൽ ഒരു പ്രസക്തിയുമില്ല ഇത്തരം സ്യൂഡോ ഫിലോസഫിക്കു്.

മനസ്സിലാകുന്നില്ല

അംഗീകരിക്കപ്പെട്ട സിംബലുകൾക്കു പോലും സന്ദിഗ്ദ്ധതയുണ്ടു്. ജലം സിംബലായി സ്വീകരിച്ച ഏതെങ്കിലും കാവ്യസന്ദർഭം നോക്കുക. വിശുദ്ധിയെ അതു സൂചിപ്പിക്കാം. അതേസമയം അതു നാശത്തിന്റെ പ്രതിരൂപവുമാകാം. അഗ്നിയെസ്സംബന്ധിച്ചും അതുതന്നെയാണു് പറയാനുള്ളതു്. താൽമൂദിൽ (ജൂതനിയമങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങൾ) ഒരുത്തൻ ഒല്ലീവ് എണ്ണ ഒല്ലീവ് മരത്തിലൊഴിക്കുന്നതായി പ്രസ്താവമുണ്ടു്. അതു് അഗമ്യഗമനത്തെ പ്രതിരൂപാത്മകമായി ആവിഷ്കരിക്കുകയാണെന്നു് ഏതോ മനശാസ്ത്രജ്ഞൻ ചൂണ്ടിക്കാണിച്ചതു് ഞാനിപ്പോൾ ഓർമ്മിക്കുന്നു. ഒല്ലീവ്മരം ശാന്തതയുടെ പ്രതിരൂപമാണ്രോമൻ മിത്തോളജിയിൽ. അതുകൊണ്ടു് ശാന്തതയെ ആരാധിക്കലായി തെല സേചനത്തെ കരുതിക്കൂടേ എന്നു് എനിക്കു സംശയം. സിംബലുകൾക്കു് അതിരുകടന്ന അർത്ഥപരിമിതത്വം വരുത്തുന്നതിന്റെ ഫലമായിട്ടാണു് ഈ കുഴപ്പം സംഭവിക്കുന്നതു്. പ്രസിദ്ധങ്ങളായ സിംബലുകളുടെ കഥയിതാണെങ്കിൽ പ്രസിദ്ധങ്ങളല്ലാത്ത സിംബലുകളെക്കുറിച്ചു് എന്തു പറയാനിരിക്കുന്നു?

മലയാളനാട്ടിൽ ശ്രീ. പി. സുരേന്ദ്രൻ എഴുതിയ "പുലിവേട്ടയുടെ പൊരുൾ" എന്ന കഥയിൽ പ്രതിരൂപങ്ങളേയുള്ളു. പുലി ചെന്നകയറിയ മാളത്തിൽ ഒരുത്തൻ തലയിട്ടുന്നു. പുലി തല കടിച്ചെടുക്കുന്നു. ശിരസ്സില്ലാത്ത ശരീരം വീട്ടിൽ കൂട്ടുകാർ കൊണ്ടുചെല്ലുമ്പോൾ ശിരസ്സിൽ വയ്ക്കുന്ന 'കവച'ങ്ങളാണു് എങ്ങും അവർ കാണുക. തലപോയവന്റെ ഭാര്യ മുറി അടച്ചിട്ടു് കോണിപ്പടിയിറങ്ങുമ്പോൾ കഥ അവസാനിക്കുന്നു. സിംബലിസം എന്തു് അനുഷ്ഠിക്കണമോ അതനുഷ്ഠിക്കുന്നില്ല എന്നതാണു് ഇവിടത്തെ ന്യൂനത.

* * *

വിവാഹം കഴിഞ്ഞാലുടൻ പെണ്ണുവീട്ടുകാരുണ്ടാക്കിക്കൊടുത്തതും മറ്റുള്ളവർ സമ്മാനമായി കൊടുത്തതുമായ എല്ലാ സ്വർണ്ണാഭരണങ്ങളും വാരിയണിഞ്ഞു് ആഭരണക്കടയായി വീടുനകൾക്കു നടക്കുന്നതുപോലെയാണു് ഞാൻ എനിക്കു തോന്നുന്നതു മുഴുവൻ ഈ ലേഖനപരമ്പരയിലൂടെ പ്രദർശിപ്പിക്കുന്നതു്. പലപ്പോഴും വിചാരിക്കാറുണ്ടു് ഈ പ്രകടനാത്മകത നിർത്തണമെന്നു്. അപ്പോഴൊക്കെ ശ്രീ ഒ. വി. വിജയന്റെ ഉപദേശം ഓർമ്മയിലെത്തും. "പടിഞ്ഞാറൻ പുസ്തകങ്ങളെക്കുറിച്ചു ധാരാളമെഴുതണം". രണ്ടുമാസം മുൻപു് കഥാകാരനായ ശ്രീ ജയനാരായണൻ ദയാപൂർവം എന്റെ വീട്ടിൽ വന്നിരുന്നു. "'മ' പ്രസിദ്ധീകരണങ്ങളെക്കുറിച്ചു പരാമർശിക്കാതെ ഇംഗ്ലീഷ് മാസ്റ്റർ പീസുകളെക്കുറിച്ചു് എഴുതണം" എന്നു് അദ്ദേഹവും ഉപദേശിച്ചു. അതുകൊണ്ടു് ഓരോ കൈയിലും ഇരുപത്തഞ്ചു സ്വർണ്ണവള. കഴുത്തിൽ പത്തു മാല. കാതിൽ കമ്മലും കുണുക്കും. പിന്നെ ചെവിയുടെമുകളിൽനിന്നു് തലമുടിയിലേക്കു കയറുന്ന ഒരു ചെയിനും. പേരറിഞ്ഞുകൂടാ അതിന്റെ. 'മാട്ടി' എന്നാണോ? ഒരടിവീതിയിൽ ഡെഡ്യാണം. സപ്തർണ്ണക്കൊലുസ്സ്. കാഞ്ചീപുരം സാരി. അതിനുയോജിച്ച ബ്ലൗസ്. ഇതുമാകുമ്പോൾ ഏതു സുന്ദരിയും വൈരൂപ്യമുള്ളവളാകും. അവൾ ഇട്ടു രസിക്കട്ടെ. കുറച്ചുദിവസം കഴിയുമ്പോൾ ഭർത്താവു് എല്ലാം ബാങ്കിലാക്കിക്കൊള്ളും. പക്ഷേ 'സാഹിത്യവാരഫല'ത്തിന്റെ പ്രകടനാത്മകത തീരില്ല. അതിന്റെ രചയിതാവു് എന്നും പുസ്തകക്കടയിൽ കയറിയിറങ്ങുന്നവനാണു്. പുസ്തകം വാങ്ങുകയും വായിക്കുകയും ചെയ്യുന്നവനാണു്.

സാഹസികൃം

പണ്ടു ഭാരതത്തിൽ കുറക്കാരെ ആനയെക്കൊണ്ടു ചവിട്ടിച്ചുകൊന്നിരുന്നു. ചൈനയിലോ ആ രാജ്യത്തിനു് വടക്കോ നൃശംസതയുടെ മറ്റൊരു രൂപമാർന്ന 'വധപരിപാടി' ഉണ്ടായിരുന്നു. അടുത്തടുത്തുനില്ക്കുന്ന രണ്ടു വൃക്ഷങ്ങളിൽ ആളുകൾ കയറിയിരുന്ന അവ താഴത്തേക്കു വളച്ചുകൊണ്ടുവരും. കുറക്കാരന്റെ ഓരോ കാലും ഓരോ മരത്തിൽ കെട്ടും. എന്നിട്ടു് മരങ്ങളിലിരിക്കുന്നവർ ഒത്തമിനുവേ ഉയരും. കുറക്കാരന്റെ ശരീരം നടുക്കേ രണ്ടായികീറും. "ന്യൂറം ബർഗിലെ ഇരുമ്പുകന്യക" — The Iron Maiden of Nuremberg — പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ടു് ഇരുമ്പുകൂടാണു് ഈ കന്യക. അതിന്റെ കതകുകളിൽ കൂർത്ത ആണികളുണ്ടു്. കൂട്ടിന്റെ കതകുകൾ ചേർത്തടയ്ക്കുമ്പോൾ അകത്തുനില്ക്കുന്ന കുറക്കാരന്റെ ശരീരത്തിൽ ആണികൾ കുത്തിക്കയറും. കൊലപാതകത്തിന്റെ വൈവിധ്യമാണ് ഈ രീതികളെല്ലാം ശ്രീമതി അടൂർ സുസന്റെ "പരീക്ഷണശിശു" എന്ന കഥാരചനാ സാഹസികൃത്തോടു താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരങ്ങളത്രേ. സന്തതൃൽപാദനത്തിനു കഴിയാത്ത ഭർത്താവിനെ ഉപേക്ഷിച്ചു് ഭാര്യ മറ്റൊരുത്തനിൽനിന്നു ഗർഭം ധരിക്കുന്നു. ഭർത്താവു് മദ്യപനാകുന്നു. ഒടുവിൽ കടലിൽച്ചാടി മരിക്കുന്നു. സഹൃദയന്റെ മൂല്യബോധം അല്ലെങ്കിൽ സൗന്ദര്യബോധം എന്ന ദ്രൗപദിയെ വസ്ത്രാക്ഷേപംചെയ്യുന്ന ഇക്കഥ സാഹിത്യത്തിലെ ദുശ്ശാസനന്മാർക്കു് ഇഷ്ടപ്പെട്ടേക്കാം. സുചരിതന്മാർക്കു് അറപ്പും വെറുപ്പും ഉണ്ടാക്കും.

* * *

1963—ൽ ആത്മഹത്യചെയ്ത അമേരിക്കൻ കവിയും നോവലിസ്റ്റുമായ സിൽവിയ പ്ലാത്തിന്റെ The Bell Jar പ്രധാനപ്പെട്ട നോവലാണു്. കഥാനായികയായ എസ്തേർ, പ്ലാത്തിനെപ്പോലെ സാഹിത്യത്തിനു സമ്മാനം നേടുന്നു. ന്യൂയോർക്കിൽചെന്നു് അവൾ കന്യകാത്വം നശിപ്പിക്കുന്നു. സാഹിത്യരചനയിൽ മുഴുകുന്നു. I could see day after day after day glaring ahead of me like a white, broad, infinitely desolate avenue എന്നു പറഞ്ഞുകൊണ്ടു് അവൾ ഉറക്കഗുളിക കഴിക്കുന്നു. ഒരു വുമൺ ഡോക്ടർ അവളെ രക്ഷിക്കുന്നു. 'സ്കിറ്റ്സോഫ്രീനിയ' എന്ന മാനസികരോഗത്തിന്റെ 'ബൽജാറിൽ' കടന്നിരുന്നുകൊണ്ടു് അവൾ അമ്മയെ വെറുക്കുന്നു. അമ്മയെമാത്രം വെറുത്ത മകളായിരുന്നില്ല സിൽവിയ പ്ലാത്തു്. ഭർത്താവിനെ—റൈഡ്ഹ്യൂസ് എന്ന കവിയെ—രക്തരക്ഷസ്സായി ദർശിച്ച ഭാര്യയുമായിരുന്നു അവർ.

And drank my blood for a year,
Seven years, if you want to know

എന്നാണു് പ്ലാത്തു് അദ്ദേഹത്തെക്കുറിച്ചു പറഞ്ഞതു്.

—*—

കുഞ്ഞാലിമരക്കാരുടെ നാടിനെയും കോവളത്തെയും

അഹമ്മദ് പാതിരിപ്പറ

രണ്ടാർ കൂടംബത്തിന്റേയും കടത്തനാടിന്റെയും പ്രതാപ ഐശ്വര്യങ്ങളുടെ സ്മരണകൾ മുടിപ്പുതച്ച വടകര പട്ടണത്തിൽനിന്നും ഒരു വിളിപ്പാടകലെ—അഴിത്തല—ഒരു സുന്ദരിയെപ്പോലെ അഴക് ചൂടിനിൽക്കുന്നു. വടക്കൻപാട്ടിന്റെ പുകൾപ്പെറ്റ പഴയ കടത്തനാട്ട്... അതാണല്ലോ പുതിയ വടകര...വടക്കൻപാട്ടിന്റെ ഈ ജന്മഭൂമിയിൽ കോവളത്തെ വെല്ലുന്നൊരു കൊച്ചുകോവളം — അഴിത്തല.

പഴയ പ്രതാപത്തിന്റെ അസ്ഥികൂടങ്ങൾ മിഴിച്ചുനിൽക്കുന്ന താഴെ അങ്ങാടിയിലെ വിദേശരാഷ്ട്രത്തിന്റെ നാമത്താൽ കീർത്തിപ്പെട്ട ഖബറിസ്ഥാനിനടുത്തുള്ള ഓട്ടോറിക്ഷ അഴിത്തലയെ ലക്ഷ്യംവെച്ചു പാഞ്ഞു. ഒരു പതിറ്റാണ്ടുകൾക്കുമുമ്പത്തെ ഓർമ്മകൾക്ക് ജീവൻ പകരുന്നതിനിടയ്ക്ക് കൂടെയുണ്ടായിരുന്ന ആലി മാസ്റ്ററുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടിരുന്നു. മത്സ്യത്തൊഴിലാളിക്കുടിലുകളെ പിന്നിട്ടുകൊണ്ട് ചരിത്രം ചവിട്ടിമെതിച്ച മണൽപ്പരപ്പിലൂടെ കടൽത്തീരത്തിന്റെ ഭംഗി ദർശിക്കാനായി ഞങ്ങളിറങ്ങി. കടൽത്തീരങ്ങൾ നനച്ചു കഴുകുന്ന തിരമാലകളെ പരിഹസിക്കാനെന്നോണം ദ്വാരങ്ങൾ സൃഷ്ടിക്കുന്ന ഞെണ്ടുകൾ. കടലാക്രമണത്തെ പ്രതിരോധിക്കാനെത്തിയ കരിങ്കല്ലുകൾ സൃഷ്ടിച്ച ഭിത്തികൾക്ക മുകളിൽ കയറി പ്രകൃതിയെ അടുത്തിൽ പ്പിയെടുക്കുന്ന തിരക്കിനിടയിൽ...കുട്ടികൾ ചുറുപാടും ഓടിക്കൂടി. അവരിൽ വിവേകവും സംസ്കാരവുമുള്ള അല്പം മുതിർന്നൊരു വിദ്യാർത്ഥിയും ..ആ വിദ്യാർത്ഥി ഞങ്ങളോടൊപ്പം ആ കടൽത്തീരത്തിന്റെ ശാന്തതയിലും മനോഹാരിതയിലും ആസ്വാദ്യത നുകർന്നു. കണ്ണെത്താത്ത ദൂരംവരെ വിജനമായ കടൽ മൂന്നു ഭാഗത്തും തിരമാലകൾ

സംവത്സരങ്ങളിലൂടെ ചരിത്രത്തിന്റെ പേജുകൾ നിവർത്തുന്ന അഴിത്തല. നീലക്കടവുകൾ ചിതറിവീണതുപോലെ അവിടവിടെയായി അഴിമുഖങ്ങൾ ആ പ്രദേശത്തിന്റെ പേരിനെ അനർത്ഥമാക്കുന്നു. കുനിരകൾപോലെ വളഞ്ഞുപുളഞ്ഞൊഴുകുന്ന കോട്ടക്കൽപ്പുഴ അറബിക്കടലുമായി സംഗമിക്കാനെത്തുമ്പോൾ താലപ്പൊലിയേന്തി സ്വീകരിക്കാനൊരുങ്ങിനിൽക്കുന്ന അഴിമുഖങ്ങൾ. അറബിക്കടലിന്റെ അഗാധതകൾക്കപ്പുറം മേഘങ്ങൾ ചുംബനങ്ങളർപ്പിക്കുന്നു. മറുഭാഗത്തു നദീമുഖങ്ങളെ ശോഭനമാക്കുന്ന നാളികേരത്തോപ്പുകൾ. കടലിനും, പുഴയ്ക്കും, അഴിമുഖങ്ങൾക്കും ഇടയിൽ മുറിഞ്ഞുമുറിഞ്ഞു രുണ്ടംതുണ്ടമായിക്കിടക്കുന്ന കടൽത്തീരങ്ങൾ. പ്രകൃതിയുടെ സർവ്വസൗന്ദര്യാനുഗ്രഹങ്ങളും ഒത്തുചേർന്നുനിൽക്കുന്നു.

ബ്രിട്ടീഷുകാർ അഴിത്തലയിൽ സ്ഥാപിച്ച ബംഗ്ളാവു..

കടൽത്തീരത്തിന്റെ മാറിൽ തലചായ്ക്കുന്ന ബംഗ്ളാവ്. ചുറ്റിലും പൂന്തോട്ടങ്ങൾ. നിയോൺ ബൾബുകളുടെ പ്രകാശരശ്മികളേറ്റു തിളങ്ങുന്ന ബംഗ്ളാവും പൂച്ചെടികളും, നാളികേരത്തോപ്പും വടവൃക്ഷങ്ങളും ആ കടൽത്തീരത്തിന്റെ ശാന്തതയ്ക്ക് അനുഗ്രഹമായിത്തീരുന്നു. നിറഞ്ഞുനിൽക്കുന്ന കാറ്റാടിമരങ്ങൾ അറബിക്കടലലമാലകളുടെ തഴുകിത്തലോടലേറ്റുയരുന്ന കുളിർകാറ്റിൽ ഉലയുന്നു. ചരിത്രത്തിന്റെ പാട്ടുകൾ വീണ്ടും വീണ്ടും പാടിയ ഈർപ്പമുള്ള മണലിലൂടെ മണിമാളികളോളം ചുറ്റിക്കറങ്ങി.

കോട്ടക്കലും അഴിത്തലയും

അഴിത്തലയിൽനിന്നും ഒരു തോണിയിൽ ഏതാനും സമയമിരുന്നാൽ നേരെ ചെന്നുകയറുന്നത് കോട്ടക്കലാണ്. അഴിത്തലയുടെ മറുകരയിൽ. കടൽത്തീരത്തുനിന്നും നോക്കിയാൽ ഒരു നാളികേരത്തോപ്പാണെന്നു തോന്നിക്കുന്ന ആ പ്രദേശം ചരിത്രത്തിൽ സ്ഥാനം നേടിയെടുത്ത ഗ്രാമമാണ്—ഇന്ത്യൻ നാവികചരിത്രത്തിൽ അതുല്യമായ അദ്ധ്യായം വിരചിച്ച നാവികപ്പടയാളി കുഞ്ഞാലിമരക്കാരുടെ ജന്മനാട്ട്. അദ്ദേഹത്തിന്റെ ജന്മഗേഹവും ഒരു ഭാർഗ്ഗവീനിലയംപോലെ ദ്രവിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യൻ പുരാവസ്തുവകുപ്പ് ഏറ്റെടുത്തിട്ടതന്നെ അധികകാലമായില്ലെന്ന് തോന്നുന്നു. അദ്ദേഹത്തിന്റെ വീടിനോടനുബന്ധിച്ചുതന്നെ ചിരപുരാതനമായ കുഞ്ഞാലിമരക്കാരുടെ പള്ളിയും, മറ്റു ചരിത്രാവശിഷ്ടങ്ങളുമുണ്ട്. ആ ചരിത്രപുരുഷന്റെ (കുഞ്ഞാലിനാലാമൻ) പാദസ്പർശത്താൽ പുളഞ്ഞ കോട്ടക്കൽ—കുഞ്ഞാലിമരക്കാ

രുടെ നാടാണെന്നു വിശ്വസിക്കാൻപോലും പ്രയാസംതോന്നും. നമ്മുടെ സക്കാരധികൃതർ ഏറെക്കാലം ചരിത്രത്തിന്റെ ചവറുകൊട്ടയിലേക്ക് തള്ളിയ കോട്ടക്കലിന്റെ രോദനമിന്നും അടങ്ങിയിട്ടില്ല.

അഴിത്തലയ്ക്കും കോട്ടക്കലിനും ചന്തമണിയിച്ചുകൊണ്ടാണ് കോട്ടക്കൽപ്പുഴയൊഴുകുന്നതും അറബിക്കടലുമായി ബന്ധിക്കുന്നതും. കോട്ടക്കൽപ്പുഴ—രക്തപങ്കിലമായ ഒരു ചരിത്രമാണയവിറക്കുന്നത്. ഗതകാല സംഭവങ്ങളുടെ ദുഃഖഗീതങ്ങൾ ആലപിക്കുന്ന ഓളങ്ങൾ സൂര്യരശ്മികളേറ്റ് തിളക്കുന്നത് കാണുമ്പോൾ മനസ്സ് തുടിക്കുന്നു.

നെഹ്റുവും കോട്ടക്കൽപ്പുഴയും

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽനെഹ്റു കുഞ്ഞാലിമരയ്ക്കാരുടെ ചരിത്രങ്ങളിൽ പുളകംകൊണ്ടിരുന്നു. നമ്മുടെ നാവികക്കപ്പലിനുപോലും ഇന്ത്യൻ നാവികചരിത്രത്തിലെ വെള്ളിനക്ഷത്രമായ കുഞ്ഞാലിമരയ്ക്കാരുടെ നാമകരണംചെയ്യാൻ നെഹ്റു മറന്നിരുന്നില്ല. "ഐ. എൻ. എസ്. കുഞ്ഞാലി" ഇന്നും പ്രസിദ്ധമാണ്. തന്റെ ഭരണകാലത്തു കോട്ടക്കലിനെക്കുറിച്ചുനേഷിച്ചു റിപ്പോർട്ടുസമർപ്പിക്കാൻ തന്റെ സെക്രട്ടറിയേറ്റിലെ ഒരുയന്ത്ര ഉദ്യോഗസ്ഥനെ കോട്ടക്കലേക്കയച്ചിരുന്നു. 1958-ൽ ആ ഉദ്യോഗസ്ഥൻ കോട്ടക്കലിൽവന്നു റിപ്പോർട്ടുകൾ ശേഖരിച്ചു നെഹ്റുവിനു സമർപ്പിച്ചു. "ഒരു നാവികത്താവളം" സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായൊരു സ്ഥലമാണ് കോട്ടപ്പുഴയെന്നാണ ദ്ദേഹം തന്റെ റിപ്പോർട്ടിൽ കോട്ടപ്പുഴയെക്കുറിച്ചു രേഖപ്പെടുത്തിയിരുന്നത്. മോഹങ്ങൾ പൂവണിയുന്നതിനുമുമ്പെ നെഹ്റു ദിവംഗതനായി. പക്ഷെ നെഹ്റുവിന്റെ പിൻഗാമികളിൽ നിന്നും കുഞ്ഞാലിമരയ്ക്കാരുടെ പവിത്രമായ പാദസ്പർശങ്ങളിൽ പുളകമണിഞ്ഞ കോട്ടക്കലിന്റെ പ്രാധാന്യം അംഗീകരിക്കാൻ തുനിഞ്ഞില്ല.

സാക്രിഫൈസ് റോക്ക് (വെള്ളുപ്പാംകല്ല്)

വെള്ളുപ്പാംകല്ലും (സാക്രിഫൈസ് റോക്ക്) തിരൂർക്കാടിലൈറ്റ്ഹൗസും പ്രസിദ്ധമാണ്. കപ്പലുകളുടെ ഗതിവിഗതികളെ നിയന്ത്രിച്ചിരുന്നൊരു സിഗ്നലായിരുന്ന ചിരപുരാതനമായ ആ ലൈറ്റ് ഹൌസ്. ലൈറ്റ് ഹൌസിൽനിന്നും പ്രസരിക്കുന്ന പ്രകാശരശ്മികൾ കണ്ണെത്താത്ത ദൂരത്തോളം വെളിച്ചംകൊണ്ടു കളംവരയ്ക്കുന്ന രംഗം രോമാഞ്ചം പകരുന്നതാണ്. അഴിത്തലയിൽനിന്നും വളരെയടുത്താണീ ലൈറ്റ് ഹൗസ്. വെള്ളുപ്പാംകല്ലിലേക്ക് നാലുകിലോമീറ്റർ ദൂരമേയുള്ളു. ഇന്നും സന്ദർശകരെ ഹഠാദാകർഷിച്ചുകൊണ്ടിരിക്കയാണ് വെള്ളുപ്പാംകല്ല്.

വെള്ളുപ്പാംകല്ലും ചരിത്രാധ്യായങ്ങളിൽ തങ്കലിപികൾകൊണ്ടു വിരചിതമായൊരേടുതന്നെയാണ്. ആറു നൂറ്റാണ്ടുകളിലൂടെ നിരവധി നിരവധി വർഷങ്ങളിലൂടെ ചരിത്രസംഭവങ്ങൾക്ക് മൂകസാക്ഷിത്വം വഹിച്ച കല്ല് ഇന്നും മാറ്റുരയ്ക്കാതെ നിലകൊള്ളുന്നു.

16-ാം നൂറ്റാണ്ടിൽ കുഞ്ഞാലിമരയ്ക്കാർ പോർച്ചുഗീസു നാവികപ്പടയോടു യുദ്ധം ചെയ്തു അവരെ തുരത്തിയോടിച്ചത് ആ വെള്ളത്ത കല്ലിന്റെ മറവിൽ നിന്നുകൊണ്ടായിരുന്നു. നൂറുകണക്കിനു പോർച്ചുഗീസു നാവികപ്പടയാളികളാണവിടെ മരിച്ചുവീണത്.

ഇരുങ്ങൽപ്പാറയ്ക്ക് അഭിമുഖമായിട്ടാണ് വെള്ളുപ്പാംകല്ലിന്റെ കടലിലെ കിടപ്പു്. മത്സ്യംതേടിയും, കപ്പലുകൾ തേടിയും വളരെ ദൂരസ്ഥലങ്ങളിൽനിന്നുപോലും വെള്ളാങ്കല്ലിലെത്താറുണ്ട്. വല നിറയെ മത്സ്യങ്ങളും, അർഗ്ഗസ്സിനുള്ള ദിവ്യൗഷധവുമാണവരെ ആകർഷിക്കുന്നത്.

സേനർ ബേങ്കും ബംഗ്ളാവും

സ്വാതന്ത്ര്യത്തിനുമുമ്പ് തെക്കേ ഇന്ത്യയിലെ ഇംഗ്ലീഷുകാർ സുഖവാസത്തിനായി തിരഞ്ഞെടുത്തത് "സേനർ ബേങ്ക്" എന്ന പേരിലറിയപ്പെട്ടിരുന്ന അഴിത്തല കടൽത്തീരമാണ്. അവർത്തന്നെയാണ് "സേനർ ബേങ്ക്" എന്നു നാമകരണംചെയ്തതും. ബ്രിട്ടീഷുകാരനായ ഒരു എസ്റ്റേറ്റുടമാണ് തന്റെ സന്ദർശനവേളയിൽ അഴിത്തല കാണാനിടയായത്. ഇംഗ്ളണ്ടിലെ കടൽത്തീരത്തെപ്പോലും വെല്ലുന്ന സൗന്ദര്യം മുറ്റിനിൽക്കുന്ന അഴിത്തല കടൽത്തീരം അദ്ദേഹത്തെ ഹഠാദാകർഷിച്ചു. ആ എസ്റ്റേറ്റുടമയാണ് അന്നു പൊന്നുംവിലയ്ക്ക് സ്ഥലം വാങ്ങി മനോഹരമായൊരു ബംഗ്ളാവു പണികയിലാണദ്ദേഹം ബംഗ്ളാവു പണിതുയർത്തിയത്. പഴയ ബ്രിട്ടീഷുമാതൃകയിലാണദ്ദേഹം ബംഗ്ളാവു പണിതുയർത്തിയത്. അന്നു അഴിമുഖങ്ങളുടെ ആക്രമണത്തിൽനിന്നും രക്ഷനേടാൻ കടലിൽ പതിച്ചേയ്ക്കുമായിരുന്ന കാരണം അവിടെ മന്ദിരം പണിതഇംഗ്ളീഷുകാരനെ വിഡ്ഢിയായി പരിഹസിച്ചിരുന്ന നാട്ടുകാർ ഒടുവിലദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയെപ്രശംസിക്കുകയാണുണ്ടായത്. അഴിമുഖങ്ങൾ ആബംഗ്ളാവിനു വഴിമാറിക്കൊടുക്കുകയാണുചെയ്തത്. സ്വാതന്ത്ര്യത്തിനുശേഷം ഇംഗ്ലീഷുകാരിൽനിന്നും അന്നത്തെ കോഴിക്കോട്ടുകാരനായ ഒരു ഹോട്ടലുടമ വിലയ്ക്കുവാങ്ങിയ ബംഗ്ളാവാണ് ഇന്ന് മാവൂർ ഗ്വാളിയോർ റയോൺസ് വകയാണ്.

ഇടയ്ക്കുണ്ടായ വളരുന്ന വൃക്ഷലതാതികൾ നടുവിൽ ആ സുഖവാസമന്ദിരമിന്നു പഴയ പ്രൗഢിയുടെ നിഴലായിരിക്കുന്നു. ആധുനിക സൗകര്യങ്ങളൊന്നും നിഷേധിക്കപ്പെട്ടിരിക്കുന്നു. ചുറ്റിലും കണ്ണെത്തുന്നിടത്തോളം വലയംചെയ്യപ്പെട്ട മന്ദിരത്തിന്റെ കോമ്പൗണ്ടിൽ കടക്കാനൊരു മനോഹരമായ ഗേറ്റുണ്ട്. ഗേറ്റു കടന്നാൽ വീതികുറഞ്ഞ ടാർ വീഥികൾ വളഞ്ഞു പുളഞ്ഞു പൂന്തോട്ടത്തിനകത്തേക്കു നീളുന്നു. പുഷ്പങ്ങളുടെ ഒരു പറുദീസപോലെ പൂന്തോട്ടമാണ് ബംഗ്ളാവിനകത്ത് ശാന്തതയൊരുക്കുന്നതു്. പെർക്കുലേറ്റിംഗ് കളുടെ പ്രകാശരശ്മികൾ രാത്രിയിൽ പൂന്തോട്ടത്തെ ധവളമയമാക്കുന്നു. കൂട്ടികൾക്കുള്ള ക്രീഡാവേദികളും അതിനകത്തുണ്ട്.

മനോഹരമായൊരു ബോട്ടുഹൗസും വിനോദബോട്ടുകളുമുണ്ട്. ഇംഗ്ലീഷുകാർ അവരുടെ നേതൃത്വത്തിലായിരുന്ന പ്പോൾ നിത്യേക്കുകയാണുചെയ്തിരുന്നതാണ് ആ ബോട്ട് ഹൌസ്. എല്ലാമുകളും ഇന്ന് എയർകണ്ടീഷൻ ചെയ്തിരിക്കുന്നു. കടലും പുഴയും അഴിയും സന്ധിച്ചുണ്ടാകുന്ന ജലാശയങ്ങൾ ബോട്ടുസെയിസിനു നടത്താനുപയുക്തമാണ്.

ശ്രീ. പട്ടംതാണുപിള്ള കേരളമുഖ്യമന്ത്രിയായിരുന്ന കാലത്തു് അഴിത്തല

(ശേഷം 28 —ൽ)

അഴിത്തല കടൽത്തീരം.

രണ്ടു.

ശില്പകലയെക്കാളേറെ മനസ്സിന്റെ സാന്നിദ്ധ്യം ആവശ്യപ്പെടുന്ന പെയിന്റിംഗ് എന്നതിനാൽ ഒരു നല്ല ശില്പി ഒരു നല്ല ചിത്രകാരനാവുന്നില്ല എന്നു സ്ഥാപിയ്ക്കാൻ ശ്രമിച്ച ലിയനാഡോവിനു് എതിരെ മുകമായൊരു സിംഹനാദം പോലെ മൈക്കൽ ഏൻജലോ നിർവഹിച്ച സിസ്റ്റീൻ പള്ളിയുടെ മുകൾത്തട്ടിലെ [illegible] പെയിന്റിംഗ് പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാവുന്നു. വർഗ്ഗസംഘട്ടനത്തിന്റേതായ ഒരു തലം മൈക്കൽ എൻജലോവിന്റെ സൃഷ്ടികളിൽ എത്രയോ ലുബ്ധമാണു്. പോപ്പ് ജൂലിയസ്സിന്റെ നിർദ്ദേശമനുസരിച്ചു മറിടമ്പു്, ഉല്പത്തിഗാഥയുടെ പുരാതനതേജസ്സൊഴികെ മറെറാന്നും സിസ്റ്റീൻ പള്ളിയുടെ മുകൾ ഒരിയ്ക്കൽ സ്ഫോടകകാന്തി ചിതറിയിരുന്ന അഗ്നിശൈലത്തിന്റെ തണുത്തുറഞ്ഞ മുഖം, ആ പുരാതന നിശ്ശബ്ദത ഇവയെല്ലാംമൈക്കൽഏൻജലോവിന്റെ തെരഞ്ഞെടുപ്പിനെ സുഗമമാക്കിയിരിയ്ക്കണം. ഒരു ഉഷസ്സിന്റെ പ്രഫുല്ലദർശനത്തിലൂടെയാണു്, മൈക്കൽഏൻജലോവിനു് താൻ ആലേഖനംചെയ്യേണ്ടതെന്തെന്നു് അന്തിമമായി ബോധ്യപ്പെട്ടതു്. 1509, പുതുവർഷദിനം. തന്റെ സഹായികളിൽനിന്നെല്ലാം അകന്നു് മൈക്കൽഏൻജലോ, പുലരിയുടെ അരണ്ടവെളിച്ചത്തിൽ ഒരു ശൃംഗത്തിലേയ്ക്കു് പുറപ്പെട്ടുകയാണു്. ടസ്കനിയുടെ ശിശിരാകാശത്തിൽ മങ്ങിയ നക്ഷത്രങ്ങളുണ്ടു്. ആട്ടിൻപറമ്പുകളുടെ താരയിലൂടെ മേലോട്ടു് കയറിപ്പോവുമ്പോൾ പല്ലുകോച്ചുന്ന തണുപ്പാണു്. പതുക്കെപ്പതുക്കെ സൂര്യഗോളം പ്രത്യക്ഷപ്പെട്ടതോടെ സമതലങ്ങളിൽ ഉഷച്ചോപ്പു് വീണു. അകലെ റോം പ്രഭാതത്തിന്റെ സാൽവയണി ഞൊകാണാം. ഒരു ഭാഗത്തു് ടൈറേനിയൻകടൽ ശിശിരാകാശത്തിന്റെ നീലിമയ്ക്കു് കീഴെ സാന്ദ്രമായ പച്ചയായി ചലിയ്ക്കുന്നു. ഭൂതലമാകെ പ്രഭാപൂരത്തിൽ അഭിഷിക്തമാണു്. കാട്ടുകളിലെ ശാന്തി, സമതലങ്ങളിലെ ഉർവരത, നിദ്രാലീനമായ ധാന്യവയലുകൾ, ഇഴുകികളിൽ പട്ടുത്തുയത്തിയ തല്പങ്ങൾ, റോം എന്ന മഹാനഗരത്തിലേയ്ക്കു് നയിയ്ക്കുന്ന ചുരങ്ങൾ, കടലലകൾ — സ്ഥലത്തിന്റെ അപാരതയെക്കുറിച്ചു് ആദ്യമായി [illegible]കല്പനചെയ്ത ദൈവമെന്തെയാണു് മൈക്കൽ ഏൻജലോ ഓർത്തുപോവുന്നതു്. ശില്പിയും വാസ്തുവിദ്യാകാരനും ചിത്രകാരനുമായ ദൈവം. ജെനേസിസിന്റെ ആദ്യവരികൾ മൈക്കൽഏൻജലോ ഉരുവിടുന്നു:

...കാലത്തിന്റെ ആരംഭത്തിൽ ദൈവം സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ചു ഭൂമി രൊഴിഞ്ഞ തരിശായിരുന്നു; ഇരുട്ടു് അവിടെങ്ങും വ്യാപിച്ചിരുന്നു. അപ്പോൾ ദൈവം പറഞ്ഞു: വെളിച്ചമുണ്ടാവട്ടെ. ഒരു തട്ടകം ജലത്തിൽനിന്നുയരട്ടെ. താഴെയും മേലേയും ഉള്ള ജലവ്യാപ്തിയെ വേർതിരിയ്ക്കുന്നതാകണം ഈ തട്ടകമെന്നു ദൈവം ആകാശമെന്നു വിളിച്ചു.

ദൈവം വീണ്ടും പറഞ്ഞു: തട്ടകത്തിനു കീഴെയുള്ള ജലമാകെ ഒരിടത്തു് കേന്ദ്രീകരിയ്ക്കട്ടെ, വരണ്ടപ്രദേശം പ്രത്യക്ഷപ്പെടുമായി. ഇതിനെ ദൈവം കരയെന്നു വിളിച്ചു. ജലം കേന്ദ്രീകരിച്ച ഭാഗം കടലായി. വളരുകയും വിത്തു് പൊടിയുകയുംചെയ്യുന്ന നാമുകൾ കരയിലുണ്ടാവട്ടെ, ജലത്തിൽ ചലിയ്ക്കുന്ന വസ്തുക്കളുണ്ടാവട്ടെ, ആകാശത്തിൽ ചിറകുള്ളവയും ..

ഇർവിങ്ങ് സ്റ്റോണിന്റെ കൃതിയിൽനിന്നുള്ള ഈ ദീർഘമായ ഉദ്ധരണം മൈക്കൽ ഏൻജലോവിന്റെ സൃഷ്ടിപ്രേരണ ഏതു പ്രഭവസ്ഥാനത്തുനിന്നാണെന്നു് ഗ്രഹിയ്ക്കാൻ സഹായകമാണു്. ജ്യോതിർമ്മയമായ പ്രപഞ്ചത്തിന്റെ പുനഃസൃഷ്ടി സിസ്റ്റീൻപള്ളിയിൽ നിറവേറുകവഴി മൈക്കൽഏൻജലോ ഉല്പത്തിപുസ്തകത്തിനു് പുതിയൊരു ഭാഷ്യം നൽകുകയായിരുന്നു. ഈ പുണ്യചരിതാഖ്യാനത്തിലൂടെയാണു് നഗ്നതയെക്കുറിച്ചും ലൈംഗികതയെക്കുറിച്ചുമുള്ള ശുദ്ധമൂലമായ വിചാരങ്ങൾ നിഷ്കാസനംചെയ്യപ്പെട്ടതു്. ആദമിന്റെ പൗരുഷവും ഹവ്വയുടെ സ്ത്രീത്വവും ക്ഷോഭിപ്പിയ്ക്കുന്ന സത്യസന്ധതയോടെ മൈക്കൽഏൻജലോ വരച്ചിട്ടപ്പോൾ 'സദാചാര'ത്തിന്റെ ജീർണ്ണശിബിരങ്ങളിൽ ചിലതെങ്കിലും നിലംപൊത്തിയിരിയ്ക്കണം. ഇതു് പക്ഷേ ആനുഷംഗികമാണെന്നതാണു് ശ്രദ്ധിയ്ക്കേണ്ടതു്. പിൽക്കാലത്തു് സൃഷ്ടിയിൽനിന്നും ഉറവെടുക്കുന്ന ചൈതന്യധാരയെന്നു് വാഴ്ത്തപ്പെട്ടതു് ഈ സവിശേഷതയാണു്. തികച്ചും ബോധപൂർവമല്ലാത്ത ഒരു വിഗ്രഹഭഞ്ജനത്തിലൂടെ മൈക്കൽഏൻജലോ ഉല്പത്തിപുസ്തകത്തിനു് പുതിയൊരു ഭാഷ്യം നൽകുകയായിരുന്നു.

നവീനകാലത്തെ മൈക്കൽഏൻജലോ

ആഷാമേനോൻ

N B S NEWS

പുതിയ നോവലുകൾ

സഗ്ധി വില 20-00
—കാവാലം വശ്വനാഥക്കുറുപ്പ്
പുറംലോകത്തിനു വിസ്മയം ജനിപ്പിക്കുന്ന ആശ്രമാന്തരീക്ഷത്തിലൂടെ ഇതൾവിരിയുന്ന ദുഃഖപൂർണ്ണിയായ ജാനകിയുടെ കഥയാണു് സഗ്ധി.

അലയാഴി വില 11-00
—കിളിമാന്നൂർ എൻ.വിശ്വംഭരൻ.
സ്നോജനകമായ നാടകിയ മുഹൂർത്തത്തോടെ കുടുംബബന്ധങ്ങളുടെ മഹനീയത വാഴ്ത്തുന്ന മനോജ്ഞമായ നോവൽ.

തിരിച്ചുവന്നവർ വില 6-50
—ജോയി ജെ. കൈമാപ്പറമ്പൻ
ഹൃദയത്തിന്റെ ലോലതന്ത്രികളിൽ പ്പോലും മായികമായ നാഗത്തോറങ്ങളുണർത്തുന്ന നോവൽ.

സംക്രമണം വില 12-00
—പുളിക്കുന്ന ആൻറണി
ഭാവതീവ്രത വിതുമ്പിനിൽക്കുന്ന നിമിഷങ്ങളിലൂടെ അതിവിദഗ്ദ്ധമായ ഒരു സസ്പെൻസ് അനുവാചകരുടെ ഹൃദയത്തിലുണർത്താൻ കഴിയുന്ന രചനാരീതി.

വെളിച്ചത്തിലേയ്ക്കു്
—ലീലാരാമചന്ദ്രൻ വില 3-00
നവസാക്ഷരതയ്ക്കുള്ള കേന്ദ്രഗവൺമെന്റിന്റെ അവാർഡുനേടിയ കൃതി.

പള്ളികൊണ്ടപുരം വില 10-50
നീലപദ്മനാഭൻ
വിവ. മഹേശ്വരിദേവി.
ആധുനിക തമിഴ് നോവലിന്റെ ബാഹുല്യമുഖമായ വളർച്ചയിൽ പുതിയൊരുമാനം നേടിക്കൊടുക്കുന്ന നോവൽ.

തിരുവനന്തപുരം കൊല്ലം. ആലപ്പുഴ തൃശ്ശൂർ. എറണാകുളം. പാലക്കാട് കോഴിക്കോട്, കണ്ണൂർ, കൽപ്പറ്റ ഷോറൂം—കോട്ടയം.

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം – 686 001.
474/82-83

നമാണ് അവിടെ സംഭവിച്ചത്. ഏതു വിഗ്രഹഭഞ്ജനവും ഫലധന്യമാവുക അപ്പോൾമാത്രമാണ്. പുതുതായി ഒരു അനുഭൂതിതലം നിവർത്തിയിടുന്നതിലൂടെ സാധ്യമാവുന്ന പഴമയുടെ നിർവസനമാണ്"

ഉദ്ദേശിച്ചത്. തെറ്റുകൾ അവിടെ പുതിയ ശരികളാൽ തിരുത്തപ്പെടുന്നു. നവോത്ഥാന കാലഘട്ടം തൊട്ടിങ്ങോട്ട് പുതിയ ഓരോ പ്രതുക്രമവും രൂപംകൊണ്ടത് പുതിയ പ്രതിഭകളുടെ സർഗ്ഗചേതനയിലായിരുന്നു. കാലത്തിനല്ല വളർച്ച കാലത്തിലൂടെയുള്ള മനുഷ്യനാണ്. ഷേക്സ്പീരിയൻ ദുരന്തനാടകങ്ങളായാലും ദസ്തയേവ്സ്കിയുടെ നോവലുകളായാലും ഇത് തർക്കങ്ങൾക്കതീതമായ യാഥാർത്ഥ്യമാണ്. ആവിഷ്കാരം ജൈവസ്വഭാവമാകുന്നത് അപ്പോൾമാത്രമാണ്. പരിണാമകഥയിലെ ഓരോ നവീനശ്രുപവും പുതിയൊരു കാലഘട്ടത്തിന്റെ, പുതിയൊരു വാഴ്വിന്റെ വെളുത്ത പുകയായിരുന്നു.

ചരിത്രം അതിന്റെ വേഗം ഒരു പ്രതിഭയിൽ കണ്ടെത്തുന്നു എന്നതിലും സ്വീകാര്യം പ്രതിഭ തന്റെ വേഗം ചരിത്രത്തിനു പ്രദാനംചെയ്യുന്നു എന്നതല്ലേ? മനുഷ്യൻ ചരിത്രത്തിലേയ്ക്ക് കാലെടുത്തുവെയ്ക്കുന്ന നിമിഷംതൊട്ട് അതിനു അർത്ഥം നൽകുകയാണെന്ന സാർത്രിന്റെ ആശയം ഓർക്കുക. സാമൂഹികമോ ചരിത്രപരമോ ആയ ആവശ്യങ്ങളുടെ വരമൂർത്തിയാണ് ജീനിയസ്സ് എന്നു ഹെഗൽ പറയുന്നത് ചില പ്രത്യേക സന്ദർഭങ്ങളിലേയുക്തമാവുന്നുള്ളൂ. സമഷ്ടിചേതനയ്ക്ക് ഉയിരേറുന്ന മൂലകണങ്ങൾ സ്വന്തം വൈയക്തികലക്ഷ്യങ്ങളിൽ അന്തർവഹിയ്ക്കുന്നവരെയാണ് ഹെഗൽ മഹനീയരെന്ന് വിളിച്ചത്. അത്ഭുതമെന്നു പറയുക, ഹെഗലിന്റെ ഈ വരികൾ പിന്തുടർന്നാൽ നാം നേർത്തെ പ്രതിപാദിച്ചവിധം ഒരു ജൈവപ്രക്രിയയിൽതന്നെ എത്തിച്ചേരുന്ന ഒരു ഘട്ടമുണ്ട്. നിലവിലുള്ള വ്യവസ്ഥിതിയുടെ ഒരുക്കം ചിട്ടയുറാത്ത തലങ്ങളിൽനിന്നുമാത്രം താന്താങ്ങളുടെ ലക്ഷ്യമോ വൃത്തിയോ സ്വരൂപിച്ചെടുക്കുന്നവരല്ല പ്രതിഭാശാലികൾ; വ്യക്തിപരമായ ഒരു ഉൾമയിലേയ്ക്ക് ഇനിയും വളരേണ്ട, ഒരു രഹസ്യമായ ഉറവയിൽനിന്നുകൂടി അവർ ചൈത്യപ്രചോദിക്കുന്നു. തോടിനകത്തുനിന്നും വ്യത്യസ്തമായൊരു സൃഷ്ടിയെയ്തോട്ടുകൂടി ബാഹ്യലോകത്തേയ്ക്ക് തുണ്ടു പിളുത്തി വരാൻ യത്നിയ്ക്കുന്ന ഒരു ഉറവ. അങ്ങനെ പ്രതിഭാശാലികൾ തങ്ങളിൽനിന്നുതന്നെ എന്തോ സൃഷ്ടിയ്ക്കുന്നതുപോലെ തെളിയുന്നു. സംഘർഷങ്ങൾ പാരസ്പര്യങ്ങൾ എല്ലാം അവരുടെതന്നെ സൃഷ്ടിയായി പരിണമിയ്ക്കുന്നു. ധന്യമായേതോ വിസ്മൃതിയിൽ അല്ലെങ്കിൽ "ജാഗരമൂർദ്ധന്യങ്ങളിൽ" പൂർത്തിയാക്കപ്പെട്ട കലാശില്പങ്ങളുടെ ക്രിയാരഹസ്യം മറ്റൊന്നല്ല. സ്വന്തം ദർശനങ്ങൾ രൂപപ്പെട്ടുവരുന്നതിനിടയ്ക്ക് മാർക്സ് പറഞ്ഞ ഈ വാക്കുകൾ ഇവിടെ വിസ്മരിയ്ക്കുന്നില്ല. തത്വചിന്തകർ മണ്ണിൽനിന്ന് കൂണുപോലെ* മുളച്ചുപൊന്തുകയല്ല, അവർ ആ കാലഘട്ടത്തിന്റേയും ജനതയുടേയും ഉൽപന്നങ്ങളാണ്. അവരുടെ സൂക്ഷ്മവും അമൂല്യവും അദൃശ്യവും ആയ ഓജസ്സ് താത്വികാശയങ്ങളിലൂടെ പരിക്രമണം ചെയ്യുന്നെന്നേയുള്ളൂ. ഒരു തത്വചിന്തകൻ സംഹിതകൾ പടുത്തുയർക്കുന്നതും ഒരു തൊഴിലാളി പാളങ്ങൾ തീർക്കുന്നതും ഒരേ ചേതനമൂലമാണ്. മനുഷ്യന്റെ തലച്ചോറ് അവന്റെ വയറിലല്ലെന്നതുകൊണ്ടുമാത്രം അവനു പുറത്താണെന്ന് പറഞ്ഞുകൂടാത്തതുപോലെ തത്വചിന്ത ലോകബാഹ്യമാവുന്നില്ല". ഉല്പന്നം, അതിനു പ്രേരകമായ—ഇത് എല്ലായ്പ്പോഴും യഥാർത്ഥമാവുന്നില്ലെന്നത് വേറെ കാര്യം. ലൗകികസാഹചര്യങ്ങളിൽനിന്ന് ഏതുവിധം ഗുണപരമായി മികവാർന്നു നിൽക്കുന്നെന്ന വസ്തുതയിലല്ല മാർക്സ് ഊന്നുന്നതു്. കലയുടേയോ മീമാംസയുടേയോ വിജൃംഭണം ഒരിയ്ക്കലെങ്കിലും അന്തഃകരണത്തിൽ അനുഭവപ്പെട്ടിട്ടുള്ളവർക്ക് ഈ വരികൾ ഒരു വിശാലതയെ നിഷേധിയ്ക്കുന്നവെന്നു തോന്നുകയാണെങ്കിൽ, അത് സ്വാഭാവികമാണ്, തീർത്തും ഇന്ദ്രിയബദ്ധമായ അറിവുകളെ ആസ്പദിച്ചു നിലകൊള്ളുമ്പോഴും ഒരുൽകൃഷ്ട കലോൽപന്നം, ഒരു മീമാംസ ഇന്ദ്രിയാതീതമായ ഒന്നിനെ ആവാഹിയ്ക്കുന്നുണ്ട്. ഉദാത്തമായ സപ്നത്തിന്റെ ഘടകം എന്നു് നിർവ്വചിയ്ക്കപ്പെട്ടതു് ഇതുതന്നെയാണു്. ഏറ്റവും മൂർത്തമായ ശില്പകലയിൽപ്പോലും ഇതൊരു തേജോഗോളമായിത്തീരുന്നുണ്ടെന്നു് നാം ധരിച്ചതാണു്. മാർബിൾ ഒരൊഴുക്കുന്ന പുഴയാണെന്നതു് മൈക്കൽ ഏൻജലോവിന്റെ കവിതയായിമാത്രം മനസ്സിലാക്കരുതു്. ഒരു മഹൽശില്പം ഉറങ്ങിക്കിടക്കുന്ന വെണ്ണക്കല്ലു്, ഒരു മഹൽഗ്രന്ഥം ഉറങ്ങിക്കിടക്കുന്ന അനുഭവസത്ത ഇവയുടെ ചലനാത്മകസ്വഭാവം വ്യഞ്ജിപ്പിയ്ക്കുകയായിരുന്നു അദ്ദേഹം. മനുഷ്യന്റെ സർഗ്ഗോത്സുക പുതിയ നിരപ്പുകളിലേയ്ക്കു് വ്യഗ്രമാവുന്നതു് അതിലൂടെയാണു്. ഉർജ്ജത്തിന്റെ ഒരു പ്രധാന ഉപാധിയും ചലനമാണെന്നോർമ്മിയ്ക്കുക. സമൂഹതലത്തിന്റെ ചേരുവകളുമായി തത്വചിന്തയ്ക്കു് ഉണ്ടാവേണ്ട ഐക്യത്തെക്കുറിച്ചു് മാർക്സ് പ്രതിപാദിയ്ക്കുന്നുണ്ടു്. തൊഴിലിന്റെ സാമൂഹിക വിഭജനംമൂലമാണു് ചിലർ പാളങ്ങൾ തീർക്കാനും ചിലർ തത്വസംഹിതകൾ സൃഷ്ടിക്കാനും ചിലർ പ്രകൃതിനിയമങ്ങൾ കണ്ടെത്താനും ഇടവരുന്നതു്. സാമൂഹികവും ചരിത്രപരവും ആയ പ്രക്രിയയുടെ വൈരുദ്ധ്യാത്മകലയത്തെ ഇതു് ഗ്രസിയ്ക്കാൻ അനുവദിയ്ക്കരുതു്. ഈ പ്രക്രിയ പൂർണ്ണമായി പ്രകാശിതമാവുന്നതു് തത്വചിന്തയിലാണെന്നതിനാൽ മാർക്സ് അതിനെ അതതു് കാലഘട്ടത്തിന്റെ ആത്മീയസത്ത് (Spriitual quintessence of its time) എന്നു് വിശേഷിപ്പിയ്ക്കുന്ന സ്പിനോസതൊട്ടു് സാർത്രുവരെയുള്ള തത്വചിന്തകരും ഡാന്റെ തൊട്ടു് മാർക്വസ് വരെയുള്ള കലാകാരന്മാരും ഈ നിർവചനമാണു്. തീർത്തും ഇന്ദ്രിയബദ്ധമായ അറിവുകളെ ആസ്പദിച്ചു നിലകൊള്ളുമ്പോഴും ഒരുൽകൃഷ്ട കലോൽപന്നം, ഒരു മീമാംസ ഇന്ദ്രിയാതീതമായ ഒന്നിനെ ആവാഹിയ്ക്കുന്നുണ്ടു്. ഉദാത്തമായ സപ്നത്തിന്റെ ഘടകം എന്നു് നിർവ്വചിയ്ക്കപ്പെട്ടതു് ഇതുതന്നെയാണു്. ഏറ്റവും മൂർത്തമായ ശില്പകലയിൽപ്പോലും ഇതൊരു തേജോഗോളമായിത്തീരുന്നുണ്ടെന്നു് നാം ധരിച്ചതാണു്. മാർബിൾ ഒരൊഴുക്കുന്ന പുഴയാണെന്നതു് മൈക്കൽ ഏൻജലോവിന്റെ കവിതയായിമാത്രം മനസ്സിലാക്കരുതു്. ഒരു മഹൽശില്പം ഉറങ്ങിക്കിടക്കുന്ന വെണ്ണക്കല്ലു്, ഒരു മഹൽഗ്രന്ഥം ഉറങ്ങിക്കിടക്കുന്ന അനുഭവസത്ത ഇവയുടെ ചലനാത്മകസ്വഭാവം വ്യഞ്ജിപ്പിയ്ക്കുകയായിരുന്നു അദ്ദേഹം. മനുഷ്യന്റെ സർഗ്ഗോത്സുക പുതിയ നിരപ്പുകളിലേയ്ക്കു് വ്യഗ്രമാവുന്നതു് അതിലൂടെയാണു്. ഉർജ്ജത്തിന്റെ ഒരു പ്രധാന ഉപാധിയും ചലനമാണെന്നോർമ്മിയ്ക്കുക. സമൂഹതലത്തിന്റെ ചേരുവകളുമായി തത്വചിന്തയ്ക്കു് ഉണ്ടാവേണ്ട ഐക്യത്തെക്കുറിച്ചു് മാർക്സ് പ്രതിപാദിയ്ക്കുന്നുണ്ടു്. തൊഴിലിന്റെ സാമൂഹിക വിഭജനംമൂലമാണു് ചിലർ പാളങ്ങൾ തീർക്കാനും ചിലർ തത്വസംഹിതകൾ സൃഷ്ടിക്കാനും ചിലർ പ്രകൃതിനിയമങ്ങൾ കണ്ടെത്താനും ഇടവരുന്നതു്. സാമൂഹികവും ചരിത്രപരവും ആയ പ്രക്രിയയുടെ വൈരുദ്ധ്യാത്മകലയത്തെ ഇതു് ഗ്രസിയ്ക്കാൻ അനുവദിയ്ക്കരുതു്. ഈ പ്രക്രിയ പൂർണ്ണമായി പ്രകാശിതമാവുന്നതു് തത്വചിന്തയിലാണെന്നതിനാൽ മാർക്സ് അതിനെ അതതു് കാലഘട്ടത്തിന്റെ ആത്മീയസത്ത് (Spriitual quintessence of its time) എന്നു് വിശേഷിപ്പിയ്ക്കുന്ന സ്പിനോസതൊട്ടു് സാർത്രുവരെയുള്ള തത്വചിന്തകരും ഡാന്റെ തൊട്ടു് മാർക്വസ് വരെയുള്ള കലാകാരന്മാരും ഈ നിർവചനമാണു്.

* Marx and Engels, on Religion

മൈക്കൽ ഏൻജലോവിന്റെ
ചാരുതയാർന്നൊരു കലാസൃഷ്ടി.

നവുമായി നിരക്കുമെന്ന് തോന്നുന്നില്ല. അതത് കാലഘട്ടത്തിന്റെ അത്തീയസത്തിനും പുറമെ ഒരു ഫവിസ്സ് അവയിൽ ലയിച്ചുകിടപ്പുണ്ട്. ആ കൃതികളെ ചിരന്തനമാക്കുന്നത് ഈ ഫവിസ്സ് ആണെതാനും. കലാപകാരിയായൊരു ചിന്തകന്റെ പ്രവാസത്തിന് (Exile) വ്യാപ്തമായൊരു മാനം സിദ്ധിച്ചത് സ്തിനോസ്സ "സമ്മാനിപ്പെട്ട" ഭ്രഷ്ടിലൂടെയായിരുന്നു. പിന്നിടിങ്ങോട്ട് ഭ്രഷ്ടെന്നത് ഒരു ഗാഢസംജ്ഞയായിത്തീർന്നു. കലാകാരൻ ഇന്നിൽനിന്ന് നാട്ടകടത്തപ്പെട്ടവനാകുന്നത്, അവൻ നാടോടുമ്പോൾ നട്ടവെ ഓടാൻ കൂട്ടാക്കാത്തതിലാണ്. ചോദ്യംചെയ്യലുകളില്ലാതെ ജീവിതത്തെ പരിഗ്രഹിപ്പിക്കുവാൻ സന്നദ്ധനല്ലാത്തതിനാൽ, അഥവാ താന്താങ്ങളുടെ കാലത്തിന് വളരെ മുൻപിലായി അവർ നടന്നുനീങ്ങുന്നു. അതിനാൽ, ഏതെങ്കിലും നിയതമായൊരു കാലഘട്ടത്തിന്റെ അക്ഷാംശരേഖകളിൽ അവരെ തളക്കിനിറുത്തിക്കൂടാ. ചരാചരങ്ങളുടെ മനസ്സാണ് കാലമെങ്കിൽ, ഓരോ പുതിയ ആശയവും ഒരു പുതിയ കാലത്തിന്റെ ശക്തിവിന്യാസമാണ്. സുനന്തരായ തത്വചിന്തകർ ഒരേസമയം കാലത്തിലും അതിനപ്പുറത്തും ജീവിപ്പുന്നെന്ന് പ്രസ്താവിച്ച കാൾജാസ്പേർസ്. ഇവിടെ നമ്മുടെ ധർമ്മവ്യസനിതയെതെല്ലാന്ന പരിഹരിപ്പുന്നുണ്ട്. തന്റെ കാലഘട്ടത്തെ സമർത്ഥമായി ആവിഷ്കരിപ്പുകയും യാഥാർത്ഥ്യം ഉൾക്കൊള്ളാൻ മികവുറ്റ സംഭാവനയർപ്പിക്കയും ചെയ്യുന്ന എന്നതിലല്ല, ഒരു തത്വചിന്തകന്റെ പ്രതിഭ അദ്ദേഹം തുടരുന്നു. ഒരു ചരിത്രപ്രധാനമായ കാലഘട്ടത്തിലൂടെ കടന്നുപോവുമ്പോൾ, എപ്പോഴും അതീതതത്വത്തിലേയ്ക്ക് കണ്ണുനിൽക്കുന്ന അതിന്റെ സൂക്ഷ്മതന്ത്രിയെ സ്പർശിപ്പുന്നു എന്നതിലാണ്. പ്രതിഭ സത്തയുടെ ഒട്ടാകെയുള്ള കാതലാർന്ന ഒരു പ്രതിഫലനമായിത്തീരുന്നത് അങ്ങനെയാണ്. ഉപരിതലലാസ്യങ്ങളിൽ ആവിഷ്കൃനാവാതെ സർവാശ്ലേഷിയായ ഒന്നിൽ അയാൾ ശ്രദ്ധ കേന്ദ്രീകരിപ്പുന്നു. ലോകത്തിന്റെ വേരുകളിലൂടെ അയാൾ കടന്നുപോവുന്നു. ഈ വേരുകൾ വിശപ്പും പരാധീനതയുമാണെന്ന് നിങ്ങൾ ഉന്നയിപ്പുയാണെങ്കിൽ മറുപടി ഒന്നേയുള്ളു. വിശപ്പ് മാറിയവന്റെ വിശപ്പാണ് കല; പരാധീനത മാറിയവന്റെ പരാധീനതയാണ് കല. ഓരോ നാട്ടകടത്തലിലും ഓരോ പവിഴത്തുരുത്തിന്റെ സാദ്ധ്യതകൾ നിലീനമാണെന്ന് നാം ധരിപ്പുക. ഈ പവിഴത്തുരുത്തിൽവെച്ചാണ് ഒരു ജീനിയസ്സ് തന്റെ പരിതോവസ്ഥയെ— അത് ഭൗതികമോ ആത്മീയമോ ആവട്ടെ—അതിന്റെ സാകല്യത്തിൽ പൊലിപ്പിച്ചെടുക്കുന്നതു്. ഈ പൊലിമ വിശേഷതകളിൽനിന്നാണ് ആരംഭിപ്പുക; സാമാന്യതകളിൽ നിന്നല്ല. പുതിയ ഒരാശയത്തിലൂടെ വിജൃംഭിതമാവുന്ന കാലത്തിന് ഈ വിശേഷതകളുമായി ദൃഢബന്ധമുണ്ട്. ഓരോ പുതിയ കലാസൃഷ്ടിയും തത്വശാസ്ത്രവും പ്രതിഭാസമായിത്തീരുക അപ്പോൾ മാത്രമാണ്. നിയമങ്ങളിൽനിന്ന് കലാസൃഷ്ടികൾ എന്നല്ല, കലാസൃഷ്ടികളിൽനിന്ന് നിയമങ്ങൾ എന്നതിനു് സാർവത്രികസായുത ഉണ്ട്. എത്രമേൽ ചിറകടിച്ചാലും അറമെറാത്ത വിഹായസ്സായി മനുഷ്യസ്വാതന്ത്ര്യത്തെ സങ്കല്പനം ചെയ്ത വഴിയാണ് സാർത്ര് അസ്തിത്വ സിദ്ധാന്തത്തിനു് പുതിയൊരു പ്രഭാതലം നൽകിയത്. സമുദ്ദീപ്തമായൊരു സ്വപ്നത്തിൽനിന്നപോലും ഒരു കാലാതീതമായ സൃഷ്ടി സംഘിതകൾ ഉയിർക്കൊണ്ടെന്നുവരാം. ഇനിയുള്ള കാലം, ഒരുപക്ഷേ ഇത് ഇങ്ങനെ തിരുത്തപ്പെടാം. ഓരോ കാലാതീതശില്പത്തിനു് പിറകിലും ഒരു സ്വപ്നത്തിന്റെ അസ്പൃശ്യമായ ഭൂമികയുണ്ട്.

- o -

ആർ. എം. കുളിയാട്ട്

കൊ

ച്ചുവെളുപ്പിനേ ഹാൻറ് ബാഗുമായി യാത്രതിരിച്ചപ്പോൾ ശകുനംകണ്ടതു് ഒരു മുടന്തൻനായയെയാണു് നായയെ ശകുനംകാണുന്നതു നന്നോ എന്തോ!

ഇന്നലെ കാപ്പികുടിക്കുമ്പോളാണു് ആ നായയെ ആദ്യമായി ഞാൻ കാണുന്നതു്. നാവു നീട്ടി കിതച്ചുകൊണ്ടു് മുന്നിൽ വന്ന ആശാവിനു് ഒരു കഷ്ണം ഇഡ്ഡലി എറിഞ്ഞുകൊടുത്തു. ആർത്തിയോടെ തിന്നുന്നതു് കണ്ട കൗതുകം കൊണ്ടു് ഒരു തുണ്ടംകൂടി ഇട്ടുകൊടുത്തു. അതും തിന്നുകൊണ്ടു് വാലാട്ടി അവൻ എന്നോടു് നന്ദി പറഞ്ഞുപിരിഞ്ഞു.

കുമ്പസാരം

ഇന്നിതാ വെളുപ്പിനേ പുറത്തിറങ്ങിയപ്പോൾ അവൻ കാത്തുനിൽക്കുന്നു. ശകുനത്തിനായി! എന്റെ പിന്നാലെ വാലാട്ടിക്കൊണ്ടു് അവൻ അനുഗമിച്ചു. ബസ്സു വന്നു് ഞാനതിൽ കയറുന്നതുവരെ അവൻ കാത്തുനിന്നു. പിന്നെ, ഞാൻ "ടാറ്റാ" പറഞ്ഞു യാത്രയായി.

ഞാനോർത്തു ഏതു നന്ദിയുള്ള ജീവിയാണു് നായ! ഒരു കവിതയാണു് എനിക്കപ്പോൾ ഓർമ്മവന്നതു്. പണ്ടൊരിക്കൽ ഒരു രാജാവു് മന്ത്രിയോടു്, രാജാവിനെ എത്രമാത്രം സ്നേഹിക്കുന്നുവെന്നു് ചോദിച്ചുവത്രെ! മന്ത്രി ഇങ്ങനെ മറുപടി പറഞ്ഞു.

"മമശുനകനു നമ്മിലുള്ളതാകം
മമത ഭവാനിലുമുണ്ടെനിക്കു രാജൻ"

എത്ര വാസ്തവം! ഒരു ദിവസംമാത്രം പരിക്കുള്ള സ്നേഹമാണു് ആ ശുനകൻ എന്നോടു പ്രകടിപ്പിച്ചതു്. കവിയോടും കവിതയോടും ഉണ്ടായ സ്നേഹാദരം അയവിറക്കിക്കൊണ്ടു് നേരംപോയതറിഞ്ഞില്ല. "ചെട്ടിയങ്ങാടിയിൽ ആരെങ്കിലും എറങ്ങാനുണ്ടോ" എന്ന ബസ്സു് കണ്ടക്ടരുടെ രോദനംകേട്ടാണു് ഞാൻ സ്ഥലകാലമറിഞ്ഞതു്.

ബദ്ധപ്പെട്ടു് ബസ്സിറങ്ങി തീവണ്ടിയാപ്പീസിൽപോയി തിരുവനന്തപുരത്തേക്കുള്ള ടിക്കറ്റുവാങ്ങി ഫൈലൻറു് എക്സ്പ്രസ്സിൽ നഴഞ്ഞുകയറി. ടിക്കറ്റു പരിശോധകനു് ഒരു രൂപ കൊടുത്തു് സീറ്റു കരസ്ഥമാക്കി.

ഞാനാലോചിച്ചു; ബോംബെയിൽനിന്നും നാട്ടിലെത്തിയിട്ടു് ഒരാഴ്ചയേ ആയിട്ടുള്ളു. ഞാൻ വന്ന വിവരം ആരെങ്കിലും നളിനിയോടു് പറഞ്ഞുകാണും. അല്ലെങ്കിൽ നാട്ടിലെ അഡ്രസ്സിൽ ഈ കമ്പി സന്ദേശം വരാൻ വഴിയില്ല.

"Serious. Eager to see you—Nalini

ആശുപത്രിയുടെ പേരും, വാർഡ്നമ്പറും അറിയിച്ചിട്ടുണ്ടു്.

എന്തായാലും നളിനിക്കു് അസുഖം? എന്തായാലും കൂടുതൽ ആലോചിക്കാൻ മെനക്കെട്ടില്ല. അടുത്തദിവസംതന്നെ തിരുവനന്തപുരത്തേക്കു് യാത്രയായി. ഉച്ചതിരിഞ്ഞു് മൂന്നമണിയോടുകൂടി അവിടെയെത്താം. ഉടൻതന്നെ ആശുപത്രിയിൽപോയി കാണാനൊക്കുമോ എന്തോ! സന്ദർശകർക്കു് പ്രത്യേകം സമയമുണ്ടാവുമല്ലൊ.

കേരളീയനാണെങ്കിലും, നാട്ടിലെ ചട്ടവട്ടങ്ങൾ അപരിചിതമാണു്. മുപ്പതോളം കൊല്ലത്തെ ബോംബെ ജീവിതം, തന്നെ നാട്ടിലൊരു സന്ദർശകനെന്ന മട്ടിലാക്കിയിരിക്കുന്നു.

വണ്ടി താളാത്മകമായി പാളങ്ങൾ നീട്ടുന്ന പാതയിൽക്കൂടി ത്വരിതഗമനം തുടരുന്നു. ഉത്തരവാദിത്വമുള്ള ഒരു കടമയാണല്ലോ നിർവ്വഹിക്കുന്നതു്. എന്തെല്ലാം ആവശ്യങ്ങളുമായി പോകുന്ന എത്രയെത്ര മനുഷ്യരെയാണു് യഥാസമയം പ്രാപ്യസ്ഥാനത്തെത്തിക്കേണ്ടതു്!

നളിനി! എന്റെ ആത്മാവിൽ തേൻമഴ പൊഴിയുന്ന അനുഭവമാണ് ആ ഓർമ്മകൾ. ഒന്നിച്ചു കളിച്ചു, പഠിച്ചു, വളർന്നു. ഒരേ അന്തരീക്ഷത്തിന്റെ ചൂടും തണുപ്പും അനുഭവിച്ചു. വളർന്നപ്പോൾ തമ്മിൽ പിരിഞ്ഞു, രണ്ടു മേഖലകളിലേക്ക്.

വിവാഹിതരാവാൻ ഒരിക്കലും സമുദായം അനുവദിക്കാത്ത ബന്ധമായിരുന്നു ഞങ്ങൾതമ്മിൽ—രക്തബന്ധം!

എങ്കിലും, ഞങ്ങൾ കൂട്ടിക്കാലത്തു്—വിവാഹത്തേയും കൂട്ടുംബത്തേയും പറ്റി ഒന്നുമറിയാത്ത കാലത്തു്—"അച്ചനും അമ്മയും" ആയി കളിച്ചിട്ടുണ്ടു്. ഒരുപക്ഷേ, അങ്ങനെയായിരിക്കാം ഞങ്ങളുടെ ആഗ്രഹം സാക്ഷാത്കരിക്കപ്പെട്ടിട്ടുള്ളതു്!—

ഞാൻ ഉദ്യോഗാർത്ഥിയായി ബോംബെയിലെത്തി. നളിനിയും ഉദ്യോഗസ്ഥയായി.

ബുദ്ധിയും, തൻറേടവും കൈമുതലായുണ്ടായിരുന്ന നളിനി സർക്കാരാപ്പീസിൽ ആരെയും ക്ലച്ചാക്കിയിരുന്നില്ല. അതുകൊണ്ടുതന്നെ അവൾക്കു് മേലധികാരികൾ അടിക്കടി സ്ഥലമാറ്റങ്ങൾ കൊടുത്തുകൊണ്ടിരുന്നു. അതുകൊണ്ടൊന്നും നിശ്ചയദാർഢ്യം സ്ഫുരിക്കുന്ന ആ പുരികക്കൊടികൾ ആടിയില്ല.

ആദ്യമായി നളിനി ഒരു പ്രേമബന്ധത്തിൽപെട്ടിരിക്കുന്നവെന്നറിഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി! അതും ഓഫീസിലെ ഒരു ശിപായിയുമായി. ആ ബന്ധം നീണ്ടുപോയില്ല. ആ പാവം ഒരു തീവണ്ടിയപകടത്തിൽപ്പെട്ടു് മരിച്ചു. പക്ഷേ, അയാളെപ്പറ്റിയുള്ള സ്മരണ നളിനിയുടെ ഉദരത്തിൽ വളരുകയായിരുന്നു!—

ആയിടയ്ക്കു് ഞാനൊരിക്കൽ നാട്ടിൽ അവധിക്കു വന്നപ്പോൾ സാമാന്യത്തിലധികം വീർത്ത വയറുമായി നളിനി കവലയിൽ ബസ്സിറങ്ങുന്നതു കണ്ടു. നളിനിയുടെ വിവാഹം നടന്നതൊന്നും ഞാനറിഞ്ഞിരുന്നില്ല.

എന്നെ കണ്ടപ്പോൾ നളിനി ചോദിച്ചു:— "വേണു എപ്പോളാണു് വന്നതു്""

ഞാൻ: രണ്ടുദിവസമായി. എന്തൊക്കെയാണു് നളിനി വിശേഷങ്ങൾ?

നളിനി: വിശേഷം എന്നെ കണ്ടാലറിഞ്ഞുകൂടെ? ഞാൻ പ്രസവാവധിയെടുത്തു് വന്നിരിക്കയാണു്.

കൂടുതൽ വഴിയിൽവെച്ചു് സംസാരിച്ചില്ല. പിന്നെ കാണാമെന്നുപറഞ്ഞു് പിരിഞ്ഞു.

ഒരു വിഭാര്യനാണെന്നു നളിനിയെ വിവാഹംകഴിച്ചത്. വടക്കൻ മലബാറിൽ ഒരു ഗ്രാമത്തിലുള്ള ഒരു വലിയ കമ്പനിയിൽ ഉയർന്ന ഉദ്യോഗസ്ഥനാണു്. നല്ല ശമ്പളവും പേരുമുണ്ടു്.

ജീവിതശകടം മുന്നോട്ടു് നീങ്ങിക്കൊണ്ടിരുന്നു; അതിശീഘ്രം. പ്രാരാബ്ധമൊന്നുമില്ല. ഒരേ ഒരു മകൻ! "സുഖസന്തായകമായ ജീവിതം" എല്ലാവരും പറഞ്ഞു.

രണ്ടുകൊല്ലംമുമ്പാണാ സംഭവമുണ്ടായതു്. നളിനിയുടെ ഭർത്താവു് കിണറ്റിൽവീണു മരിച്ചു. "കിണറ്റിൽ ചാടിമരിച്ചു" എന്നും ഒരുകൂട്ടർ പറഞ്ഞുനടന്നു. വാസ്തവം ഏതാണെന്നാർക്കറിയാം. കുപ്രചാരണങ്ങൾക്കു് പ്രചാരം എളുപ്പം കിട്ടുമല്ലോ.

വണ്ടി തിരുവനന്തപുരം സ്റ്റേഷനിലെത്തി. ഉടൻതന്നെ ഞാൻ ഗവൺമെൻറ് മെഡിക്കൽകോളേജ് ആശുപത്രി അന്വേഷിച്ചെത്തി. കമ്പിയിൽ കാണിച്ച വാർഡ് കണ്ടെത്തി. അതൊരു സ്പെഷൽ വാർഡായിരുന്നു. നളിനിയും ഒരു നർസും മാത്രമേ ഞാൻ ചെന്നപ്പോൾ അതിലുണ്ടായിരുന്നുള്ളു. ഞാൻ കട്ടിലിന്നടുത്തെത്തിയപ്പോൾ നർസ് പുറത്തേക്കുപോയി.

നളിനി വളരെയധികം ക്ഷീണിച്ചിരിക്കുന്നു. പക്ഷേ, കമ്പിയിൽ അറിയിച്ചപോലെ അത്ര ആസന്നാവസ്ഥയൊന്നുമല്ല.

"വേണു വന്നു അല്ലേ? ഞാൻ വിചാരിച്ചു വരില്ലാ എന്നു""

"എന്താ നളിനി അങ്ങനെ വിചാരിച്ചതു്? ഏതു നിലക്കു നോക്കിയാലും നളിനിയുടെ അവശതയറിഞ്ഞാൽ ഓടിവരേണ്ടവനല്ലേ ഞാൻ? എന്തുപറ്റി നളിനിക്കു്?"

"എനിക്കു് ഒന്നുംപറ്റിയിട്ടില്ല. ഡോക്ടർമാരുടെ പരിശോധനയിൽ എനിക്കു്

Blood Cancer സംശയിക്കുന്നു. പരീക്ഷണങ്ങൾ തുടരുകയാണു്. ഏതായാലും ഞാൻ അധികകാലം ജീവിക്കാൻപോകുന്നില്ല".

"ഇതൊന്നും സാരമില്ല നളിനി. കാൻസറാണെങ്കിൽതന്നെ ചികിത്സിച്ചു് ഭേദമാക്കാവുന്നതേയുള്ളൂ. വേണ്ടിവരികയാണെങ്കിൽ. ഞാൻ നളിനിയെ ബോമ്പെക്കു കൊണ്ടുപോയി ചികിത്സ നടത്താം. വേണ്ടാ വേണ്ട. എനിക്കൊരു ചികിത്സയും വേണ്ടാ. ബോമ്പെയിൽ സമാധാനപരമായി നയിക്കുന്ന നിങ്ങളുടെ ദാമ്പത്യജീവിതം ഒരിക്കലും ഞാൻ കലക്കുകയില്ല. നിങ്ങളേപ്പോലുള്ള ദമ്പതികൾ സുഖമായി ജീവിക്കുന്നതു് കാണുമ്പോൾ എനിക്കു് എന്തൊരു സന്തോഷമാണെന്നോ? ഞാനെങ്ങോട്ടും വരുന്നില്ല. ഞാനൊരു രഹസ്യം പറയുവാനാണു് വേണുവിനെ ഇങ്ങോട്ടുവരുത്തിയതു്".

നർസ്, മരുന്നുകഴിക്കാൻ നേരമായി എന്നും പറഞ്ഞു് കടന്നുവന്നു. ഏതാനും ഗുളികകളും, കുറച്ചു വെള്ളവും കൊടുത്തു് ആ മാലാഖ പുറത്തുപോയി.

എന്റെ കൈത്തലം പിടിച്ചുമർത്തിക്കൊണ്ടു് നളിനി തുടർന്നു:—

"ഞാൻ ബോറടിക്കുകയാണെന്നു് വേണുവിനു് തോന്നരുതു്. കുട്ടിക്കാലംമുതലേ എനിക്കു് വേണുവിനെ വലിയപ്രിയമായിരുന്നു. പല രഹസ്യങ്ങളും നമ്മൾ കൈമാറിയിട്ടുണ്ടു്; ഒരു ഭാര്യ ഭർത്താവിനോടു് പറയാത്ത കാര്യങ്ങൾപോലും! അവസാനമായി ഒരു രഹസ്യംകൂടി ഞാൻ പറയുന്നു — ഏററവും അവസാനത്തേതു്". കുറച്ചു് നിർത്തി വീണ്ടും തുടർന്നു:—

"വേണ്ട! ഞാനൊരു ഘാതകിയാണു്. സ്വന്തം ഭർത്താവിനെകൊന്ന ഘാതകി".

"നളിനി!"

"അതേ വേണു. വെളുപ്പിനേ വെള്ളം കോരാൻചെന്ന ആ മനുഷ്യനെ കിണററിലേക്കു് ഉന്തിയിട്ടുകൊന്നതു് ഞാനാണു്. "അളമുട്ടിയാൽ ചേരയുംകടിക്കു" മെന്നു് കേട്ടിട്ടില്ലേ?"

"പക്ഷേ, അതിനുമാത്രം എന്തുണ്ടായി?"

"അയാൾ ഒരു പ്രത്യേകജീവിയായിരുന്നു. സഹിക്കാവുന്നതിലധികം ഞാൻ സഹിച്ചു. ആദ്യത്തെ ഭാര്യ വിവാഹം കഴിഞ്ഞു് മൂന്നമാസത്തിനകം ഒരു ഹൃദ്രോഗിയായിമാറി. എട്ടുകൊല്ലക്കാലം ജീവിച്ചു് മരിച്ചു. അങ്ങനെയിരിക്കുമ്പോളാണു് എന്നെ കണ്ടെത്തിയതു്. അന്നു് ഞാൻ ഒരുനല്ല മനുഷ്യന്റെ ബിജവും ചുമന്നുകൊണ്ടു് നടക്കുകയായിരുന്നു. അതറിഞ്ഞുകൊണ്ടുതന്നെ ഒരു മഹാത്യാഗിയെപ്പോലെ എന്നെ സ്വീകരിച്ചു് നാട്ടുകാരുടെ അനുമോദനങ്ങൾനേടി.

ഒരു ഭർത്താവിനു് തന്റെ ഭാര്യക്കു് പ്രധാനമായും കൊടുക്കുവാനുള്ളതു് അയാളുടെ കയ്യിലില്ലായിരുന്നു. ആദ്യരാത്രിയിൽതന്നെ അതറിഞ്ഞിട്ടും ഞാൻ സഹിച്ചു. ദൈവം എല്ലാവർക്കും എല്ലാം കൊടുത്തനുഗ്രഹിക്കുകയില്ലല്ലൊ. എന്റെ വിധിയിൽ ഞാൻ ആശ്വാസംകണ്ടെത്തി. ഇതു് എന്റെ ഒരു കീഴടങ്ങലായി — ദൌർബ്ബല്യമായി—കരുതിക്കൊണ്ടു് എന്നെ ഒരടിമയാക്കിതീർക്കാനായിരുന്നു പിന്നത്തെ ശ്രമം. നല്ല ശമ്പളം വാങ്ങുന്ന എനിക്കു് ഒരുപൈസപോലും ചിലവാക്കാനധികാരമില്ലായിരുന്നു. രാത്രിയായാൽ ഞങ്ങളുടെ വീട്ടു് ഒരു മദ്യശാലയായിമാറും. പതിനേഴുകൊല്ലക്കാലം ഞാനതു സഹിച്ചു വേണു! അവസാനമായി, എന്റെ മകന്റെ കോളേജ്ഫീസുകൊടുക്കേണ്ടകാര്യത്തിലായി വഴക്കു". പറഞ്ഞതൊക്കെമതി; പ്രായപൂർത്തിയായില്ലേ, ഇനി എന്തെങ്കിലും ജോലി എടുത്തു് ജീവിക്കട്ടെ. കണ്ടവന്റെയൊക്കെ പിള്ളാരെ പഠിപ്പിക്കാൻ എന്റെ കയ്യിൽ കാശില്ല". അന്നാണു് എന്റെ സഹനശക്തിയുടെ നെല്ലിപ്പടികണ്ടതു്. ആ രാത്രിമുഴുവനും ഞാൻ പലതും ചിന്തിച്ചു ഉറങ്ങിയില്ല. ഒരു തീരുമാനമെടുത്തു. അങ്ങനെ, ആ ഹീനകൃത്യം എനിക്കു ചെയ്യേണ്ടിവന്നു. അപകടമരണമാണെന്നും, ആത്മഹത്യയാണെന്നും ഊഹാപോഹങ്ങൾ പടത്തിയ നാട്ടുകാർ എന്നെ കൊലപാതകിയാണെന്നു് സംശയിച്ചില്ല. ഇന്നു് ഈ നേരംവരെ ആർക്കും അജ്ഞാതമാണീ സത്യം. എന്റെ മനസ്സിന്റെ ഭാരംകുറക്കാനാണു് ഞാനീ സത്യം വേണുവിനോടു് പറയുന്നതു്. ഞാൻ സത്യത്തിൽ വിശ്വസിക്കുന്നു. ഈ സത്യം ലോകത്തോടു് പറയാതെ ഞാൻ മരിച്ചാൽ എന്റെ ആത്മാവിനു് ശാന്തികിട്ടുകയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. ഇന്നു് ഞാൻ സ്വതന്ത്രയാണു്. എന്റെ മകൻ ബിരുദധാരിയാണു്, ഉദ്യോഗസ്ഥനാണു്. സ്വന്തം കാലിൽ നില്ക്കാമൊന്നായിട്ടുണ്ടു്". ഞാൻ താടിക്കു് കൈവെച്ചിരിക്കുന്നതു് കണ്ടു്" പറയൂ വേണു, ഞാൻ ചെയ്തതു് തെറ്റാണൊ?"

"തെറ്റു ചെയ്യാത്തവരാരാനുമുണ്ടൊ? തെറ്റു തെറ്റെന്നറിഞ്ഞു് പശ്ചാത്തപിക്കുന്നതാണല്ലൊ പ്രായശ്ചിത്തം. പുരാണപുരുഷന്മാരായ ശ്രീരാമൻ തുടങ്ങിയവർപോലും സ്വന്തം നിലനില്പിനുവേണ്ടി തെറ്റുകൾചെയ്തിട്ടില്ലേ?" ആ സമയത്തു് നളിനിയുടെ മകൻ കടന്നുവന്നു. "അമ്മാശശി വന്നുവല്ലൊ. എന്തൊക്കെയാണു് ശശി വർത്തമാനങ്ങൾ? ജോലിയൊക്കെ എങ്ങിനെയുണ്ടു്?"

ശശി: സുഖംതന്നെ. ഏട്ടൻ എപ്പോ വന്നു? ഈ അമ്മക്കു് എപ്പോഴും ഒരു കരച്ചിൽതന്നെയാ. ഡോക്ടർ പറഞ്ഞു 'ഒന്നും പേടിക്കാനില്ല. അമ്മക്കു് മനസ്സിനാണു് കുഴപ്പം' എന്നു്. പിന്നെ ചേട്ടനിന്നുതന്നെ പോകുന്നുണ്ടോ?

"പോകണം, ഇന്നു് രാത്രിവണ്ടിക്കു പോയാൽ നാളെ കാലത്തുതന്നെ തൃശ്ശൂരെത്താം. അവിടെചെന്നിട്ടു് പലേ കാര്യങ്ങളുമുണ്ടു്".

ഒരുവിധം നളിനിയെ സമാധാനിപ്പിച്ചു് ഞാൻ വീട്ടിലേക്കു് മടങ്ങി...

പിറേറദിവസം സന്ധ്യയായി. അടുത്ത വീട്ടിലെ നിലവിളികേട്ടു് അന്വേഷിച്ചപ്പോളറിഞ്ഞു, "ഇന്നലെ രാത്രി നളിനി ഹൃദയസ്തംഭനംമൂലം മരിച്ചു"വെന്നു്. കമ്പിവന്നിരിക്കുന്നുവെന്നു്.

ഞാനറിയാതെ എന്റെ കണ്ണുകളിൽനിന്നു് രണ്ടുതുള്ളി കണ്ണുനീർ അടർന്നുവീണു—എന്റെ അന്ത്യോപചാരം!!

—o—

കഥ.

പി.എ.എം.ഹനീഫ്

ഞാൻ നിങ്ങളോടൊക്കെ വരാൻ പറഞ്ഞതെന്തിനെന്നു് അറ്യോ...?

ഉത്തമൻ മുതലാളി നിശബ്ദരായിരുന്ന ഞങ്ങളുടനേരെ ചോദ്യം അഴിച്ചു വിട്ടു. മുതലാളി ഞങ്ങളെ കാണാനുണ്ടെന്നു് അറിയിച്ചതുതന്നെ ഞങ്ങൾ അത്ഭുതത്തോടെയാണു് ശ്രവിച്ചതു്. ക്ളബിനു മുകളിൽ പലതും പറഞ്ഞിരുന്ന ഞങ്ങളുടെ ഇടയിലേക്കു് വിയർത്തു പരവശനായി ഓടിവന്ന പ്രശാന്തന്റെ മുഖത്തെ അത്ഭുതവും അമ്പരപ്പും ഞാനോർക്കുന്നു.

"എടോ ..അറ്യോ?...

നമ്മുടെ ഉത്തമൻമുതലാളിടെ ഡ്രൈവർ കുഞ്ഞപ്പൻ എന്നെത്തിരക്കി വീട്ടിൽ വന്നു. നമ്മൾ അടിയന്തിരമായി ഇന്നു രാത്രി ഏഴു മണിക്കുശേഷം മുതലാളിനെ കാണണംപോലും..."

"എന്തിനു്. ?

അവനും അതു് നിശ്ചയമില്ലായിരുന്നു. അടുത്തദിവസങ്ങളിലൊന്നും ഞങ്ങൾ ആരും ഉത്തമൻമുതലാളിയെ കണ്ടിട്ടില്ല. എന്തെങ്കിലും ആവശ്യത്തിനായി അയാളെ സമീപിച്ചിട്ടും ഇല്ല.

"എന്തോ... ... പ്രശ്നമുണ്ടല്ലോ .. ... അല്ലേ...?"

"നിനക്കെന്തുതോന്നുന്നു .."

എല്ലാവരും എന്നെനോക്കി സംശയപൂർവ്വം ചോദ്യമെറിഞ്ഞു. ഞാൻ നിശ്ശ

"ഉത്തമൻ മുതലാളി അവർകൾ വക"



ബ്ദനായതേയുള്ളൂ. ഞങ്ങളുടെ ക്ളബ് പൊളിച്ചുമാറണമെന്നും. മുതലാളിക്കു് ദോഷംവരുന്ന പലതും ഞങ്ങൾ ആസൂത്രണംചെയ്യുന്നുവെന്നും പലരോടും പരാതിപ്പെട്ടതനുസരിച്ചു് ഒരുദിവസം ഞാനൊറ്റയ്ക്കു് മുതലാളിയെ കണ്ടിരുന്നു. അച്ഛനെ കാണാനുണ്ടെന്നു് ഗീതയോടു് പറയുകയും ചെയ്തിരുന്നു.

"ചിത്രകല. നാടകം. സംഗീതം ഇതൊന്നുമായി എന്റെ പ്രിയപ്പെട്ട പിതാവിനു് പുലബന്ധംപോലുമില്ല. ഈ ആവശ്യത്തിനായി ഒരു ചില്ലിക്കാശെങ്കിലും അച്ഛൻ സംഭാവന തരികയുമില്ല... ഒള്ള കാര്യം ഞാൻ നേരത്തെ പറഞ്ഞേക്കാം."

ഗീത കോളേജിൽവെച്ചു് എന്നെ വിലക്കിയിരുന്നു

അവൾക്കു് അച്ഛനെ ശരിക്കറിയും. തമാശയോടെയാണെങ്കിലും ഗീത പറഞ്ഞു.

"സന്ദർശനസമയം അമ്മയുടെ ശുപാർശയിന്മേൽ ഞാൻ ഒരുക്കിത്തരാം . ഞാൻ ആൺകുട്ടികളുമായി കമ്പനിയടിച്ചു് നട

ക്കുകയാണെന്നു് അച്ഛനു് പൊതുവെ പരാതിയുള്ളതായി വിവരം കിട്ടിയിട്ടുണ്ടു്. എന്നെ അറിയുന്നഭാവംപോലും നടിക്കരുതു് ഓക്കെ...” അവൾ സമയം അറിയിച്ചു. ഞാൻ മുതലാളിയുടെ വീട്ടിൽ പോയി.

“എടോ നീ ..നമ്മടെ പഴയ ചെത്തുകാരൻ കുഞ്ഞപ്പന്റെ മോനല്ലെ...”

“അതെ ”

“ങാഹാ...നീയൊക്കെ ഈ മുടീം നീട്ടി; മീശേംവെച്ചു് കഴിഞ്ഞപ്പോൾ മനസ്സിലാകുന്നില്ലല്ലോടാ...ങേ...” മുതലാളി അടുത്ത പരിചയക്കാരനോടെന്നമട്ടിലാണു് എന്നോടു് പെരുമാറിയതു്... കുഞ്ഞപ്പാ അടുക്കളേൽപോയി ചായ കൊടുത്തയയ്ക്കാൻ പറ... നീ ചായതന്ന പല്ലേടാ കടിക്കല്...”

മുതലാളി ചിരിച്ചു.

ഇതൊക്കെ ജനൽപ്പാളികൾക്കിടയിലൂടെ ഗീത ശ്രദ്ധിക്കുന്നുണ്ടായിരുന്നു..

മുതലാളി എന്നെത്തന്നെ തുറിച്ചു നോക്കി...

“നീ ഇപ്പം ഏതിലാ പഠിത്തം...?

“ഗീതയുടെ ക്ലാസ്സിൽത്തന്നാ...

ഒരു അമർത്തിയ മൂളലോടെയാണു് മുതലാളി എന്റെ ഈ ഉത്തരം സ്വീകരിച്ചതു്.

“ങാ...നീ..എന്തിനാണു് വന്നതു്..?

കുഞ്ഞപ്പൻ ചായ കൊണ്ടുവെച്ചു. അപ്പോഴും നിശബ്ദനായിരുന്ന എന്നെ മുതലാളി ഉണർത്തി.

“ചായ കുടിക്കു്...”

ഞങ്ങളും ഞങ്ങളുടെ ക്ലബ്ബും മുതലാളിക്കു് പലേ ഉപദ്രവങ്ങളുംചെയ്യുന്നവെന്നും, അതിവിടുന്ന പൊളിച്ചു് നിക്കണമെന്നും മുതലാളി പലരോടും പറഞ്ഞതായി അറിഞ്ഞെന്നും; യാതൊരു തരത്തിലും താങ്കളെ ഇന്നോളം ഉപദ്രവിച്ചിട്ടില്ലാത്ത ഞങ്ങളെ അനാവശ്യമായി കുറ്റപ്പെടുത്തരുതെന്നും ഞാൻ തികഞ്ഞ വിനയത്തോടെ അഭ്യർത്ഥിച്ചു.

മുതലാളി ചിരിച്ചു. ചെറുമട്ടിലൊന്നുമല്ല. ശകലം ഉച്ചത്തിൽതന്നെ.

“അതു ശരി...അതാ... പ്രശ്നം അല്ലേ...?”ഇവിടെ മുതലാളിയുടെ മുഖം സന്തോഷഭരിതമായിരുന്നുവെന്നതു് എന്നെ അത്ഭുതപ്പെടുത്തി

“അപ്പം ഞാൻ നിങ്ങൾക്കു് ഒരു ദോഷം ചെയ്യാൻ വിചാരിച്ചൂന്നാ നിന്റെ ധാരണ...?

ഞാൻ നിശബ്ദനായതേയുള്ളു.

“എടോ അവിടെ കൂടുന്ന നിങ്ങളെയും മിക്ക കുട്ടികളേയും എനിക്കറിയാം...എന്തെങ്കിലുമൊക്കെ പഠിക്കേണ്ടനേരത്തിനു് ക്ലബും കുന്തോം ഒക്കെയായിട്ടു് നശിക്കുന്നതെന്തിനാന്നു് വെച്ചു് ആരോടോ ഞാൻ ഈ മട്ടിൽ സൂചിപ്പിച്ചു. അല്ല..നിങ്ങൾക്കതാ ഇഷ്ടമെങ്കി ആയിക്കോ...ഞാൻ എതിരൊന്നും പറയുന്നില്ല..അതു കൊള്ളാം..നിങ്ങളിപ്പോ എന്തായാലും എനിക്കെന്താ...”

ഇതിലൊക്കെ എന്തോ പതിയിരിക്കുന്നതായി എനിക്കു് തോന്നി. അനന്തനെ കഴിഞ്ഞദിവസം അവന്റെ അച്ഛൻ ശാസിച്ചതു് വെറുതെയാണോ? വീട്ടിൽ ചെല്ലുമ്പോഴൊക്കെ കഴിഞ്ഞ കുറേ ദിവസങ്ങളായി അമ്മ വല്ലാത്ത ശാഠ്യംപിടിക്കുന്നമുണ്ടു്.

“ഈ ക്ലബും കൂട്ടും ഒക്കെ കളഞ്ഞിട്ടു് നീ നിന്റെ സ്വന്തംകാര്യം നോക്കെടാ...”

മുതലാളി കുഞ്ഞപ്പനെ വിളിച്ചു.

“ഈ പാത്രം എടുത്തോ...?

കുഞ്ഞപ്പൻ പാത്രം എടുക്കുവാൻ കുനിഞ്ഞപ്പോൾ എന്നെ ഏറുകണ്ണാൽ നോക്കി. അവന്റെ നോട്ടത്തിലും എന്തോ അപകടം പതിയിരിക്കുന്നതായുള്ള സൂചനയുണ്ടു്. അവനും ഞങ്ങളുടെ പ്രായത്തിലുള്ളവനാണല്ലോ.

“ങ്ഊം..ശരി...നിങ്ങളുടെ ഇഷ്ടംപോലാകട്ടെ..ഞാൻ പറയാനുള്ളതു് പറഞ്ഞു..പക്ഷേ, ഇതു് ചോദിക്കാൻ നീ ഇത്രടം വന്നതു് അത്ര നന്നായില്ല...

ഇവിടെ ഉത്തമൻമുതലാളിയുടെ സ്വരത്തിൽ നീരസം നിറഞ്ഞിരുന്നു...

“ആ അർത്ഥത്തിലല്ല...”

“അർത്ഥം ..നിങ്ങളുടെ അത്ര വലിപ്പമുണ്ടായിലല്ലെങ്കിലും എനിക്കറിയും...ശരി... വേറൊന്നുമില്ലല്ലോ...”

മുതലാളി അകത്തേക്കു് കടന്നു. ജനൽപ്പാളികൾക്കിടയിലൂടെ ഗീതയോടു് യാത്രചോദിച്ചു് ഞാൻ ഇറങ്ങിനടന്നു. ഇത്രയേ സംഭവിച്ചിട്ടുള്ളൂ...ഇപ്പോഴിതാ...ഞങ്ങളെ എല്ലാവരേയും ഒന്നിച്ചു് കാണണമെന്നു് മുതലാളി ഇങ്ങോട്ടു് ആവശ്യപ്പെട്ടിരിക്കുന്നു.

“എന്തിനായിരിക്കും..?”

ഞങ്ങൾ അഴിച്ചുമാറാനാവാത്ത ഒരു കുരുക്കിൽ വീണതുപോലെയായി...

“വല്ല സംഭാവനേം തരാൻ ആയിരിക്കോ..? പ്രശാന്തൻ പതിവുപോലെ അട്ടഹസിച്ചു. ഏറെ ആഹ്ലാദംവരുമ്പോൾ പ്രശാന്തൻ അങ്ങനെയാണു്...

“സംഭാവനയാ...ആരു്...നക്കി ഉത്തമനാ...കണക്കായി...”

ശരിയാണു് ഗീത തന്റെ അച്ഛനെപ്പറ്റി പറയാറുള്ളതു് “പ്രപഞ്ച പിശുക്കൻ” എന്നാണു്... മുൻപിൻ ആലോചിക്കാതെ തങ്ങൾ തീരുമാനമെടുത്തു.

“ഉത്തമൻമുതലാളിയെ കാണുകതന്നെ..

മുതലാളിയുമായുള്ള സംവാദത്തിൽ ഞങ്ങളുടെഭാഗത്തുനിന്നു് ചൂക്കാൻപിടിക്കാൻ അനന്തനെ നിയോഗിച്ചു. അനന്തനു് ഞങ്ങൾക്കാർക്കുമില്ലാത്ത വലിയൊരു പ്രത്യേകതയുണ്ടു്. ഒറ്റവാക്കിൽ ഉത്തരം പറയാൻ കഴിവുണ്ടു്. ഒരു പരീക്ഷണമല്ലേ. നേരിട്ടകതന്നെ...

“നിങ്ങളുടെ ക്ലബ്ബിന്റെ പരിപാടികളൊക്കെ എങ്ങനെ പോകുന്നു..?

“നന്നായി പോകുന്നു..?

അനന്തന്റെ മറുപടി. മുതലാളി അവനെ ശ്രദ്ധമായി നോക്കിയെന്നു് എനിക്കു് തോന്നി.

“ഞാൻ...ഒരു കാര്യം നിശ്ചയിച്ചിട്ടുണ്ടു്..അതൊന്നറിയിക്കാനാ നിങ്ങളെ വിളിച്ചതു്...”

എന്തായിരിക്കും ആ നിശ്ചയമെന്നറിയാൻ ഞങ്ങളുടെ അകങ്ങൾ പെരുമ്പറ മുട്ടി. ഞങ്ങളുടെ തലകൾ മുതലാളിയുടെ ചൂരൽക്കസേരയ്ക്കുമുന്നിലുള്ള ആനക്കൊമ്പിൽതീർത്ത ടീപ്പോയിക്കു് ചുവട്ടിൽ ചെരിഞ്ഞുനിന്നു. മനോഹരമായ ടീപ്പോയ്. ഏതോ വനത്തിനെ കിടിലംകൊള്ളിച്ച ഒറ്റയാന്റെ കൊമ്പുകളാകാം..നേർത്തു കൂർത്ത അറ്റത്തു് കനമുള്ള നീല ഗ്ലാസ്സു് ഉറപ്പിച്ചിരിക്കുന്നു. ഉത്തമൻമുതലാളിയുടെ നിഴൽ ആ ചില്ലിൽ വീണുകിടക്കുന്നതു് ഞാൻ ശ്രദ്ധിച്ചു.

“എന്റെ വകയായിട്ടു് നമ്മടെ

ബസ്സ്റ്റോപ്പിന്റെ പുറകിലുള്ള സ്ഥലത്തു് ഒരു കിണർ കുഴിച്ചു് പൊതുജനങ്ങൾക്കു് വിട്ടുകൊടുക്കാൻ നിശ്ചയിച്ചിരിക്കുകാ ..

ഞങ്ങളുടെ ശിരസ്സുകൾ താണതന്നെ നിന്നു.

"എനിക്കിപ്പം അതൊന്നും ശ്രദ്ധിച്ചു് നില്ക്കാൻ സമയമില്ല. നിങ്ങളൊക്കെകൂടി അതു് വേണ്ടപോലെ ചെയ്യണം .. എന്താ ..?

ഞാനാണു് ആദ്യം തല ഉയർത്തിയതു്. പ്രകാശന്റെ മുഖത്തു് നേരിയ ചിരിയുണ്ടു്. അനന്തൻ കണ്ണുമടച്ചു് ഏതോ ലോകത്തെത്തിയതുപോലെ. അപ്പുറത്തു് മുതലാളിയുടെ വീട്ടുകിണറ്റിൽനിന്നു് ആരോ വെള്ളംവലിക്കുന്ന ശബ്ദം കേൾക്കാമായിരുന്നു.

"പഞ്ചായത്തിനു് ഇതിലൊന്നും വല്യ ശ്രദ്ധയില്ല...ഞാൻ കുറച്ചു കാലമായി ഇക്കാര്യം ആലോചിച്ചു് നടക്കുവാരുന്നു. നിങ്ങളൊക്കെയുണ്ടല്ലോ...വേഗം അതിനു് വേണ്ടുന്നതെന്താന്നുവെച്ചാ ചെയ്യോളൂ...

മുതലാളി അകത്തേക്കു് നടന്നു. ഞങ്ങൾ പരസ്പരം നിർന്നിമേഷരായി നോക്കി. ആരും ഒന്നും മിണ്ടുന്നില്ല. അകത്തു് താക്കോൽക്കൂട്ടം കിലുങ്ങുന്നു.

"ഇതൊരു അതിശയംതന്നെ ആണല്ലോടാ പ്രശാന്താ...ങേ..."

അനന്തൻ തന്റെ സ്വരം ഭാവംമാറ്റി ഗൗരവത്തിലാണു് ഇതു് ചോദിച്ചതു്.

"ദൈവംതമ്പുരാനു്പോലും അജ്ഞാതമായ പ്രശ്നമാണല്ലോടായിതു്.. ...ങേ..."

"ഇതാ ഒരുകെട്ടു് നോട്ടമായി മുതലാളി ഞങ്ങൾക്കു് മുന്നിലെത്തി. "രണ്ടായിരം രൂപയുണ്ടു്...ഇനി വേണ്ടതു ചോദിച്ചുവാങ്ങിക്കണം. വെറുതെ ക്ളബ്ബും നാടകോം ആയിട്ടു് നടക്കാതെ ഇതുപോലെ മനുഷ്യനു് ഗുണംകിട്ടുന്ന എന്തെങ്കിലും ചെയ്യു്...

ടീപ്പോയിക്കു മുകളിൽ നോട്ടുകെട്ടു് ചെറുകാറോറു് ഉലഞ്ഞുകിടന്നു.

"ഞങ്ങൾ...

എന്തെങ്കിലും പറയുന്നതിനുള്ള അനന്തന്റെ ശ്രമം മുതലാളി തടഞ്ഞു.

"നിങ്ങൾക്കേ ഇതൊക്കെ വേണ്ടവിധം ചെയ്യാനൊക്കൂ ങാ ..പിന്നൊരു കാര്യം .. കണക്കും രസീതുകളും കൃത്യമായി സൂക്ഷിക്കണം..... കുരുത്തക്കേടു് ഒന്നും ഇതിൽ കാട്ടരുതു് ഇല്ല...നിങ്ങളെയൊക്കെ എനിക്കു് നല്ല വിശ്വാസമാ...ശരി ...എന്നാൽ ആലോചിച്ചു് വേണ്ടതു് ചെയ്യു്..."

പ്രശാന്തൻ നോട്ടുകെട്ടെടുത്തു. ഞങ്ങൾ

എഴുന്നേറ്റു. പുറത്തിറങ്ങുമ്പോൾ ഉത്തമൻമുതലാളി ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു. ഗെയിറ്റിലെത്തിയപ്പോൾ പിന്നിൽ ഒരശരീരി.

"പണിയൊക്കെ തീർന്നുകഴിമ്പം ഉത്തമൻമുതലാളി അവർകൾവക" എന്നു് കിണറിന്റെ സൈഡിലെഴുതിയേരെ ..

അതും ഞങ്ങൾ കേട്ടു.

"വേഗം ..വാടാ...രക്ഷപ്പെടാം.

മുതലാളിയും ബംഗ്ളാവും പൂത്തുപടർന്നു് കിടക്കുന്ന ബോഗൻവില്ലയുമൊക്കെ ഞങ്ങൾക്കു് പിന്നിൽ മറഞ്ഞപ്പോൾ അനന്തൻ നോട്ടുകെട്ടു് തട്ടിപ്പറിച്ചെടുത്തു് ആകാശത്തേക്കു് എറിഞ്ഞുകളിച്ചു.

"ഉത്തമാ എവിടുന്നു് കിട്ടിയെടാമോനെ നിനക്കീ ബുദ്ധി...

പഞ്ചായത്തു് ബസ്സ്റ്റോപ്പിനരികിൽ ഉത്തമൻമുതലാളിയുടെ സ്വന്തമായ സ്ഥലത്തു് കിണർകുഴിക്കുവാൻ ഞങ്ങൾ നിശ്ചയിച്ചു.

പ്രശാന്തന്റെ ഇളയച്ഛൻ കുമാരേട്ടനെയാണു് ജോലിയുടെ ചുമതല ഏല്പിച്ചതു്. ഞങ്ങളുടെ പഞ്ചായത്തിലെ വിദഗ്ധനായ കിണർമേസ്തിരി കുമാരേട്ടനാണു്...കുമാരേട്ടൻ സംഭവം അറിഞ്ഞിട്ടു് ആദ്യമായി പ്രതികരിച്ചതും ഞങ്ങൾ പ്രതീക്ഷിച്ചതിൻവണ്ണം തന്നെയായിരുന്നു.

"ഈ കിണർ പൂർത്തിയാകുന്ന അന്നായിരിക്കും...ലോകാവസാനം..."

അറിഞ്ഞവരൊക്കെ മുക്കുത്തു് വിരൽവെച്ചു.

"ഓരോ കലികാല വൈഭവങ്ങളേ"... ഉത്തമനു് ഇങ്ങനെ തെറ്റിവിചാരം തോന്നണമെങ്കിൽ...?

പഴയവർ പലതും പറഞ്ഞുതീർക്കാൻ വിഷമിച്ചു.

കിണർ കുഴിച്ചുതുടങ്ങി. വളരെയേറെ കുഴിക്കേണ്ടിവരുമെന്ന കുമാരേട്ടന്റെ നിഗമനം ശരിയായിരുന്നു.

ഒരുനാൾ പ്രശാന്തൻ എന്നോടു് അന്വേഷിച്ചു.

"എടാ... ഈ കിണർ സംഭവത്തിൽ ഗീതേടെ റെസ്പോൺസു് എന്താ...?

എനിക്കിപ്പോഴും അതു് അജ്ഞാതമായി നിൽക്കുന്നു. അവൾ പഴയതുപോലെ എന്നോടു് അടുപ്പം ഭാവിക്കാറില്ല. പലപ്പോഴും ഒഴിഞ്ഞുമാറുന്നു. കണ്ടാൽ ഒന്നു് ചിരിക്കാൻ തന്നെ നന്നെ വിഷമിഷ്ടപ്പെടുന്നു.

"എന്തോ... എനിക്കീ പ്രശ്നത്തിൽ എവിടെയോ എന്തോ തടഞ്ഞു നിൽക്കുന്നതായി തോന്നുന്നു. പ്രശാന്തൻ..."

ജലം പൊഴിയുന്നതിനുള്ള സമയം എടുത്തതോടെ പടവുകൾ കെട്ടാൻ കല്ലുകളിറക്കി അന്നു് ഏറെ ക്ഷീണിച്ചാണു് ഞാൻ വീട്ടിലെത്തിയതു്.

"കിണറു് തീർന്നോടാ..."

പരിഹാസത്തിൽ ചാലിച്ച അമ്മയുടെ ചോദ്യം ഞാൻ ശ്രദ്ധിച്ചതേ ഇല്ല. അന്നു പുലർച്ചെ അനന്തൻ ഓടിക്കിതച്ചു് വീട്ടിൽ വന്നു. അവന്റെ കണ്ണുകൾ കലങ്ങിയിരുന്നു.

"എടാ..." അനന്തൻ പൊട്ടിക്കരഞ്ഞുകൊണ്ടു് എന്നെ വരിഞ്ഞുമുറുക്കി.

"എന്തുപറ്റി മോനെ..."

അമ്മ അനന്തന്റെ ആ നിമിഷങ്ങളിലെ ഭാവംകണ്ടു് ഉള്ളു് കലങ്ങി നിന്നു.

"പ്രശാന്തൻ കിണറ്റിനുള്ളിൽ മരിച്ചുകിടക്കുന്നു."

"നമ്മുടെ പ്രശാന്തനോ...?

ഞാൻ അനന്തനെപ്പോലും ശ്രദ്ധിക്കാതെ ഇറങ്ങി ഓടുകയായിരുന്നു. കോരിയിട്ട മൺകൂനകൾക്കു് ചുറ്റും ജനം നിറഞ്ഞിരിക്കുന്നു. ജനം ഒന്നും മിണ്ടാനാവാതെ കിണറ്റിലേക്കു് തന്നെ തുറിച്ചുനോക്കുന്നു. കുമാരേട്ടൻ അങ്ങു് താഴെ കുമഴ്ന്നു് കിടക്കുന്ന ശവത്തിനരികിൽ നിശ്ചഷ്ടനായി ഇരിക്കുന്നു.

"എടാ പ്രശാന്ത ..

ഞാൻ അലറുകയായിരുന്നോ ..?

എന്നെ തോളത്തുതട്ടി ആശ്വസിപ്പിച്ചതും കിണറ്റിനരികിൽ നിന്നു് പിടിച്ചു് മാറ്റിയതും ഉത്തമൻമുതലാളി ആയിരുന്നു.

"എന്റെ പ്രശാന്താ..." ഉത്തമൻമുതലാളിയെ കെട്ടിപ്പിടിച്ചു് ഞാൻ കരഞ്ഞു

"ശ്ശ് .. നീ ഇങ്ങനെ വിഷമിച്ചാലോ ."

പ്രശാന്തൻ മരിച്ചു. എങ്ങനെയെന്നതു് അജ്ഞാതമായി കിടക്കുന്നു.

ഉത്തമൻമുതലാളി മറ്റൊരു നിർദ്ദേശം മുന്നോട്ടുവെച്ചു.

"എന്റെ പേര് കൊത്തുന്നതിന്റെ മുകളിൽ വലിയ അക്ഷരത്തിൽ "പ്രശാന്തന്റെ ഓർമ്മക്കായ്"" എന്ന് കൂടെ എഴുതിയേരെ...

പിന്നീട് കിണർ പൂർത്തിയാക്കുന്നതു സംബന്ധിച്ച യാതൊരു ജോലികളും ഞാനും അനന്തനും പ്രകാശനും ഏറ്റെടുത്തില്ല.'കുരാരാപിള്ളേർക്ക് മനസ്സിനു വിഷമം കാണും ... നീ തന്നെ അതങ്ങു ഭംഗിയാക്ക് ... ഏതായാലും തൊടങ്ങീല്ലേ...?

ഞങ്ങൾ പ്രശാന്തന്റെ മരണശേഷം കൂട്ടത്തിൽ നിശ്ശബ്ദരാവുകയായിരുന്നു.

'കാലന്റെ കിണറ് തൊടങ്ങിയതും... പിള്ളേര് മുഴുവൻ നീറി നീറി നശിച്ചല്ലോ... ഭഗവതിയേ...?

എന്റെ അമ്മ അകം നൊന്ത് കരയുന്നതും പ്രാകുന്നതും മുകമായ ഓർമ്മകൾക്കിടയിലൂടെ ഞാൻ കേട്ടു

ഏതോ ഒരു സന്ധ്യയിൽ ഉത്തമൻ മുതലാളിയുടെ ബ്രദ്ധവർ കുഞ്ഞപ്പൻതന്നെയാണ് എന്നെ വിവരം അറിയിച്ചത്...

'നീ — ഒന്നു — വേഗം — വന്നേ...'

'എന്താ കുഞ്ഞപ്പാ.'

കുഞ്ഞപ്പൻ കരയുന്നുണ്ടായിരുന്നു.

'കുഞ്ഞപ്പാ ... എന്തു സംഭവിച്ചു —'

ഞാൻ ചാരിനിന്ന കൊച്ചു തെങ്ങിൽ ശിരസ്സമർത്തി കുഞ്ഞപ്പൻ വിതുമ്പി.

'അനന്തൻ ?'

പ്രശാന്തൻ മരിച്ചു രണ്ടുമാസം പൂർത്തിയാകുംമുമ്പു് അനന്തൻ അതേ കിണറ്റിൽ വീണു മരിച്ചു.

മാസങ്ങളായി അടച്ചുപൂട്ടിയിരുന്ന കുളിപ്പുരയുടെ വാതിലുകൾ ഞാൻ ചവുട്ടിത്തുറന്നു. പണ്ട് റോഡ് വ്വത്തിയാക്കുവാൻ മേടിച്ച തുമ്പായെടുത്തു് കിണറ്റിനരികിലേക്കു് ഞാനോടവേ ആരോ എന്നെ തടഞ്ഞു. തടഞ്ഞവരെയൊക്കെ തട്ടിത്തെറിപ്പിച്ചു് ഞാൻ അലറി.

"ഇല്ല ... ഇനി ഈ കിണർ ഇവിടെ ആവശ്യമില്ല..."

മൺക്കുനകൾ വെട്ടിപ്പൊളിച്ചു് കിണറ്റിലേക്കു് തന്നെ ഇട്ടുമ്പോൾ പെയിന്റിംഗ് ഷെഡ്ഡിനു് മുന്നിൽ ഉത്തമൻ മുതലാളിയുടെ കാർ ഹോണടിച്ചു.

"അതാ — നല്ലത് — മൂടിക്കള — എന്തോ... ശനിപിടിച്ച പ്രവൃത്തിയായിപ്പോയി." മുഴുവൻ വെട്ടിയകിണർ എനിക്കു് മുന്നിൽ ആ മണ്ണു് മൂടുവാനുള്ള ശക്തി നഷ്ടപ്പെട്ടിരുന്നു.

ഇന്നും ഞങ്ങളുടെ പഞ്ചായത്തിൽ വരുന്ന ആരേയും ശ്രദ്ധിച്ചുകൊണ്ടു് ആ വലിയ കുഴി അവിടെ നില്ക്കുന്നു. ഗീത ഈയ്യിടെ കോളേജിൽവെച്ചു് പഴയ ഭാവത്തിൽ എന്നോടു സംസാരിച്ചു തുടങ്ങിയിരിക്കുന്നു.

"അമ്മുൻ ഈയ്യിടെ നമ്മുടെ പഴയ കിണറിനെപ്പറ്റി ഒരു കമൻറടിച്ചു. കേട്ടോ...

"അവനവൻ കുഴിച്ച കുഴിയിൽ..."●

(11 -ൽനിന്നും തുടർച്ച)

സുന്ദർശിക്കുകയും ആ ബംഗ്ലാവിലൊരുദിവസം താമസിക്കുകയും ചെയ്തിരുന്നു. അഴിത്തലയുടെ അനിർവ്വചനീയമായ സൗന്ദര്യത്തിലാകൃഷ്ടനായ ശ്രീ. പട്ടം ആ പ്രദേശം മുഴുവൻ അകപ്പെടുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റണമെന്ന തീരുമാനമെടുത്തിരുന്നു. കുഞ്ഞാലിമരയ്ക്കാരുടെകോട്ടകളും, വെള്ളാരങ്കല്ലും ലൈറ്റുഹൗസും അഴിത്തലയുമായി ബന്ധപ്പെട്ടകിടക്കുന്നു. അഴിത്തല ടൂറിസ്റ്റു കേന്ദ്രമാവുകയാണെങ്കിൽ ടൂറിസ്റ്റുകൾക്കു് ബോട്ടുവഴി സ്ഥലങ്ങളിലെല്ലാം നിമിഷങ്ങൾക്കകം സന്ദർശിക്കാൻ കഴിയും.

മണിക്കൂറുകൾ പോയതറിഞ്ഞില്ല. അഴിമുഖങ്ങൾ ചിത്രം വരച്ചുവെച്ച അഴിത്തലയിൽനിന്നും വിടചോദിക്കുമ്പോൾ വിരഹത്തിന്റെ നേരിക ചങ്ങലകൾ മനസ്സിനെ പിരിമുറുക്കുന്നതുപോലെ തോന്നി. ബ്രിട്ടീഷ് ആധിപത്യകാലത്തു പോലും ടൂറിസ്റ്റുകേന്ദ്രമായി ഉപയോഗിച്ചൊരു പ്രദേശം നമ്മുടെ സർക്കാർ കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്നതു കാണുമ്പോൾ മനസ്സിൽ സഹതാപം ഉറവയെടുക്കുന്നു. പഴയ പ്രതാപത്തിന്റെ നാളുകളിലെ പാദസ്പർശങ്ങളുടെ പാട്ടുകൾ മായാത്ത അഴിത്തല എന്തോ ശാപത്തിന്റെ മൂകസാക്ഷിയെപ്പോലെ ഭൂതകാല സ്മരണകളിൽ മുഴുകി സന്ദർശകനെ കാത്തുകിടക്കുന്നു.

* * *

പതിനഞ്ചു്

ശനിദശയിലെ സ്വാപഹാരം

ബോംബേ പട്ടണം!

കുറേൻ കിളിക്കൂടുകൾപോലെ തോന്നിക്കുന്ന അംബരചുംബികളായ കെട്ടിടങ്ങൾ, മണിമാളികകൾ, സുന്ദരസൌധങ്ങൾ, രാജകീയഭവനങ്ങൾ, പുകവമിക്കുന്ന ഇരുണ്ട തൊഴിൽശാലകൾ, ചക്കരയിൽ ഈച്ചപറ്റിയപോലെ ചൂന്നുകൂടി കിടക്കുന്ന വൃത്തികെട്ട ചെറ്റക്കുടിലുകൾ അവകൾക്കിടയിൽകൂടി നടുവൊടിഞ്ഞ ചേരകളെപ്പോലെ അരിച്ചരിച്ചു് ഇഴഞ്ഞുനീങ്ങുന്ന ദുർഗ്ഗന്ധംവമിക്കുന്ന അഴുക്കുചാലുകൾ, തീവണ്ടിപ്പാതയുടെ ഇരുവശങ്ങളിലും നിരന്നിരുന്നു് യാതൊരു ക്ലേശമില്ലാതെ വെളിക്കിറങ്ങുന്ന സ്ത്രീപുരുഷന്മാർ. മുമ്പും പിൻപും തൊട്ടുതൊട്ടു് ഒഴുകിപ്പോകുന്ന വാഹനങ്ങൾ, സായിപ്പന്മാരെപ്പോലെ വെളുത്ത സുന്ദരികളായ സ്ത്രീകൾ യോഗ്യന്മാരായ പുരുഷന്മാർ, ചെറ്റക്കുടിലുകളിലെ കറുത്ത അറപ്പുതോന്നിക്കുന്ന മെലിഞ്ഞ വയറുചാടിയ കുട്ടികൾ,

പല ഭാഷക്കാർ,

പല വേഷക്കാർ,

വിക്ടോറിയാടെർമിനസ്സ് റെയിൽവേ സ്റ്റേഷനിൽ വണ്ടിയിറങ്ങിയപ്പോൾ കമ്പംകാണുംപോലത്തെ അമ്പരപ്പായിരുന്നു.

ഇതെന്തൊരത്ഭുതലോകം!

ഒരു പോർട്ടറെവിളിച്ചു് സാമാനങ്ങൾ എടുപ്പിച്ചു.

നല്ലവനായ ഒരു സഹയാത്രികൻ എനിക്കു പോകേണ്ടിയിരുന്ന സ്ഥലം പോർട്ടർക്കു് വ്യക്തമായി പറഞ്ഞുകൊടുത്തു. പെട്ടിയും കിടക്കയുംപേറി പോർട്ടർ നടന്നു. അന്തമില്ലാത്ത ചിന്തകളുംപേറി കാട്ടിലകപ്പെട്ട കുട്ടിയെപ്പോലെ പരിഭ്രാന്തനായി അത്ഭുതപരതന്ത്രനായി, അസ്വസ്ഥനായി പിന്നാലെ ഞാനും—

പമ്മൻ

അന്നു് 'മാതൃഭൂമി'യുടെ ബോമ്പേ പ്രതിനിധിയായിരുന്ന ഒരു ശ്രീമാൻ കേശവൻനായരുടെ വസതിയിലേക്കാണു് എനിക്കു പോകേണ്ടിയിരുന്നതു്. സബർബൻട്രെയിനിൽകയറി കുറച്ചുദൂരം യാത്രചെയ്തശേഷം ഏതോ ഒരു ദിക്കിൽ, ഏതോ ഒരു തെരുവിൽ ഏതോ ഒരു കെട്ടിടത്തിൽ നാൽപ്പത്തിഎട്ടു് പടവുകൾ ചവുട്ടിക്കയറി ഞങ്ങൾ എത്തിച്ചേർന്നു.

അവിടെകണ്ട നമ്പരിട്ട ഒരു വാതിലിന്റെ പിന്നിലായിരുന്ന ശ്രീമാൻ കേശവൻനായരുടെ പാർപ്പിടം.

ചുമരിൽകണ്ട ഒരു സ്വിച്ചിൽ വിരല

മത്തിയപ്പോൾ അകത്തെവിടയോ അസുഖകരമായ ഒരു ഞെരക്കംകേട്ടു. ഉടൻതന്നെ അടഞ്ഞുകിടന്നിരുന്ന വാതിൽ തുറക്കപ്പെട്ടു.

അകത്തുകടന്നപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രഹസനത്തിന്റെ രംഗത്തേക്കു നോക്കുംപോലെയാണു് അനുഭവപ്പെട്ടതു്. തലയിൽ എണ്ണപൊത്തി ഒരു തോർത്തുമുണ്ടുമാത്രം ധരിച്ചു് കിടക്കയിട്ടൊരുക്കിയ ഒരു കട്ടിലിന്റെ ഒരു നടുക്കായി ഒരു യോഗിവര്യനെപ്പോലെ ചമ്മണംപടിഞ്ഞിരുന്നു് കേശവൻനായർ ആരോടോ സൊള്ളിരസിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു എന്റെ രംഗപ്രവേശം. പ്രവേശിച്ചപാടെ പത്മനാഭൻനായരുടെ കുത്തുകൊടുത്തു. അതദ്ദേഹം വായിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ തിരക്കുകൂട്ടിയിരുന്ന പോർട്ടറെ ഞാൻ കൂലികൊടുത്തു് പിരിച്ചുവിട്ടു.

കേശവൻനായർക്കു് അസാരം കോങ്കണ്ണുണ്ടായിരുന്നുവോ എന്നൊരു സംശയം. ഉണ്ടായിരുന്നെങ്കിൽത്തന്നെ ആൾ കാഴ്ചയിൽ യോഗ്യനായിരുന്നു. സാമാന്യം സുന്ദരനെന്നതന്നെ പറയാം. 'മാതൃഭൂമി'യുടെ പ്രതിനിധിയാവാൻപറ്റിയ ശരീരഘടന, നല്ല നിറം, പാകതവന്ന പെരുമാറ്റം, ആരെയും വശീകരിക്കുന്ന ചിരി. മറാരോടോ സംസാരിക്കുകയാണെന്നു് തോന്നിക്കുംപോലെ എങ്ങോട്ടോ നോക്കിക്കൊണ്ടുള്ള സംസാരം... ഒക്കെക്കൂടി ഒരാനച്ചന്തം. കോങ്കണ്ണും ചിരിയും പ്രത്യേകം പ്രത്യേകം കാണുമ്പോൾ കൌതുകം തോന്നുമായിരുന്നു. പക്ഷേ, രണ്ടുംകൂടി ഒറ്റനോട്ടത്തിൽ കണ്ടപ്പോൾ എന്തോ ഒരു പന്തികേടനുഭവപ്പെട്ടു.

ഒരസ്വസ്ഥത!

അന്നത്തെ സാഹചര്യങ്ങൾ അത്തരത്തിലായിരുന്നതിനാലായിരിക്കാം ഏതൊന്നിന്റേയും ഇരുണ്ടവശംമാത്രമേ എനിക്കു കാണാൻകഴിഞ്ഞിരുന്നുള്ളു. നല്ലവനായ കേശവൻനായർക്കു് സുന്ദരനായ കേശവൻനായക്കു് കോങ്കണ്ണുണ്ടെന്നു് തോന്നിയതുതന്നെ ഒരുപക്ഷേ, മനസ്സിന്റെ ആ അസ്വസ്ഥതകൊണ്ടായിരിക്കണം.

ഏതായാലും നേവിയിലെ ഇന്റർവ്യൂ കഴിയുന്നതുവരെ അവിടെ താമസിക്കുന്നതിനു് അദ്ദേഹം അനുമതിതന്നു.

അടുത്തദിവസം 'റിട്ടൺടെസ്റ്റാ'യിരുന്നു. അതു് കരുതിയപോലെ അത്രക്കൊന്നും പ്രയാസമുള്ളതായിരുന്നില്ല.

ഉച്ചക്കുമുമ്പുതന്നെ ടെസ്റ്റുകഴിഞ്ഞു. പിന്നെ അന്നു വൈകുന്നവരെ മറ്റൊന്നും ചെയ്യാനുണ്ടായിരുന്നില്ല. ഉച്ചക്കു് ഒരു റാനിക്കടയിൽകയറി ആഹാരംകഴിച്ചു. അതുകഴിഞ്ഞപ്പോൾ തോന്നി ശ്രീധരനെ കണ്ടുപിടിക്കണമെന്നു്.

എ. പി. ശ്രീധരൻ.

ശ്രീധരൻ നാട്ടിൽ ഞങ്ങളുടെ അയൽവാസിയായിരുന്നു. ബംഗ്ലാവിൽ എന്നായിരുന്ന ശ്രീധരന്റെ വീട്ടുപേരു്. ശ്രീധരനും ഭാസ്കരനും രണ്ടു സഹോദരന്മാർ. അതിൽ എളയവനാണു് ശ്രീധരൻ.

കുട്ടിക്കാലത്തുതന്നെ നല്ല ശൊങ്കൻകുട്ടിയായിരുന്നു ശ്രീധരൻ. പഠിത്തക്കാര്യത്തിൽ തെല്ലു പിന്നോക്കമായിരുന്നെങ്കിലും മറ്റു കാര്യങ്ങളിൽ വളരെയേറെ മുന്നോട്ടായിരുന്നതുകൊണ്ടു് അക്കാലത്തുതന്നെ ആ ചുറുചുറുക്കുള്ളവർക്കെല്ലാം അവനെ നല്ലോണം അറിയാമായിരുന്നു. പോരാത്തതിനു് അന്നൊക്കെ ശൊങ്കൻകുട്ടികൾക്കു് പൊതുവെ ലഭിച്ചിരുന്ന പ്രത്യേക പരിഗണനക്കു് ശ്രീധരനും പാത്രീഭൂതനായി.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ പെരുവഴിയിൽകൂടി അങ്ങനെ പ്രയാസപ്പെട്ടു് നീങ്ങിക്കൊണ്ടിരിക്കുന്നതിനിടയിൽ എവിടയോ ഒരു മുട്ടുക്കിൽവെച്ചു് അവൻ പെട്ടെന്നു് ഏതോ ഒരിടവഴിയിലേക്കു തിരിഞ്ഞു.

പിന്നെ കുറേ കാലത്തേക്കു് അവനെ ആരും കണ്ടിട്ടില്ല. കേട്ടുകേൾവിപോലും ഇല്ലായിരുന്നു.

* * *

അത്തരത്തിൽ പൊട്ടന്നനെ അപ്രത്യക്ഷനായ ശ്രീധരൻ എവിടൊക്കയോ ചുറ്റിത്തിരിഞ്ഞു് എന്തൊക്കയോ ഒപ്പിച്ചു് ഏതാണ്ടൊക്കയോ കരസ്ഥമാക്കി ഒടുക്കം ബോമ്പേലെത്തി നാലുപേരറിയപ്പെടുന്നരീതിയിൽ നല്ലനിലയിൽ ദാദറിലെ പാർഡികോളനിയിലെ നല്ലൊരു

(ശേഷം 49 -ൽ)

മമ്മിയും അമ്മിണിഇളയമ്മയും മോളെ കണ്ടു് തൃപ്തിയടഞ്ഞു.

"വരൂ കുട്ടി...മുത്തശ്ശിയുടെ അടുത്തു ചെന്നു് അനുഗ്രഹം വാങ്ങു"

ബേബി എല്ലാവരാലും അനുഗതയായി മുത്തശ്ശിയുടെ അടുത്തേക്കു് പതുക്കെപ്പതുക്കെ നടന്നുചെന്നു. മുത്തശ്ശി പേരക്കിടാവിനെ സന്തോഷാധിക്യത്തോടെ നോക്കി...അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു

ബേബി മുത്തശ്ശിയുടെ കാല്പതൊട്ടു വന്ദിക്കാൻ കുനിഞ്ഞപ്പോൾ മുത്തശ്ശി ഇരുകൈകളും ഉയർത്തി അനുഗ്രഹിച്ചു.

"എന്റെ പൊന്നുമോളു് കുന്തുത്തുവെച്ച വിളക്കുപോലെ ശോഭിക്കട്ടെ..."

ഉമ്മറത്തുനിന്നു് ഉണ്ണി കടന്നുവന്നിട്ടു് അറിയിച്ചു:

"അവർ വന്നിട്ടുണ്ടു്"

കാറിൽനിന്നിറങ്ങിയ എൻജിനീയർ ശശിയേയും കൂടെവന്ന അയാളുടെ അമ്മാവനെയും മിസ്റ്റർ മേനോനും കേശവമേനോനും ഉണ്ണിയുംകൂടിയാണു് സ്വീകരിച്ചതു്. പ്രീമിയർ പദ്മിനി ശശി ഈയ്യിടെയായി വാങ്ങിയ കാറാണു്. ഈ കാറിന്റെ മുൻസീറ്റിൽ ശശിയോടൊപ്പം തന്റെ മകൾ സഞ്ചരിക്കുമല്ലോയെന്നു് മേനോൻ വൃഥാവിൽ ഓർത്തു. മൈസൂരിലേക്കു് യാത്രചെയ്യുമ്പോൾ ശശി ബേബിക്കു് വെറും പ്രീമിയർ പദ്മിനിയിൽ യാത്രചെയ്യുന്നതു് ഒരു പുതുമയൊന്നുമാകില്ല.

ശശി, ഒരൊറ്റ നോട്ടത്തിൽ പരമയോഗ്യനാണെന്നു് മേനോനു തോന്നി. അനുജൻ ഉണ്ടാക്കിയ കല്യാണാലോചനമോശമല്ല. കഷ്ടിച്ചു് ആറടി ഉയരം കാണും. ബേബി ഈ ചെറുപ്പക്കാരന്റെ തോളുവരെ കാണുമായിരിക്കും. ഹൈഹീൽ ചെരിപ്പു് ഉപയോഗിച്ചാൽ ഒന്നൊന്നരയിഞ്ചു് കൂടുതൽ ഉയരം കണ്ടേയ്ക്കും. നല്ല നിറം. നിറത്തിൽ ഇരുവരും

നോവൽ 11

ഏകലവ്യൻ

യോജിക്കും. ചുരുണ്ട തലമുടി ഭംഗിയായി ചീകിവെച്ചിരിക്കുന്നു. ഇന്നത്തെ ചെറുപ്പക്കാരുടെ വികൃതമായ സ്റ്റൈലൊന്നുമില്ല. വീതിയുളിപോലുള്ള കൃതാവും, സായിബാബാ മുടിയും ഹിപ്പിക്കെട്ടും സ്റ്റെപ്പ്കട്ടും കണ്ടാൽ അറപ്പുതോന്നും. എന്തായാലും ഒരന്തസ്സുള്ള പയ്യൻ. അതിനു് യാതൊരു സംശയവുമില്ല. രൂപാ ഒരു ലക്ഷമോ അതിലധികമോ കൊടുത്താലും സാരമില്ല, ഒരോരുത്തരായി ശശിക്കു് ഹസ്തദാനം നൽകി അയാളെയും അമ്മാവനെയും വീട്ടിലേക്കു് ആനയിച്ചു.

അവർ പൂമുഖത്താണു് ഇരുന്നതു്.

പെണ്ണുങ്ങൾ—മിസിസ്സു് മേനോൻ, അമ്മിണിഇളയമ്മ, നിർമ്മല അമ്മായി, എന്നിവർ അകത്തുനിന്നു് ജനലഴികളിലൂടെ പയ്യനെ നല്ലപോലെ നോക്കിക്കണ്ടു. അവർക്കും ശശിയെ ഇഷ്ടപ്പെട്ടു. ഏറിയാൽ ഇരുപത്തിയാറു വയസ്സു്. അതിലേറെ കാണുകയില്ല. ബേബിക്കുമായല്ലോ വയസ്സു് പത്തൊമ്പതു്. അസ്സൽ ചേർച്ച. ഇരുവരും പോകുന്നതുകണ്ടാൽ സഹോദരീ സഹോദരന്മാരാണെന്നേ ആരും പറയൂ. സംഗതി ശരിയായാൽ ഒരുലക്ഷം പോക്കറ്റ് മണിയും അമ്പതുപവനും വീട്ടുസാമാനങ്ങൾക്കും മറ്റുമായി വേറൊരു അമ്പതിനായിരം രൂപയും. മോളായി ഒന്നല്ലെയുള്ളൂ. പോരാത്തതിനു രണ്ടുവീടും കിട്ടിയിട്ടുണ്ടല്ലോ ഇതിനുത്തരുതുക. രണ്ടു ഡോക്ടറും കൂടിയാണു്. മിസിസ്സു് മേനോൻ മനസ്സിൽ ഓരോന്നോർത്തുകൊണ്ടു് നിന്നു.

ശശി എറണാകുളത്താണു് ജോലിചെ

യ്യുന്നതെന്ന പറഞ്ഞു. റോഡ് പണിയാണ്. അപവാദമുണ്ടാവുന്ന ജോലിയാണ്. ചോദിച്ചില്ലെങ്കിലും കോൺട്രാക്ടർമാർ കനത്ത തുകകൾ പോക്കറ്റിലിട്ടു പോകും.

"എന്നവെച്ചു് ഞാനൊരു കറപ്ടഡ് എൻജിനീയറൊന്നമല്ല. ഇന്നത്തെ രീതി പറഞ്ഞെന്നേയുള്ളൂ"

മേനോൻ പറഞ്ഞു.

"കറപ്ഷൻ ഇന്നു് ആഗോളപ്രതിഭാസമായി വളർന്നിരിക്കുകയല്ലെ. തലപ്പത്തിരിക്കുന്ന ഭരണാധികാരികൾമുതൽ ഓഫീസിലെ പ്യൂൺവരെ. ഞാൻ മദിരാശിയിൽ ജഡ്ജിയായിരിക്കുമ്പോൾ, എനിക്കൊരു പി. ഏ. ഉണ്ടായിരുന്നു. ദാറാബാസ്റ്റർ ലക്ഷക്കണക്കിനു സമ്പാദിച്ചു. ഞാനറിയുന്നതു് ഒടുവിലാണു്. അറിഞ്ഞപ്പോൾ ഞാനവനെ ട്ടുക്കിയെറിഞ്ഞു. ഒരു തമിഴൻ"

സംസാരം നീണ്ടുപോയി.

ഉണ്ണി പലവുരു അകത്തേക്കു ചെന്നു.

"ഇനി അവർക്കു് ചായ കൊടുക്കാം. എന്താ വല്ല്യമ്മെ?"

മിസിസ്സു് മേനോൻ മുത്തശ്ശിയുടെ നേരെ നോക്കി. മുത്തശ്ശി പറഞ്ഞു.

"ആദ്യം അയാളു് നമ്മുടെ മോളെ കാണട്ടെ. ഒടുവിലു്മതി ചായസൽക്കാരം"

"അതോണ്ടെന്താ അമ്മാ" അമ്മിണി ഇളയമ്മ ഇടയിൽകയറി പറഞ്ഞു.

"അമ്മിണിസ്സു് അതിന്റെ 'ഹിക്കുമത്തു്' അറിഞ്ഞുകൂടാത്തെയാണു്.

പറേണമതിരി നിങ്ങളു് അന്വേസരിച്ചാൽമതി".

ഉണ്ണി ശശികാണാതെ കേശവമേനോനെ കണ്ണുകാണിച്ചു. തന്റെ പഠനമുറിയിലേക്കു് വരാൻ ആംഗ്യം കാണിച്ചു. കേശവമേനോൻ ഉണ്ണിയുടെ അടുത്തുചെന്നു.

"അച്ഛാ. എന്റെ അഭിപ്രായത്തിൽ ശശിയും ബേബിയും ഒറക്കു്കണ്ടു് സംസാരിക്കട്ടെ. അതാ നല്ലതു്. ദെ കേൻ ടോക്കു് ഓവർ ഏ കപ്പു് ഓഫ് ടീ".

"പഴെ നാട്ടുനടപ്പു് അങ്ങിനെയല്ല"

"അതൊക്കെ മറന്നേക്കു അച്ഛാ".

ബേബി ഒരു കോസ്മൊപോളിറ്റൺ നഗരത്തിൽ ജനിച്ചുവളർന്ന കുട്ടിയാണു്. അവൾക്കു് ശശിയോടു് ഒറക്കു് ചോദിക്കണമെന്നുണ്ടാകും. അയാൾക്കും തന്റെ ഭാവിവധുവിനോടു് എന്തെങ്കിലും ചോദിച്ചറിയണമെന്നുണ്ടാകും"

കേശവമേനോൻ നിസ്സഹായതയിൽ ഇരുതോളുകളും ചലിപ്പിച്ചു.

"അങ്ങിനെയാണെങ്കിൽ ശരി. പക്ഷേ, ആരാ ശശിയോടു് പറ്യാ".

"നിങ്ങൾ മുതിന്നവർക്കു് പറ്യാൻ വിഷമമാണെങ്കിൽ ഞാൻ പറയാം. അങ്ങിനെ പറയുന്നതിൽ യാതൊരു അപാകത

യുമില്ല".

"എന്നാ ശരി. നീതന്നെ പറഞ്ഞൊ?"

ഉണ്ണിയുടെ പഠനമുറിയാണ് അവരുടെ കൂടിക്കാഴ്ചക്ക് തിരഞ്ഞെടുത്തത്.

"വരു. ശശി. അവർ മുതിർന്നവർ അവിടെയിരുന്ന സംസാരിക്കട്ടെ. നമുക്ക് ഒരു കാര്യം പറയാനുണ്ട്".

ശശി ഉണ്ണിയുടെ പിറകെ പഠനമുറിയിലേക്ക് കടന്നു.

"ഇരിക്കു"

ശശി ഇരുന്നു. ഉണ്ണി തെളിഞ്ഞ മുഖഹാസത്തോടെ പറഞ്ഞു.

"ഞാൻ ബേബിയെ പറഞ്ഞയക്കാം. നിങ്ങൾ പരസ്പരം സംസാരിക്കുന്നതല്ലെ അതിന്റെ ഭംഗി. അറിയാനും പറയാനും കാണും. അറിയു, അടുത്തറിയു".

ശശി പുഞ്ചിരിതൂകി.

ഉണ്ണി ക്ഷമചോദിച്ചുകൊണ്ട് മുറിവിട്ടുപോയി.

ഏതാനും നിമിഷങ്ങൾ ഒരു പെരുമ്പാമ്പിനെപ്പോലെ ഇഴഞ്ഞുനീങ്ങി. ഫാൻ കറങ്ങുന്നുണ്ടായിട്ടും, അയാളുടെ നെറ്റിയിൽ വിയർപ്പുപൊടിഞ്ഞു. തൂവാലകൊണ്ട് അയാൾ നെറ്റിയും മുഖവും തുടച്ചു. അപ്പോൾ തുറന്നിട്ടിരുന്ന അകത്തുനിന്ന് ഉണ്ണിയുടെ പഠനമുറിയിലേക്ക് കടക്കാവുന്ന, വാതിലിൽ തന്റെ പ്രതിശ്രുതവധുവിനെ ശശികണ്ടു. അവർ പരസ്പരം നോക്കി. നാടൻപെണ്ണിന്റെ കൃത്രിമത്വത്തിൽ പൊതിഞ്ഞ നാണം വലിച്ചെറിഞ്ഞു", ബേബി പുഞ്ചിരിതൂകി. പ്രഭാതവന്ദനം പറഞ്ഞു. ശശി ഇരിപ്പടത്തിൽനിന്ന് അല്പമൊന്ന് പൊങ്ങി ബേബിയോട് ഇരിക്കാൻ അപേക്ഷിച്ചു. ശബ്ദമുണ്ടാക്കാതെ ചൂരൽകസേരവലിച്ചിട്ട് ശശിയുടെ അഭിമുഖമായി അവൾ ഇരുന്നു.

വാതിൽപാളിയിൽ പതുക്കെമുട്ടി ശബ്ദമുണ്ടാക്കിക്കൊണ്ട് ഉണ്ണി ഒരു ട്രേയിൽ രണ്ടുകപ്പ് കാപ്പിയുമായി വന്നു. അയാൾ ചിരിച്ചുകൊണ്ട് ഓരോകപ്പ് ശശിയുടെയും ബേബിയുടെയും മുമ്പിൽ വെച്ചിട്ട് തമാശയിൽ പറഞ്ഞു.

"കാപ്പി കുടിച്ചുകൊണ്ട് വർത്തമാനം പറഞ്ഞാൽ ഉഷാറുണ്ടാകും."

ഉണ്ണി ക്ഷമചോദിച്ചുകൊണ്ട് വാതിൽ ചാരിയടച്ച് അകത്തേക്ക് മടങ്ങി.

ശശി കാപ്പിക്കപ്പെടുത്തു ബേബിയോടും കാപ്പികുടിക്കാൻ പറഞ്ഞു. ബേബിയും കാപ്പിക്കപ്പെടുത്തു. ശശി ഒരിറുക്ക് കുടിച്ചു കപ്പ് മേശപ്പുറത്തുവെച്ച് അധരങ്ങൾ തൂവ്വാലകൊണ്ട് തുടച്ച്, പതിഞ്ഞ സ്വരത്തിൽ ചോദിച്ചു.

"ഏതു കോളേജിൽ പഠിക്കുന്നു?"

"പ്രീഡിഗ്രി സെക്കണ്ട് ഇയ്യർ. ആർ ഏഞ്ചൽസ് കോളേജ്"

"ഏതൊക്കെയാണ് വിഷയങ്ങൾ?"

"സയിൻസ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി"

ശശി ചിരിച്ചുകൊണ്ട് തിരക്കി.

"അപ്പോൾ ഒരു ഡോക്ടറാവാനുള്ള തയ്യാറെടുപ്പാണൊ?"

"ഡോക്ടറാവണമെന്നാണ് ഡാഡിയുടെ ആശ"

"ബേബിയുടേയൊ?"

അവർ ഒരുനിമിഷം തമ്പിട്ടു. പിന്നെയാതൊരു സങ്കോചവുംകൂടാതെ ശശിയുടെ നേരെ നോക്കി പറഞ്ഞു.

"എനിക്ക് അഭിരുചി സ്വത്തത്തിലും അഭിനയത്തിലുമാണ്. എനിക്ക് ഭരതനാട്യവും, കുച്ചിപുഡിയും അല്പം മണിപ്പുരി നൃത്തവുമറിയാം".

"ദാറ്റീസ് ഫൈൻ! കേരളത്തിലെ പെൺകുട്ടികൾക്ക് നൃത്തത്തിലൊന്നും വലിയ കമ്പമില്ലാത്തവരാണ്. അവർക്ക് ഏറിവന്നാൽ വല്ല കൈകൊട്ടിക്കളിയൊ മറ്റൊ അറിയാം. ദാറ്റ്സ് ആൾ?"

ഇരുവരും ചിരിച്ചു.

ശശി ഓർമ്മപ്പെടുത്തി.

"പ്ലീസ്, കാപ്പി തണുത്താറും"

ബേബി കാപ്പി ഒരിറുക്ക് കുടിച്ചു കപ്പ് താഴെവെച്ചു.

ശശി കാപ്പിക്കപ്പിൽ നഖംകൊണ്ട് എറ്റി ശബ്ദമുണ്ടാക്കിക്കൊണ്ട് തിരക്കി.

"അടുക്കളപ്പണി—"

കാൽ കാലിന്മേൽ കയറ്റിവെച്ച്, സാരി നേരെയിട്ടുകൊണ്ട് പറഞ്ഞു.

"സോറി"

"അതു് സാരമില്ല, അടുക്കളസാഹിത്യം ധാരാളമുണ്ടല്ലൊ. അതു് വായിച്ച് പഠിച്ചാൽമതി".

ഒരു നിമിഷത്തെ നിശ്ശബ്ദത. ശശി കാപ്പിമുഴുവൻ കുടിച്ചുതീർത്തു.

"ഞാനൊരു സിഗറ്റ് കത്തിച്ചു വലിച്ചോട്ടെ?"

"ഒഫ് കോഴ്സ്".

ശശി ഒരു സിഗറ്റിനു തീപിടിപ്പിച്ചു.

ഇനി ഞാനെന്നെക്കുറിച്ചു പറയാം. നിങ്ങൾക്ക് കേൾക്കാൻ കൌതുകമുണ്ടാകുമല്ലൊ.

ഞാനൊരു സിവിൽ എൻജിനിയറാണ്. എക്സിക്യൂട്ടീവ് എൻജിനിയർ. എറണാകുളം ഡിവിഷൻ. ഏ ഐ. എം. ഈക്ക് പ്രൈവറ്റായി പഠിക്കുന്നു. മദ്യപിക്കില്ല. അല്പം പുകവലിയുണ്ട്. ഞങ്ങൾ രണ്ടു സഹോദരന്മാരാണ്. അനുജൻ എയർഹോഴ്സിൽ പൈലറ്റ്. ഡാഡി റിട്ടയാർഡ് ബ്രിഗേഡിയറാണ്. അമ്മ കുടുംബഭരണം. പിന്നെ ബേബിയുടെ കുടുംബ ചുറുപാടുകൾ എനിക്ക് അറിയുകയും ചെയ്യാം".

വിരലുകൾക്കിടയിൽ കത്തിയെരിഞ്ഞ അറ്റം ചാമ്പലായിക്കൊണ്ടിരിക്കുന്ന സിഗറ്റിലേയ്ക്കുനോക്കിക്കൊണ്ട് ശശി തുടർന്നു.

"ഇനി ഇൻർവ്യൂന്റെ റിസൾട്ട് എന്റെഭാഗ്യത്തിനനുകൂലമാകുമെന്നു പറഞ്ഞേക്കാം."

ശശിയുടെ അധരങ്ങളിൽ ഒരു നനുപുഞ്ചിരി ഒളിമിന്നി.

"കാരണം പഴയകാലങ്ങളിൽ വിവാഹംകഴിക്കാൻ നീണ്ടുപോകുന്ന പ്രൊസീജറുകളും ഇടയ്ക്ക് റെഡ് ടേപ്പുകളുമുണ്ടായിരുന്നു. എനിക്ക് അതൊന്നും ഇഷ്ടമില്ല. നേരായമാർഗ്ഗം, എളുപ്പമാർഗ്ഗം എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട്.." ശശി ബേബിയുടെ മുഖത്തേക്ക് കണ്ണുകളിലേക്കു ഉറുനോക്കിക്കൊണ്ട് അതേ പുഞ്ചിരിയോടെ തുടർന്നു.

"എനിക്ക് ബേബിയെ ഇഷ്ടമായി.

എന്റെ ജീവിതസഖിയായി ഞാൻ ബേബിയെ മനസാ തിരഞ്ഞെടുത്തിരിക്കുന്നു.

സബ്ജക്ട് ടു യുവർ അപ്രൂവൽ,യുവർ വിഷ്""

ശശി സിഗറ്റ് കുത്തിക്കെടുത്തി ഇരിപ്പടത്തിൽനിന്നെഴുനേറ്റ്, ജനലഴികളിലൂടെ പുറത്തേയ്ക്ക് എറിഞ്ഞു, വീണ്ടും ഇരിപ്പടത്തിൽവന്നിരുന്നു, ബേബിയുടെ അഭിപ്രായം കേൾക്കാൻ ഉത്സുകനായി.

ബേബി നിലത്തേക്കുനോക്കിയിരുന്നപിന്നെ മുഖമുയർത്തി. അവളുടെ മുഖം ചൊമന്നു തുടുത്തിരുന്നു. അസ്വസ്ഥത ആ മുഖത്തു് പടർന്നുപിടിച്ചു. തലമുടിയിലൂടെ വെറുതെ കയ്യോടിച്ചു, മുഖം ഉറുമാലുകൊണ്ടു് തുടച്ചു, ബേബി താഴ്ന്നസ്വരത്തിൽ പറഞ്ഞു.

എന്നെക്കുറിച്ചു താങ്കൾ പറഞ്ഞ നല്ല വാക്കുകൾക്കു് നന്ദി. എന്നെ ഇഷ്ടപ്പെട്ടുവെന്നു് തുറന്നുപറഞ്ഞതിൽ എനിക്കു് വളരെ സന്തോഷമുണ്ടു്. നിങ്ങൾ വളരെ മാന്യനായ ഒരു വ്യക്തിയാണു്.

"താങ്കൾ തുറന്നുപറഞ്ഞതുകൊണ്ടു് എനിക്കും തുറന്നുപറയേണ്ടിയിരിക്കുന്നു."

ശശി അവളുടെനേർക്കു് ഉത്കണ്ഠയോടെ നോക്കിയിരുന്നു. പൊടുന്നനെ ബേബി ഇരിപ്പടത്തിൽനിന്നെഴുനേറ്റു. ശശിയും യാന്ത്രികമായി എഴുനേറ്റു.

"നോക്കു, എന്നെ തെറ്റിദ്ധരിക്കരുതു്.

നാലു ചുമരുകൾക്കുള്ളിൽ, ഒന്നരണ്ടു കുട്ടികളുടെ അമ്മയായി ജീവിതം അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കലയുടെ ലോകത്തു് കഴിയാനാണു് ഞാൻ മോഹിക്കുന്നതു്.. അതു കൂടാതെ ...എന്നെ തെറ്റിദ്ധരിക്കരുതെ... ഞാൻ ... ഞാൻ ... മറ്റൊരു വ്യക്തിയുമായി സ്നേഹത്തിലാണു്... താങ്കളെ ചതിക്കാൻ ഞാനൊട്ടും ആഗ്രഹിക്കുന്നില്ല."

ഒരുനിമിഷം അയാൾ പതറി. മുഖം വിളറി. അടുത്ത നിമിഷത്തിൽ ശശി മനസ്സിന്റെ സമനില വീണ്ടെടുത്തു.

അയാൾ മന്ദഹസിച്ചു. വിഷാദം ചാലിച്ചുചേർത്ത മന്ദഹാസം.

"മിസ് ബേബി. ഞാൻ നിങ്ങളുടെ മനോധൈര്യത്തെയും തുറന്നമനസ്സിനെയും വാഴ്ത്തുന്നു. താങ്ക്യൂ "

ബേബി കൈകൂപ്പി അകത്തേയ്ക്കു കടന്നു. ശശി പുറമെ പൂമുഖത്തേയ്ക്കും.

ചിരിച്ചുകൊണ്ടുവരുന്ന ശശിയെക്കണ്ടു് എല്ലാവരും സന്തോഷിച്ചു. ഏറ്റവും കൂടുതൽ സന്തോഷിച്ചതു് മേനോനായിരുന്നു.

(തുടരും)

"ആ ചോദ്യം അനാവശ്യമാ."

"അതെങ്ങനാ അനാവശ്യമാകുന്നേ?"

"എങ്ങനാന്നോ? മറ്റാരെങ്കിലും ആ അവകാശം പുറപ്പെടുവിച്ചുകൊണ്ട് മുന്നോട്ട വന്നിട്ടുണ്ടോ?"

അതവിടൊരു കൂട്ടച്ചിരിക്ക് കളമൊരുക്കി.

മറ്റൊരു പത്രപ്രതിനിധി ചോദിച്ചു.

"ജ്യോതിയുടെ എത്രാമത്തെ ബെർത്ത് ഡേയാ ഇതു?"

"പതിനെട്ട്. എയ്റ്റീൻ."

"പറയത്തില്ല."

"ചുമ്മാതല്ല. ആ ശരീരക്കൂറ് അങ്ങനെയാ. അവളുടെ തള്ള അതാ നില്ക്കുന്നു. നോക്ക്. എത്ര പറയും?"

"വയസ്സോ?"

"പിന്നെ കാശോ?"

"ഒരു ... മുപ്പത്തൂ മുപ്പത്തഞ്ചു."

തന്നെ? അതാ പറഞ്ഞതു്. യഥാർത്ഥത്തിൽ അവൾക്ക് വയസ്സെത്രയാന്നോ? ഫോട്ടീഫൈ. നാല്പത്തഞ്ചു."

"അപ്പോൾ ചേട്ടനോ?"

"സത്യം പറഞ്ഞാൽ ഞാൻ അവളെക്കാൾ ചെറുപ്പമാ. നാല്പതേ ആയുള്ളൂ എനിക്ക്. എന്റെ സൗന്ദര്യവും രാജമ്മയുടെ ശരീരക്കൂറുമാ ജ്യോതിമോൾക്ക് കിട്ടിയിരിക്കുന്നതു്."

അപ്പോൾ അവിടെനിന്നും പൊട്ടിപ്പുറപ്പെട്ട ചിരി എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടേയ്ക്കാകർഷിച്ചു.

"ഇയാളീ പാർട്ടി കളമാക്കും!" കേശു അതും പറഞ്ഞുകൊണ്ട് അങ്ങോട്ട പോകാൻ ഭാവിച്ചു.

അപ്പോൾ പൊടുന്നനെ മറ്റൊരു കാഴ്ച കണ്ട് അയാൾ ഞെട്ടി. അയാൾ മാത്രമല്ല ജ്യോതിയും രാജമ്മയും അതു കണ്ടു.

ഉസ്മാനും കറിയാച്ചനും അവരുടെ പിന്നാലെ ചട്ടമ്പികളെന്ന് തോന്നിക്കുന്ന നാലഞ്ചുപേരും കടന്നുവരികയായിരുന്നു.

"മോളേ! ദേ കറിയാസാറ് വരുന്നു! അല്ലാ ഉസ്മാൻസാറുമുണ്ടല്ലോ! വന്നാട്ടെ, വന്നാട്ടെ!" എസ്. എൻ. പിള്ള അവരെ സ്വാഗതംചെയ്യാൻ മുന്നോട്ടോടിച്ചെന്നു.

കേശുവും ജ്യോതിയും ഇതിനിടെ ചില രഹസ്യങ്ങൾ കൈമാറി

വിട്ടുവീഴ്ചനായ പിള്ള അതിഥികളുടെ കൈപ്പിടിച്ച് അവരെ പന്തലിനകത്തേക്ക് ആനയിച്ചുകൊണ്ട് പറഞ്ഞു. "കേട്ടോ കറിയാസാറേ, മോളു് പറഞ്ഞു, അല്ലാ, തീർച്ചയായും വരുമെന്നു്. എന്താന്നറിയാമോ? എനിക്ക് നിങ്ങളുടെകാര്യത്തിൽ അത്ര ഉറപ്പാ!... വന്നാട്ടെ!"

കറിയാച്ചൻ അയാളെ അടുത്തുകിട്ടിയ സൗകര്യമുപയോഗിച്ച് ഒരു ധൃതരാഷ്ട്രാലിംഗനത്തിൽ ശ്വാസംമുട്ടിച്ചുകൊണ്ട് പറഞ്ഞു.

"എടോ പുള്ളാച്ചാ! പുള്ളാച്ചന്റെ അമ്മേടെ, അല്ല മോടെ പാർട്ടിക്ക വന്നില്ലേൽ പിന്നെ ആരുടെ പുലകുളിയ്ക്കാടോ ഞങ്ങൾ പോകുന്നതു്?"

ഉസ്മാൻ അതിനെ പിന്താങ്ങി.

"എന്തെല്ലാം തടസ്സങ്ങൾ നീക്കിയേച്ചാന്നറിയാമോ ഞങ്ങളിവിടെ സമയത്തിനുതന്നെയെത്തിയതു്?"

അല്പം അകലെനിന്ന് തന്നെ ശ്രദ്ധിക്കുകയായിരുന്ന ജ്യോതിയോട്ട് കറിയാച്ചൻ വിളിച്ചുചോദിച്ചു.

"മോളേ! ഇവിടൊരു കിളവൻ നില്പൊണ്ട്!"

അവൾ സന്ദർഭത്തിനൊത്തുയർന്നു. വശ്യമായൊരു കുനിമുച്ചിരിയോടെ അവൾ അങ്ങോട്ടേയ്ക്കോടിച്ചെന്നു.

"വന്നാട്ടെ കറിയാസാറേ!...ഉസ്മാൻസാറും വന്നേ!... രണ്ടുപേരും സമയത്തിനുതന്നെ എത്തിയതിൽ എനിയ്ക്കുതിയായ സന്തോഷമുണ്ട്."

"സത്യംപറഞ്ഞാൽ ഞങ്ങളൊക്കെ വിഷമിച്ചിരിക്കുവായിരുന്നു രണ്ടുപേരെയും കാണാഞ്ഞു്. ഇപ്പഴാ ഒരു സമാധാനമായതു്. ഇനി ചടങ്ങല്ലാം കഴിഞ്ഞിട്ടേ പോകാവൂ!...വന്നാട്ടെ!"

പിള്ള നടുക്കുനിന്നുകൊണ്ട് അവരെ രണ്ടുപേരെയും അകത്തേക്ക് തെളിച്ചു.

"അതൊക്കെ മനസ്സിന്റെറയൊരു തെളിച്ചമാടോ! നിങ്ങൾ പറയുന്നതു് ഞങ്ങൾ മനസ്സിൽ കാണും...മോടെ അമ്മയും ഒരുക്കമൊട്ടും കുറച്ചിട്ടില്ലല്ലോ!" കോപഭാവത്തിൽ നിൽക്കുകയായിരുന്ന രാജമ്മയെനോക്കി കറിയാച്ചൻ പറഞ്ഞു.

രാജമ്മ അതു് കേട്ടതായി നടിക്കാതെ മറ്റൊരിടത്തു് ശ്രദ്ധിച്ചുനിന്നു. കറിയാച്ചനുണ്ടോ വിടുന്നു. അവരുടെ അടുത്തു ചെന്നുനിന്നു് ചോദിച്ചു.

"എന്നാ സുഖമാണോ? .. എല്ലാരുമുണ്ടല്ലോ! ആ ചാടിപ്പോയവളു് വന്നിട്ടൊണ്ടോ?"

രാജമ്മയ്ക്ക് അതുകേട്ട് കാലിലെ പെരുവിരലിൽനിന്നും അരിശം അരിച്ചുകയറി. അവർ കടുത്ത കോപത്തിൽ അയാൾമാത്രം കേൾക്കത്തക്കവിധത്തിൽ പറഞ്ഞു.

"അതിനു് മറുപടിപറയാൻ പറ്റിയ സ്ഥലവും സന്ദർഭവുമല്ല ഇതു്. വല്യ സീനിയാനിർമ്മാതാവൊക്കെയായിരിക്കാം. അനാവശ്യംപറഞ്ഞാൽ വായിലെ പല്ലു് കാണത്തില്ല. പറഞ്ഞേക്കാം."

കറിയാച്ചൻ അതരമൊരു പ്രതികരണം അവരിൽനിന്നും പ്രതീക്ഷിച്ചതല്ലായിരുന്നു. ചെറിയൊരു പതുങ്ങലോടെ ചുറ്റിലും നോക്കി. ഉസ്മാനും പിള്ളയും അല്പം അകലെയെത്തിക്കഴിഞ്ഞു. അയാൾ വേഗത്തിൽ അങ്ങോട്ട് നടന്നു.

ജ്യോതി വേറൊരുകൂട്ടരെ സ്വീകരിച്ചുകൊണ്ട് നിൽക്കുമ്പോൾ കേശു അവളെ സമീപിച്ച് പതുക്കെപ്പറഞ്ഞു.

"ജ്യോതിയ്ക്കൊരു ഫോൺകാളുണ്ട്. പ്രൊഡ്യൂസർ അരുണാചലമോ. മധുരയിൽനിന്നും എസ്. ററി. ഡി.കാര്യം ചോദിച്ചപ്പോൾ പേഴ്സണലാണെന്നും അർജന്റാണെന്നും പറഞ്ഞു. ആശംസ അറിയിക്കാനോ മറ്റോ ആയിരിക്കും."

ജ്യോതി ഫോണിരിക്കുന്നയിടത്തേയ്ക്ക് ധൃതിയിൽ നടന്നുചെന്നു.

"ഹലോ! ജ്യോതി ഹിയർ:" അവൾ റെസീവറെടുത്തു് സംസാരിച്ചു.

"അരുണാചലം സാറാണോ?...മാനേജരോ? എന്താ?... വാട്ട് ആർ യു സേയിംഗ്? എഗ്രിമെന്റു് ക്യാൻസൽഡ്? കാരണം?...ഹലോ!...ഹലോ!..."

അസഹ്യമായ സ്നേഹം ഇരച്ചുകയറിയ മുഖവുമായിനിന്ന അവളോട് അപ്പോഴവിടെത്തിയ കേശു ആകാംക്ഷയോടെ ചോദിച്ചു.

"എന്താ, എന്താ ജ്യോതി?"

"ഓ! ഒന്നുമില്ല..."

അവൾ അവിടെനിന്നും തിരക്കിട്ട് നടന്നു് വീണ്ടും ആർബ്ബഹളത്തിൽ ലയിച്ചു.

അല്പം കഴിഞ്ഞു് പന്തലിനകത്തും പുറത്തുമുള്ള സ്പീക്കറുകളിലൂടെ ചടങ്ങിന്റെ സംഘാടകരിലൊരാൾ വിളിച്ചുപറഞ്ഞു.

"ലേഡീസ് ആൻറ് ജെൻറിൽമെൻ! യുവർ അറ്റൻഷൻ പ്ലീസ്!"

സദസ്സു് നിശ്ശബ്ദമായി.

"നമ്മുടെ ചലച്ചിത്ര നഭോമണ്ഡലത്തിൽ ജാജ്വല്യമാനമായി പ്രശോഭിച്ചുകൊണ്ടിരിക്കുന്ന, ഇക്കൊല്ലത്തെ ഏറ്റവും നല്ല നടിക്കുള്ള ദേശീയ അവാർഡിനർഹയായ, മിസ്സ്. ജ്യോതിക്കുമാരിയുടെ ബെത്ത്ഡേ-പാർട്ടി ഇതാ സമാരംഭിക്കുകയായി. മിസ്സ്. ജ്യോതി ഇപ്പോൾ ബെർത്ത്ഡേ കേക്കു് മുറിക്കുന്നതാണു്. അതേത്തുടർന്ന് പാർട്ടി ആരംഭിക്കും."

നിശ്ശബ്ദനിമിഷങ്ങൾ ചിലതു് ക

ഴിഞ്ഞു.

ജ്യോതി ഒരു സ്വർലോകസുന്ദരിസമാനയായി സ്റ്റേജിൽ പ്രത്യക്ഷപ്പെട്ടു. അവളോടൊപ്പം അവളെയും വെല്ലുന്നതരത്തിലുള്ള അനേകം സുന്ദരികൾ അവിടെ സന്നിഹിതരായി.

"ഹാപ്പി ബെർത്ത്ഡേ ടു യൂ" യെന്ന കോറസ്സ് ആർച്ചെസ്ട്രാപാർട്ടി ശ്രുതിമധുരമായി ആലപിച്ചു, സദസ്സിൽനിന്നും കരഘോഷധ്വനികൾ ആഹ്ലാദം അലതല്ലിക്കൊണ്ടിരിച്ചു. ജ്യോതി വിവിധ വികാരങ്ങളാൽ വീർപ്പുമുട്ടിക്കൊണ്ട്, ആനന്ദാശ്രുക്കളാൽകനിന്ന കണ്ണുകളാൽ എല്ലാവരെയും നോക്കി കൂപ്പുകൈ അർപ്പിച്ചശേഷം, മേശപ്പുറത്ത് ഒരുക്കിവെച്ച അതിമനോഹരമായ കേക്ക് സാവധാനം മുറിച്ചു.

ഈസമയത്ത് പന്തലിനപ്പുറമുള്ള ഹാളിന്റെയൊരു മൂലയിൽ മറ്റൊരു സംഭവത്തിനു് തിരശ്ശീല ഉയരുകയായിരുന്നു. ഉസ്മാനും കറിയാച്ചനും കൂടെവന്ന കൂലിപ്പെട്ടത്ത ചട്ടമ്പിമാരും തമ്മിൽ രഹസ്യമായി കൂടിയാലോചിച്ചശേഷം പതുക്കെ ആരുടെയും ശ്രദ്ധയിൽപ്പെടാതെ ടെലഫോണിരിക്കുന്ന സ്ഥലത്തേക്ക് നീങ്ങി.

"എടോ നോക്കിയേച്ചുവേണം വിളിക്കാൻ. ഇവിടത്തെ ഫോൺ എന്തും ചത്തുകിടക്കുകയാ പതിവു്." കറിയാച്ചൻ ഉസ്മാനോടു് രഹസ്യമായി നിർദ്ദേശിച്ചു.

ഉസ്മാൻ ഫോൺചെയ്യാനൊരുങ്ങിയപ്പോൾ, കറിയാച്ചൻ അയാൾക്ക് കാവൽ നിന്നുകൊണ്ട് ഒരു മൂളിപ്പാട്ട് പാടി.

"ആകാശങ്ങളിൽ വാണരുളും അനശ്വരനായ പിതാവേ..."

ഉസ്മാൻ മെല്ലെ സംസാരിച്ചു.

"ഹലോ സെൻട്രൽ എക്സൈസ് ഓഫീസല്ലേ?!..ഹോട്ടൽ കൈലാസോ? കറിയാച്ചനതുകേട്ട് അരിശംവന്നു.

"കൈലാസമല്ല വൈകുണ്ഠം! ഇവൻ ആളു് വരുന്നതുവരെ ഇതുംവെച്ചിങ്ങനെ കറക്കിക്കൊണ്ടിരിക്കും."

"ഹലോ" ഉസ്മാൻ വീണ്ടും പതുക്കെ വിളിച്ചു. "സെൻട്രൽ എക്സൈസ് ഓഫീസ്'...ആം ഐ സ്പീക്കിംഗ് ടു ദി കമ്മീഷ്ണർ? ഗുഡ്നൈറ്റ് സർ. ഒരു സീക്രറ്റ് ഇൻഫർമേഷനിൽ. ഫിലിംസ്റ്റാർ ജ്യോതിയോട ഹൗസിലെ ഇപ്പോ ഒരു പ്രമാദമാന പാർട്ടി നടന്നിണ്ടിരുക്കു്. ആമ. കോടമ്പാക്കത്തിലെ. ഏരാളമോ സ്മഗിർഡ് ഗുഡ്സോട ട്രാൻസാക്ഷനും അതോടശേർന്നു് നടന്തിണ്ടിരുക്കു്. ഇന്ത ജ്യോതിയെ ഉങ്കളുക്കു് തെരിഞ്ചതുതാനേ? പെരിയ സ്മഗ്ളർ ആൻറു് ചീറ്റർ്. ഇവകിട്ടെ ബ്ളാക് മണിയും ഏരാളമാ ഇരുക്കു്. ശട്ണു് വന്നു് ഒരു സെർച്ച് പണ്ണിനാൽ യു വിൽ ഗെറ്റ് ഏ ബിഗ് കാച്ചു്!... എന്ന? നാനാ? അയാം എ വെൽവിഷർ! താങ്ക്സ്."

അയാൾ റെസീവർ വെച്ചു.

"ഉടനെ എത്തുവോ? അതോ കാറും വണ്ടിമൊക്കെ അയച്ചുകൊട്ടുക്കണോ?" കറിയാച്ചൻ രഹസ്യത്തിൽ ചോദിച്ചു.

"ഉടനെയെത്തും."

"ഈശോമിശിഹാസ്സു് സ്തുതിയായിരിക്കട്ടെ!"

ഇരുവരും ചട്ടമ്പിസംഘവും ജനക്കൂട്ടത്തിനിടയ്ക്കു് വീണ്ടും കലർന്നു. കേളുവിന്റെ രഹസ്യദൂതന്മാർ മുഖേന ഉസ്മാൻ ഫോൺചെയ്ത വൃത്താന്തം അയാളറിഞ്ഞു. എവിടേയ്ക്കാണെന്നോ എന്തിനാണെന്നോ അറിയാത്തതുകൊണ്ട് കേളുവിന് പെട്ടെന്നൊന്നും ചെയ്യാൻ കഴിഞ്ഞില്ല. എങ്കിലും അയാൾ ജാഗ്രതയോടെ അവരുടെ പിന്നാലെ ചുറ്റിക്കൊണ്ടിരുന്നു.

കറിയാച്ചനെയും ഉസ്മാനെയും അന്വേഷിച്ചു നടക്കുകയായിരുന്ന എസ്. എൻ. പിള്ള ഒടുവിൽ ആൾക്കൂട്ടത്തിനിടയ്ക്കു് അവരെ കണ്ടെത്തി.

"ഹ! കറിയാസാറു് ഇവിടെ നിക്കുവായിരുന്നോ! ഞാനെവിടെല്ലാം അന്വേഷിച്ചു! വന്നേ! സ്പല്ലം വല്ലതും കഴിക്കാം. ഉസ്മാൻസാറും വാ!"

അപ്പോഴേക്കും തിക്കും തിരക്കുമായിക്കഴിഞ്ഞിരുന്ന ഡൈനിംഗ് ഹാളിലേക്കു്, അവർ മെല്ലെ നടന്നു.

"പുള്ളാച്ചാ! മധുരം വല്ലതുമുണ്ടെങ്കിലു് നേരത്തേ അതങ്ങു് മാറിവെച്ചേരേ കേട്ടോ? എനിക്കു് ലേശം ഷുഗറുണ്ടു്, കറിയാച്ചൻ പിള്ളയോടൊപ്പം നടന്നുകൊണ്ടു് പറഞ്ഞു.

ലസ്റ്റിവെട്ടി

രമാകാന്തൻ

ഇരവർഷത്താൽ മന്നിൻ മാറുകീറുന്ന
സൂര്യൻ
ധരയോ നിരാലംബ! കണ്വപുത്രിയെ
പ്പോലെ
ഏതൊരു ദുർവാസാവിൻശാപമോ
വിരൽനീട്ടി
ഊരിയതരിജ്ഞാനം! എന്നിനി
ഏഴാമങ്കം?
അന്യകന്യകാഗോളു'ക്കാബറേ'
നൃത്തംകണ്ടു
തന്തനംമയങ്ങവേ മന്നിനെച്ചുട്ടു സൂര്യൻ?
കണ്വനും പെൻഷൻപറ്റി
നാളെണ്ണിക്കഴിയുന്ന
കണ്മണിപ്പൈതലുപ്പംകാത്ത തോഴിമാർ
തെരുവിലും!
പിഞ്ഞാണിൽ ചാപ്സായ് മാറി
മാൻകുട്ടി ദീർഘോപാംഗൻ
സന്യാസിശിഷ്യന്മാരോ ദുബായിൽ
കൊയ്യാൻപോയി
വിത്തമോഹത്തിൻ നീണ്ട കത്തികൾ
കരയുന്ന
വൃക്ഷവല്ലരികൾ തൻകണ്ണുങ്ങളുറുക്കുന്ന
വനമാം വരകന്യ വാരിച്ചുറ്റിയ സാരി
കനിവെന്നിയേ ദുശ്ശാസനന്മാരഴിക്കുന്ന
തൊഴകയ്യോടെനിന്ന
താമരക്കുളങ്ങളോ
ചിതകൾപുകയുന്ന ചുടുകാടുകളായി
ദേവദത്തന്മാരെയ്തുവ്വഴിത്തുന്ന
കിളികളെ!
പൂവുകോർത്തിളിപ്പുന്ന 'നീതി'കർ
ബയണറ്റിൽ!
മില്ലുതുപ്പിയ വിഷം മാലിനി
ചുമക്കുന്ന
എല്ലുരുക്കുന്നനിത്യം ചണ്ഡ
മാർത്താണ്ഡോദ്ദണ്ഡൻ!
ഇലയും കൊമ്പുംപോയ നാടുവാഴികൾ
തെല്ലു
തണലേകുവാനാകാ തെപ്പൊഴും
തപിക്കുന്നു
പതിരും ചണ്ടുംകണ്ടു കർഷകൻ
ദഹിക്കുന്നു
പുരുഭീസതൻ ഫാലനയനം
ജ്വലിക്കുന്നു
ഇരവർഷത്താൽ മണ്ണിൻ മാറുകീറുന്നു
സൂര്യൻ
ധരയോ നിരാലംബ! കണ്വപുത്രിയെ
പ്പോലെ.

—o—

"അതുപിന്നെ എനിക്കറിയാൻ മേലേ? മോളു് പറഞ്ഞിട്ടുണ്ടു്.?

"ഹ! അതും പറഞ്ഞോ? കത്താവേ! എന്തൊക്കെയാണോ ഇവളുമാരു് പറഞ്ഞു പരത്തിയിരിക്കുന്നേ!"

"അങ്ങനെ എല്ലാമൊന്നും പറഞ്ഞിട്ടില്ല. ഷുഗറിനേറതും പറഞ്ഞു. പിന്നെ പ്രഷറിനേറതും പറഞ്ഞു. ഹാർട്ടിനേറതും പറഞ്ഞു."

"ഹാർട്ടില്ലെന്നതന്നെയായിരിക്കും അവൾ പറഞ്ഞതു്!" കറിയാച്ചൻ പിള്ളയുടെ കാതിൽ ചോദിച്ചു, "പണത്തിന്റെ കാര്യം വല്ലതും പറഞ്ഞിട്ടുണ്ടോടോ?"

പിള്ള പുഞ്ചിരിച്ചുകൊണ്ടു് പറഞ്ഞു.

"അക്കാര്യം മാത്രം ഞങ്ങൾ സംസാരിക്കാറില്ല. സംസാരിച്ചാൽ വഴക്കാ."

"കത്താവിനു് സ്തുതി. അതെങ്കിലും ഒഴിവാക്കിയല്ലോ!.. അല്ലേ! അപ്പനും മക്കളും തമ്മിൽ സംസാരിക്കുന്ന വിഷയങ്ങൾ കേട്ടിട്ടില്ലേ!... പുള്ളാച്ചനു് ഈശ്വരകൃപയാൽ ട്രബിളൊന്നുമില്ലല്ലോ?

"അങ്ങനെ ഒന്നുമില്ലാന്നു് പറഞ്ഞുകൂടാ. ഉണ്ടു്. സ്പല്പം ഗ്യാസു്."

"ഭേതിയല്ലോ! കാഞ്ഞിരം കിടക്കുമ്പം എന്തിനാ ചേനയും ചേമ്പും?"

പിള്ളയും ഉസ്മാനും അതുകേട്ട് പൊട്ടിച്ചിരിച്ചുപോയി.

അവർ ഒരു മേശയ്ക്കു ചുറ്റിനുമിരുന്ന് കാപ്പിയും പലഹാരങ്ങളും കഴിച്ചുതുടങ്ങി. സ്ക്രീകുകളിൽക്കൂടി ധാനഗന്ധർവ്വന്റെ നാദധാര ഒഴുകുന്നു. പന്തലിലും ഡൈനിംഗ്ഹാളിലും മറ്റിടങ്ങളിലും അതിഥികളുടെ ചിരിയും വർത്തമാനവും. ആകെയൊരു ശബ്ദകോലാഹലം.

ശബ്ദം അതിന്റെ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചുനിൽക്കുമ്പോൾ, അവയ്ക്ക് പൊടുന്നനെയൊരു നിശ്ശബ്ദവിരാമമിട്ടുകൊണ്ട് കുറേ എക്സൈസ് ഉദ്യോഗസ്ഥന്മാർ അങ്ങോട്ടേക്ക് കനത്ത ബൂട്ട്സുകളുടെ ഒച്ചയോടെ കടന്നുവന്നു. ആൾക്കാർ അമ്പരന്നു. എന്താണ് സംഭവമെന്നറിയാൻ അവർ തങ്ങളിൽത്തങ്ങളിൽ മിഴിച്ചുനോക്കി.

എത്രയും വേഗം അവിടംവിടാനുള്ള ഒരു പ്രവണത പലരിലും കണ്ടപ്പോൾ എക്സൈസ് പാർട്ടിയിലെ ഒരുയർന്ന ഉദ്യോഗസ്ഥൻ സ്റ്റേജിലേക്ക് കയറി മൈക്കിലൂടെ എല്ലാവരും കേൾക്കാൻവേണ്ടി ഉറക്കെ പറഞ്ഞു.

"നാങ്കൾ സെൻട്രൽ എക്സൈസ് ഓഫീസേഴ്സ്. ദയവുശെയ്തു യാരും വെളിയെ പോകക്കൂടാതു്. എല്ലാരും അവാ അവാ ഇടങ്കളിലെ അമർന്തിരുങ്ക. ആവതും ശീക്രിറമാ നാങ്കൾ ശെക്ക് പണ്ണിവിട്ടിടറോം. വീ ആർ എക്സാട്രീംലി സോറി ഫോർ ദി ട്രബിൾ. പ്ളീസ് കൊവോപ്പറേറ് വിത്ത് അസ്."

ഗേറ്റിലും മുഖ്യകവാടങ്ങളിലും പോലീസ് കാവൽനിന്നു.

ജ്യോതി എങ്ങുനിന്നോ അവരുടെയിടയിലേക്ക് പാഞ്ഞെത്തിക്കൊണ്ട് നിയന്ത്രണംവിട്ട് ഉറക്കെച്ചോദിച്ചു.

"എന്താ ഇതു്?... എന്തു് സംഭവിച്ചു? എനിയ്ക്കൊന്നും മനസ്സിലാകുന്നില്ലല്ലോ."

ജ്യോതിയോടൊപ്പമെത്തിയ കേശുവും അവരുടെമേൽ തട്ടിക്കേറി.

"നിങ്ങളെന്തനാവശ്യമാണീ കാണിക്കുന്നതു്? നിങ്ങൾക്ക് വകതിരിവെന്നു് ഒന്നില്ലേ? എന്താ വേണ്ടതു്?... പറയൂ."

ഓഫീസർ പറഞ്ഞു.

"കോവിച്ചുടാതുങ്കസർ വീ ഹാവ് ഗോട്ട് എ പീസ് ഓഫ് ഇൻഫർമേഷൻ ആൻറ് വീ ഹാവ് കം ഫോർ എ സെർച്ച്."

"വാട്ട് ഇൻഫർമേഷൻ?" കേശു ചോദിച്ചു.

"ഇങ്കെ സ്മഗ്ളിംഗ്, ബ്ളാക്ക്മണി ബിസ്സിനസ്സ്" എല്ലാം നടന്നിട്ടിരുക്കു്."

"എമിഡ്സ്റ്റ് ദിസ് പാർട്ടി? വാട്ട് ഡൂ യു മീൻ?" ജ്യോതി കയർത്തു.

"നിങ്ങൾ കാരണം ഈ വന്നിരിക്കുന്നവർക്കൊക്കെ എത്രമാത്രം ബുദ്ധിമുട്ടായെന്നു് നിങ്ങൾക്കു് വല്ല ചിന്തയുമുണ്ടോ?... പാർട്ടി കഴിഞ്ഞിട്ടുപോരേ നിങ്ങളുടെ സെർച്ചും റിസർച്ചും?" കേശു വല്ലാണ്ടെ ക്ഷോഭിച്ചു.

ഓഫീസർ ചിരിക്കുകയാണുണ്ടായതു് അദ്ദേഹം സൗമ്യമായി പറഞ്ഞു.

"വീ നോ ഹൗ ടു കാരിഓൺ ഔവർ വർക്കു്, ജെൻറിൽമാൻ. യു ആർ നോട്ട് ദി മാൻ ടു ഓർഡർ. ആമാ, നീങ്ക യാരു്? ആർ യു ദി ഹൗസ് ഓണർ?"

"ഞാൻ ഇവിടത്തെ ഒരാളാ!" കേശു അല്പമൊന്നു് പതറിപ്പോയി ആ ചോദ്യത്തിനു മുമ്പിൽ.

ഉടനെയൊരു പൊട്ടിച്ചിരികേട്ട പുറകിൽ. ഉസ്മാനും കൂടിയാച്ചന്നും

"ഏൻ ശിരിക്കിറീങ്ക?" ഓഫീസർ അവരുടെ നേർക്കു് തിരിഞ്ഞു.

ഉസ്മാൻ മറുപടി പറഞ്ഞു.

"വാട്ട് ഹീ സെഡ് ഈസ് കറക്ട് പുള്ളി ഇവിടത്തെ ഒരാളാ!"

"എന്തായാലും സംശയമുണ്ടോ?"

കേശു ഉസ്മാന്റെ ഉടുമുണ്ടിനു് കേറിപ്പിടിച്ചു് അയാളെ ആകെയൊന്നു പൊക്കിക്കൊണ്ടു് രോഷപൂർവ്വം ചോദിച്ചു.

"ഹ! കേശുവേ വിട്ടു്! അയാളൊരു തമാശു് പറഞ്ഞെന്നുവെച്ചു്? ഇതെന്നാ സർക്കസ്സോ മറേറാ ആണോ?" കൂടിയാച്ചൻ അവർക്കിടയ്ക്കു് കേറിവീണു.

(തുടരും)

വലിയ പണിക്കരാണു് രാമനെ എതിരേറ്റതു്. രാമന്റെ നടപ്പും കൃത്രിമമായ ഗൌരവവും കണ്ടാലറിയാം. മാളികയിൽനിന്നുള്ള വരവാണു്. ജീവാനന്ദസ്വാമിയുടെ എന്തെങ്കിലും നിർദ്ദേശമുണ്ടാവാം. തെയ്യംകെട്ടിനെക്കുറിച്ചായിരിക്കും. ചിലപ്പോൾ ഒന്നോരണ്ടോ ദിവസം കൂടുതൽ വേണമെന്നു്; നേർച്ചത്തെയ്യമായിട്ടു്. അല്ലെങ്കിൽ ഇത്തവണ കൂടുതൽ കേമമാക്കണമെന്നു്. സ്വാമിയുടെ ഭരണമാണല്ലോ. തെയ്യത്തിനു പകിട്ടുകൂറഞ്ഞാൽ പേരുദോഷം സ്വാമിക്കുതന്നെ.

പണിക്കർ രാമന്റെ മുന്നിൽ മുതുകു വളച്ചു് വണങ്ങി:

"അടിയൻ—"

രാമൻ തലേക്കെട്ടഴിച്ചു് കുടഞ്ഞു. വീണ്ടും മുറുക്കിക്കെട്ടി. കർക്കശസ്വരത്തിൽ അയാൾ പറഞ്ഞു:

"ഇക്കൊല്ലം മാളേലു് തെയ്യം വേണ്ടാന്നു് സാമി പറഞ്ഞു. അമ്പലക്കളത്തിലും കെട്ടിയാടിക്കണ്ടാന്നു്—"



പണിക്കർ സ്തബ്ധനായി. അയാളുടെ തൊണ്ടവരണ്ടു. അയാൾക്കു് തന്റെ കാതുകൾ കൊട്ടിയടക്കാൻ തോന്നി. ദൈവംകെട്ടു് കുട്ടിക്കളിയല്ല. അങ്ങനെ തോന്നുമ്പോൾ വലിച്ചെറിയാവുന്നതല്ല. നൂറാണ്ടുകളുടെ അനുഷ്ഠാനമഹിമ ഇതിനുണ്ടു്. പൂർവ്വപിതാക്കൾ കുലങ്ങളുടേയും ഗോത്രങ്ങളുടേയും വിശ്വാസങ്ങൾക്കും ഐക്യത്തിനും വേണ്ടി കോർത്തൊരുക്കിയ സങ്കല്പങ്ങളാണു്. തങ്ങളുടെ ജീവിതങ്ങൾ ഇതിനു ചുറ്റും തളച്ചിടപ്പെട്ടിരിക്കുന്നു. അതുതു്... ഇതുതു്... തെയ്യങ്ങളെ നിഷേധിച്ചാൽ നാടിന്റെ താളം തെറ്റും. ഇവിടെ ഭൂതഗണങ്ങൾ നിർബ്ബാധം പാഞ്ഞുനടക്കും...

"രാമൻതിയ്യാ—" പണിക്കരുടെ കണ്ണുകൾ വിറപൂണ്ടു: "തെയ്യം വേണ്ടാന്നു് വെക്കേ്നാവോ? എപ്പോങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടോ?"

"അതൊന്നും എനക്കറിഞ്ഞുകൂടാ." അയാൾ പണിക്കരുടെ മുഖത്തടിച്ചപോലെ പറഞ്ഞു "വേണ്ടവർക്കു് സാമ്യെ ചെയ്യട്ടെ."

നോവൽ 30

ബാലകൃഷ്ണൻ മാങ്ങാട്

പറഞ്ഞു തൊവ്വാ. സാമീം തെയ്യത്തെപ്പോലെ ഒരാളാണല്ലോ. കാണിക്ക കൊണ്ടുവന്നവരെ സാമി അനുഗ്രഹിക്കുംചെയ്യും."

"അപ്പൊ തെയ്യം—" പണിക്കർ പിന്നേയും പരുങ്ങി.

"കേട്ടില്ലേ വേണ്ടാന്നു് പറഞ്ഞതു്?"

ഈർച്ചക്കാരൻ രാമൻ പോയി.

തന്റെ മനസ്സു് ചവിട്ടിമെതിച്ചു നെൽക്കറപോലായിരിക്കുന്നുവെന്നു് പണിക്കർക്കു തോന്നി, തങ്ങളുടെ സംഭാഷണം മറ്റുള്ളവരും കേട്ടിരിക്കുന്നു. കുടിലുകളിൽനിന്നു് പുറത്തിറങ്ങി ആണുങ്ങളും പെണ്ണുങ്ങളും കാതുകൂർപ്പിച്ചു നിൽക്കുകയാണു്. അവരെയെങ്ങനെ സമാധാനിപ്പിക്കും? ഇതു് ആർക്കെങ്കിലും വിശ്വസിക്കാനാവുമോ? എവിടെയും കേട്ടുകേൾവിപോലുമില്ലാത്ത കാര്യമാണു്. തങ്ങളുടെ നിലവില്ലുതന്നെ അപകടത്തിലായിരിക്കുന്നു. സ്വാമിയെ അനുകരിച്ചുകൊണ്ടു് ഇനി മറുതാവാടികാരും പണച്ചെലവു താങ്ങാനാവില്ലെന്നു പറഞ്ഞു് തെയ്യത്തെ കയ്യൊഴിച്ചാൽ എന്തുചെയ്യും?

ഒരുവേള സ്വാമി തങ്ങളെ പേടിപ്പിക്കാൻ പറഞ്ഞയച്ചതാവുമെന്നു് വലിയ പണിക്കർ പ്രത്യാശിച്ചു. നേരിട്ടു് മുഖം കാണിക്കേണ്ടിവരും. വേണമെങ്കിൽ ആ കാൽക്കൽ വീഴാം, മടിയൊന്നുമില്ല. തങ്ങളുടെ ആത്മാഭിമാനമൊക്കെ പണ്ടേ മേൽജാതിക്കാർ ചവിട്ടിത്തേച്ചതാണ

ല്ലോ—

പണിക്കരുടെ വാക്കുകൾ കേൾക്കാൻ ഉൽക്കണ്ഠയോടെ മറ്റുള്ളവർ കാക്കുകയായിരുന്നു. അയാൾ അവർക്കുനേരെ മുഖമുയർത്തിയില്ല. മുറ്റങ്ങൾ മുറിച്ചുകടന്നു നടന്നു. പിന്നെ നടവരമ്പിറങ്ങി. മലയരുടെ കണ്ണുകൾ തന്റെ പുറകെ വരുന്നുണ്ടെന്നു് അയാൾക്കറിയാമായിരുന്നു. അയാൾ നടത്തത്തിനു് വേഗംകൂട്ടി.

മാളികവീടിന്റെ പടിപ്പുരകടന്നപ്പോൾ അയാൾ അന്തംവിട്ടു. ദൈവമേ, ഇതെന്തൊരു മാറ്റം. വീട്ടിനു ചുറ്റുപാടുമൊക്കെ ഏതോ ശാപംതട്ടിയപോലെ വാടിനിൽക്കുന്നു. തോട്ടത്തിനുപോലും ഉണക്കം ബാധിച്ചിട്ടുണ്ടു്. മുറ്റത്തും വരാന്തയിലുമൊക്കെ അല്ലെങ്കിൽ എത്ര ആളുകളായിരിക്കും; എന്തൊരു ച്ചെയും ബഹളവുമായിരിക്കും. ഇപ്പോൾ ഒരാളെപ്പോലും എങ്ങും കാണാനില്ല.

"അടിയൻ—" നടുമുറ്റത്തെത്തിയപ്പോൾ തന്റെ വരവു് അറിയിക്കാനെന്നോണം പണിക്കർ തൊണ്ടയനക്കി.

പ്രതിവചനമുണ്ടായില്ല. ആരും വന്നു നോക്കിയതുമില്ല! നിർമ്മല നേത്യമ്മയുടെ മുഖംപോലും കാണാനില്ല. അല്ലെങ്കിൽ അവരെയെങ്കിലും സങ്കടമുണർത്താമായിരുന്നു.

പണിക്കർ മുറ്റത്തു വെയിലത്തുതന്നെ നിന്നു. കുറെനേരം കഴിഞ്ഞപ്പോൾ വേലക്കാരികളിലൊരാൾ വരാന്തയിൽ പ്രത്യക്ഷപ്പെട്ടു. അവൾ പക്ഷെ, തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ ചവിട്ടിയുമർത്തി അട്ടക്കുളയിലേയ്ക്കുതന്നെ പോയി.

അപ്പോഴാണു് ഈർച്ചക്കാരൻ രാമൻ എവിടെനിന്നോ പ്രത്യക്ഷപ്പെട്ടതു്. കുത്തു്. രോമക്കാട്ടകൾ തിങ്ങിയ നെഞ്ചുയർത്തി വലിയൊരു വെട്ടുകത്തിയുമായുള്ള വരവു് കണ്ടപ്പോഴേ പേടിയായി. രാമന്റെ കാലുകൾ നിലത്തുറയ്ക്കുന്നില്ലെന്നു് അയാൾക്കു തോന്നി. പുളിച്ച ഗന്ധം അയാൾക്കു ചുറ്റും പരന്നു.

രാമൻ കലങ്ങിയ വലിയ കണ്ണുകൾ ഉരുട്ടി കാണിച്ചു് പേടിപ്പിച്ചു.

"അടിയൻ—" പണിക്കർ വണങ്ങി.

"എന്താടോ?" രാമൻ വെട്ടുകത്തിയോടെ. ദേഷ്യം ഭാവിച്ചു് നടന്നടുത്തുകൊണ്ടു് ചോദിച്ചു: "ഇബ്ടീം ബന്നോ—"

"അടിയൻ—"

"നിന്റെ തല." രാമൻ അരിശപ്പെട്ടു. "ബന്നസംഗതി പറീ—"

പണിക്കർ ഒന്നു പരുങ്ങി.

പിന്നെ പറഞ്ഞു:

"സ്വാമ്യേ ഒന്നു കാണണം."

"എന്തിനു്?"

"തെയ്യത്തിന്റെ കാര്യം സംസാരിക്കേൻ. സ്വാമ്യോടു് മാപ്പാക്കാൻ പറയണ്യം—"

"ഒരു മാപ്പും ല്ല." രാമൻ അറുത്തുമുറിച്ചു പറഞ്ഞു: "സാമി പറഞ്ഞാ പറഞ്ഞതന്നെ. മലയരെ ആരും കാണണ്ടാന്നു് സാമി പറഞ്ഞിറ്റുണ്ടു്"

"ന്നാലും എനക്കൊന്നു് കാണണം." പണിക്കരുടെ സ്വരത്തിൽ ഒരപേക്ഷയുടെ ദൈന്യതയുണ്ടായിരുന്നു.

"പൊയ്ക്കോ ഇബ്ടന്നു്—" രാമൻ വിരൽചൂണ്ടി അലറി—" ഈ മിനുട്ടിന്നു് കടന്നുപോയ്ക്കോ. ബന്നിരിക്കുന്നു ഒരു എരപ്പൻ പണിക്കരു്—"

തീകൊണ്ടു് കുത്തിയപോലെ അനുഭവപ്പെട്ട പണിക്കർക്കു്. വലിയ നായന്മാർവരെ തങ്ങളെ ഇങ്ങനെ അപമാനിക്കാൻ ഒരുമ്പെടാറില്ല. എന്നിട്ടു് അല്പനായ ഈ കാര്യസ്ഥൻ ...

മാളികവീടിന്റെ ആ കാലമൊക്കെ കഴിഞ്ഞിരിക്കുന്നു. ദയ ഇരന്നുകൊണ്ടു് താൻ വരുമ്പോഴായിരുന്നു. തന്റെ ബുദ്ധിശൂന്യത്തുകിട്ടിയ പ്രഹരമാണു്...

അയാൾ തിരിച്ചുനടന്നു.

വലിയപണിക്കർക്കു് മുഖമുയർത്താനേ കഴിഞ്ഞില്ല. വീട്ടിലേയ്ക്കു തിരിച്ചുചെല്ലാനും തോന്നിയില്ല. അവിടെ കാത്തുനിൽക്കുന്നവരെ സമാധാനിപ്പിക്കാൻ അയാൾക്കു വാക്കുകളില്ല. അയാളുടെ പാദങ്ങൾ അലക്ഷ്യമായി അലഞ്ഞു. സന്ധ്യവരെ അയാൾ പുഴക്കരയിലും കുന്നിൻചെരിവിലുമായി ചെലവഴിച്ചു. ഇരുട്ടുവീണശേഷമാണു് പിന്നെ വീട്ടിലേയ്ക്കുള്ള നടവരമ്പുതേടി ചെന്നതു്.

മാളികവീട്ടിലും അമ്പലക്കുളത്തിലും അത്തവണ തെയ്യംകെട്ട് നടന്നില്ല. അടുത്തുഗ്രാമങ്ങളിൽനിന്നും തെയ്യംകാണാൻ വന്നവരെക്കെ നിരാശരായി തിരിച്ചു പോയി. നിർമ്മലയ്ക്ക് ആശങ്കയുണ്ടായിരുന്നു. ഇതു് ഏതോ വിപത്തിന്റെ തുടക്കമാണ്. അവൾക്ക് ഇടപെടണമെന്നു തോന്നി. പക്ഷെ ആരോടാണു പറയുക? അമ്മയോടോ? അമ്മ കേൾക്കാത്തമട്ടിൽ മുഖം തിരിക്കുകയേയുള്ളൂ. തനിക്ക് ഒരിക്കൽകൂടി തോറ്റുകൊടുക്കാൻ വയ്യ. അല്ലെങ്കിൽ ഇതിനെക്കുറിച്ചൊക്കെ അമ്മയും ബോധവതിയാണല്ലോ. അമ്മയ്ക്ക് വിലക്കിക്കൂടേ?

ചിലപ്പോൾ അമ്മയ്ക്ക പിടികിട്ടുന്നിർത്താൻ പറ്റാത്ത ഉയരത്തിൽ സ്വാധീനയറിപ്പുറിയിട്ടുണ്ടാകുമോ?

ഒരുവേള അവൾ വിചാരിച്ചു; കുമാരേട്ടനേയുംകൂട്ടി തന്റെ വീട്ടിലേയ്ക്കു പോയാലെന്താണ്? പക്ഷെ കുമാരേട്ടൻ വന്നു കിട്ടിയിട്ടു വേണ്ടേ? കുമാരേട്ടൻ വരില്ല കുമാരേട്ടനെ ഇവിടെ ഉപേക്ഷിച്ചുപോകാനും വയ്യ. എന്തൊരു ഗതികേടിലാണു ദൈവമേ, താൻ. ഇത്രവലിയ ദൌർഭാഗ്യം മറ്റൊരു പെണ്ണിനും ഉണ്ടാവില്ല..

തെയ്യം കഴിക്കാത്തതിൽ നാട്ടുകാർക്കും അമർഷവും പരിഭവവുമുണ്ടായിരുന്നു. പക്ഷെ ഉറക്കെപറയാൻ ആരും ധൈര്യപ്പെട്ടില്ല. സ്വാമി അറിഞ്ഞാൽ ആപത്താണ്. അയാൾ എന്തുംചെയ്യാൻ മടിക്കാത്ത ആളാണ്. കുട്ടിച്ചാത്തന്റെ സേവയുള്ളതിനാൽ എന്തും ചെയ്യിക്കാനും അയാൾക്കുകഴിയും. ചിലപ്പോൾ തെയ്യങ്ങളെതന്നെ വരുതിയിൽനിർത്താൻ അയാൾ വിചാരിച്ചാൽ സാധിക്കും. അല്ലെങ്കിൽ കോമ്പംകെട്ട് വേണ്ടെന്ന് അയാൾക്ക് തോന്നില്ലല്ലോ—

വോലിനു് ദിവസംതോറും ചൂട്ട വർദ്ധിച്ചു. സൂര്യൻ പകൽമുഴുവൻ കത്തി ജ്വലിച്ചു. പഴുപ്പിച്ച സ്വർണ്ണക്കമ്പികൾ പൊട്ടിച്ചെറിഞ്ഞു് അതു് ഭൂമിയെ പൊള്ളിച്ചു. കാറിനുപോലും ചൂടുകമ്പിയുടെ ചൂട തോന്നിച്ചു.

പാടങ്ങൾ വിണ്ടുകീറി. പുഴവറ്റി. വെള്ളം നേർത്തചാലുകളായി ഒഴുകി. തോണികൾ മണൽത്തട്ടിൽ വിശ്രമിച്ചു.

വരണ്ട പുഴക്കരയിൽ ഒരു രാത്രി കൂളിക്കാൻചെന്നപ്പോൾ ഈർച്ചക്കാരൻ രാമനെ ജ്വലിക്കുന്ന രണ്ടുകണ്ണുകൾ എതിരേറ്റു.

കുറുക്കനാണെന്നുവിചാരിച്ച് ഒന്നു പേടിപ്പിച്ചുകളയാമെന്നുകരുതി അടുത്തുചെന്ന് ടോർച്ചടിച്ചു. മുന്നിൽകണ്ട ജന്തുവിനെനോക്കി ഒരുനിമിഷം അയാൾ അന്തംവിട്ടു. പിന്നെ ബുദ്ധിയുടെ വെളിച്ചം തെളിഞ്ഞപ്പോൾ, മുന്നുസെല്ലുള്ള ടോർച്ചുലൈറ്റ് വലിച്ചെറിഞ്ഞു് നിലവിളിച്ചുകൊണ്ടു് വരമ്പുകടന്നുചാടിയോടി.

പുഴക്കരയിൽ നരിവന്നിരിക്കുന്നുവെന്ന് അയാൾ ഓട്ടത്തിന്നിടയിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

രാമന്റെ പ്രസ്താവം ആദ്യം ആരും അത്രകാര്യമാക്കിയില്ല. കാരണം ലഹരിയുടെ മഞ്ഞളിപ്പിൽ അയാൾക്കു് തോന്നിപ്പോയതാവാം. രാമനു് ഇതിലുപ്പുറവും തോന്നിപ്പോയ സംഭവങ്ങളുണ്ടു്. താൻ മരിച്ചുപോയെന്നുപറഞ്ഞു് അയാൾതന്നെ ഒരു രാത്രി അയൽപക്കത്തുപോയി നിലവിളിച്ചുവത്രെ. എത്ര പറഞ്ഞുനോക്കിയിട്ടും മത്താറങ്ങുന്നതുവരെ അയാളെ സമാധാനിപ്പിക്കാൻ കഴിഞ്ഞില്ല.

എന്നാൽ നാട്ടുകാർക്കു് രാമനെ വിശ്വസിക്കേണ്ടിവന്നു. പുലർച്ചെയും സന്ധ്യയ്ക്കും പലരും നരിയെ മുഖാമുഖം കണ്ടു. പെരുവഴിയിലിറങ്ങി അവൻ ക്ലാസലില്ലാതെ നടക്കുന്നു. ഒരു കാളയുടെ അത്രയും ഉയരം. ദേഹത്തുനിറയെ ഇളം ചുവപ്പുകലർന്ന വരകൾ. കാന്തത്തിന്റെ ശക്തിയുള്ള, ജ്വലിക്കുന്ന കണ്ണുകൾ.

അവനെ എതിരിട്ടവരൊക്കെ പേടിച്ചരണ്ടു് നിലവിളിച്ചുകൊണ്ടു് ഓടി.

(തുടരും)

—o—

പാണ്ടിക്കോളനിയിൽ പതിവുള്ള ചെയ്യും ഓശയുമൊന്നുമില്ല. കടിലുകൾക്കു് മുൻപിലും, മരച്ചുവട്ടിലും പാണ്ടിപ്പെണ്ണുങ്ങളും, ആണുങ്ങളും വട്ടമിട്ടിരിക്കുന്നു. ശബ്ദം കുറച്ചാണു് അവർ സംസാരിക്കുന്നത്.

കുഞ്ഞൂട്ടിയേട്ടനെ മനസ്സിലാകുമ്പോൾ ചിലർ മുഖം ചെരിച്ചുകളയുന്നു. ചിലരുടെ മുഖത്തു് ഏതോ അപരാധബോധത്തിന്റെ പരുങ്ങൽ. മറ്റു ചിലർ പകയോടെ മുഖംതിരിക്കുന്നു.

കുഞ്ഞൂട്ടിയേട്ടൻ ആരെയും ശ്രദ്ധിച്ചില്ല. ആരോടും കുശലം പറഞ്ഞില്ല. ഒന്നും കണ്ടില്ല കേട്ടില്ല എന്ന ഭാവത്തിൽ ധൃതിപ്പെട്ടു നടന്നു.

—പാണ്ടികൾക്കിപ്പൊ എന്നോടും വെറുപ്പാ.

കോളനിയിൽനിന്നു അത്തിപ്പാറയിലേയ്ക്കുള്ള കുറുക്കു് വഴിയിലെത്തിയപ്പോൾ ആത്മഗതമെന്നവണ്ണം കുഞ്ഞൂട്ടിയേട്ടൻ പറഞ്ഞു. എന്തുകൊണ്ടോ അതേക്കുറിച്ചറിയാൻ ജിതനു് ഒട്ടും താല്പര്യം തോന്നിയില്ല. ജിതന്റെ മനസ്സു് നിറയെ രങ്കയ്യാണു്. അവൾക്കു് ഇനി എന്തു് സംഭവിക്കും?

അബ്ദുള്ള കാരണം അരുന്ധതിക്കുട്ടത്തിൽ ചാടി ജീവിതമൊട്ടുക്കേണ്ടിവന്നു ദണ്ഡപാണി ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ..

ജിതൻ ദുക്സാക്ഷിയാണു്.

—ഞാനൊരിക്കലും തൊഴിലാളികളുടെ ശത്രുവായിരുന്നില്ല. ഞാനും അവരിലൊരാളല്ലേ? ഞാൻ ബംഗ്ളാവു് പണിയിച്ചിട്ടില്ല. കാർ വാങ്ങിയിട്ടില്ല. ബേങ്കിലു് പണോം ഇല്ല...

ജിതൻ ഒന്നും പറഞ്ഞില്ല. കുഞ്ഞൂട്ടിയേട്ടന്റെ പരിഭവം ശരിയോ തെറ്റോ എന്നു് ചിന്തിച്ചതുമില്ല. ഇപ്പോൾത്തന്നെ ശ്രുപ്പയ്യയുടെ പെരുമാറ്റം മനസ്സി

നോവൽ 57

ശ്രീധരൻ ചമ്പാട്

ന്റെ സമനില തെറ്റിയ മട്ടിലാണു്. ഒരു മൂഡ് ഇല്ലെങ്കിൽ കിഴവൻ ഒന്നും ചെയ്യുകയില്ല. ശ്രുതിയെപ്പോലെ കുത്തിയിരിക്കും. ആരെയുു് പറഞ്ഞാലും ഒരു പ്രതികരണവുമുണ്ടാവില്ല.

ചാറൽമഴ കണക്കെ പെയ്യുന്ന മീനനിലാവിൽ അപൂർണ്ണമായ ശില്പം വിളറിനിൽക്കുന്നു. പൂവരശിൻ ചില്ലകളുടെ നേർത്തനിഴലുകൾ ശില്പത്തിന്റെ നെറുകയിൽ ചിതറിവീഴുന്നു.

—മുറിലേക്കു് പോകാൻ തിടുക്കോണ്ടോ?

ബലിത്തറയ്ക്കരികെനിന്നു കുഞ്ഞൂട്ടിയേട്ടൻ ചോദിച്ചു.

—എനിക്കെന്തു് തിടുക്കം, കുഞ്ഞൂട്ടിയേട്ടാ?

—എന്നാ ഇരിക്കിൻ. ചെല കാര്യങ്ങളു് സാറിനോടു് പറയാനുണ്ടു്.

കുഞ്ഞൂട്ടിയേട്ടൻ ബലിത്തറയിൽ ഇരുന്നു. തൊട്ടടുത്തുതന്നെ ജിതനും. ജിതന്റെ കണ്ണുകൾ അപ്പോഴും പണിതീരാത്ത സ്വപ്നം സ്വപ്നശിഖയിന്മേലായിരുന്നു. അനേകം ക്യാൻവാസുകളിലും, ശിലകളിലും, കോൺക്രീറ്റു് കൂട്ടുകളിലും തന്റെ സ്വപ്നദീപ്തികൾ തൃപഭാവങ്ങൾ നേടിയിട്ടുണ്ടു്. ഒന്നുമാത്രം, എല്ലാറ്റിൽനിന്നും വേർപെട്ടുനിന്നു സംവത്സരങ്ങളായി മനസ്സിലിട്ടു കൊണ്ടുനടന്ന ആ ഒന്നുമാത്രം...

—ഞാനൊരു കാര്യം പറയാം, അന്യരുടെ കാര്യംനോക്കി നടന്നാ സാറിന്റെ പണി നടക്കുല. ശ്രുപ്പയ്യയെ വിട്ടു് ഞങ്ങൾക്കു് ബേറെയാരെയ്കിലും അനേഷിച്ചൂടെ?

—അക്കാര്യം ഞാനും ചിന്തിക്കാതെയല്ല. പക്ഷേ. ശുപ്പയുള്ളതുകൊണ്ടല്ലാതെ...ഒരുപക്ഷേ എനിക്ക് പോലും...ഈ ശില്പം പൂത്തിയാക്കാൻ...

—സാറ് പറേയ്ന്നത് ഞമ്മക്ക് മനസ്സിലായ്ന്നില്ല.

—കുഞ്ഞൂട്ടിയേട്ടനു് മാത്രമല്ല, ഈ ലോകത്താർക്കും ആ സത്യം മനസ്സിലാവില്യാ...

കൊങ്കച്ചിക്കാവിന്റെ തെക്കേമുറ്റത്തു് എന്തോ ശബ്ദംകേട്ട. പത്തുപന്ത്രണ്ടു പേർ പട്ടാളച്ചിട്ടയിൽ മാർച്ചു് ചെയ്യുന്നു. കറുത്ത തൊപ്പി. വെള്ള ഷർട്ട്. കാക്കി നിക്കർ. ബൂട്ട്സ് ..

—ഒന്നാമത്തെ വിഷുനാ കാവില് കൊടിയേറ്റം. മൂന്നു് ദിവസത്തെ ഉത്സവം. മൂന്നാം ദിവസം പാതിരിക്കാ ബലി

—ജന്തുബലി നിരോധിച്ചിട്ടില്ലേ?

—എന്നേം നിങ്ങളേംപോലുള്ളാൾക്കാർക്കല്ലേ നിയമത്തെ പേടി? പെട്ടീൽ പണോണ്ടെങ്കില് നിയമം നിങ്ങൾക്കും വാലാട്ടും.. മൂപ്പര് വിചാരിച്ചാ ഇവ്ടെ നരബലീം നടക്കും...

നൂറാണ്ടുകളായി എത്രയോ മനുഷ്യക്കുരുതികൾ നടന്ന മണ്ണാണിത്. ഈ മണ്ണിന്റെ ചുകപ്പ് മനുഷ്യരക്തത്തിന്റെ ചുകപ്പാണു്. ഇതിനുമുൻപും കുഞ്ഞൂട്ടിയേട്ടൻ ഈ കഥകൾ പറഞ്ഞിട്ടുണ്ടു്. ആദി മദ്ധ്യാന്തക്രമാനുഗതമല്ലാത്ത നൂറു നൂറു നുറുങ്ങുകൾ...

—നാല്പത്തെട്ടിലെ ബലിയുത്സവനാളിലാ എന്റെ അനിയനെ കുരുതിചെയ്തത്...ദാ ആ കണ്ണന്ന പാലമരത്തോടു് പിടിച്ചു് കെട്ടി...

കുഞ്ഞൂട്ടിയേട്ടന്റെ തൊണ്ടയിടറി. കൺകോണുകൾ തിളങ്ങി. എന്തു് കേട്ടാലും കണ്ടാലും നിസ്സംഗനായി നില്ക്കുന്ന കുഞ്ഞൂട്ടിയേട്ടൻ സ്വന്തം അനിയനെക്കുറിച്ചു പറയുമ്പോഴൊക്കെ വികാരനിർഭരനായിത്തീരാറുണ്ടു്.

—കുഞ്ഞൂട്ടിയേട്ടന്റെ അനിയനെ എന്തിനാണവർ വെടിവെച്ചു് കൊന്നതു്? അനിയൻചെയ്ത അപരാധമെന്തായിരുന്നു?

ഏറെ നാളുകളായി ജിതൻ മനസ്സിൽ കുരുതിവച്ച ചോദ്യങ്ങൾ. കുഞ്ഞൂട്ടിയേട്ടന്റെ വിഷാദം കാണുമ്പോൾ ചോദിക്കേണ്ടെ എന്നു് കരുതും. ചിലപ്പോൾ, രക്തസാക്ഷിപ്പെട്ട സഖാവു് കുഞ്ഞനന്ദൻ മനസ്സിന്റെ അസ്വസ്ഥതയായിമാറും.

—അപരാധം!...വിശക്കുന്ന മനുഷ്യർക്കു് ഒരുനേരത്തെ കഞ്ഞിക്കു് അരികൊട്ടത്തു് വന്മലേരിക്കോയിലോത്തെ തമ്പുരാന്റെ നെല്ലായിരുന്നു അത്...ഒരു പിടി നെല്ലു് ഓൻ സ്വന്തമായെടുത്തിട്ടില്ല. അന്നും ഞങ്ങടെ അമ്മേം പെങ്ങളും പട്ടിണിയാ ഇവ്ടെ എല്ലാ കൊല്ലോം പുഷ്പാർച്ചനയും. അന്നസ്സൂരണയോഗവും നടക്കാറുണ്ടു്. ഞാനൊന്നിനും പോകാറില്ല. ഓന്റെ കഥ ഞാൻ ആരോടും പറയാറുല്ല.

ജിതൻ ആവശ്യപ്പെടാതെതന്നെ കുഞ്ഞൂട്ടിയേട്ടൻ ആ സംഭവത്തെക്കുറിച്ചു് പറയാൻ തുടങ്ങി.

വിഷുക്കാലമായിരുന്നു. വന്മലേരിക്കൊയിലേത്തെയും, സുലൈമാൻ ഹാജിയുടെ വീട്ടിലെയും, ചെറിയേടത്തെയും അട്ടപ്പുകൾ മാത്രമേ പുകയാറുള്ളൂ. നാടെങ്ങും വറുതി. റേഷൻപീടികകളിൽ അരിക്കു് പകരം കുതിരച്ചോളമായിരുന്നു നൽകിയിരുന്നതു്.

തില്ലങ്കേരിയിൽ വെടിവയ്പു് നടന്നതിന്റെ തൊട്ടടുത്ത ദിവസം സന്ധ്യക്കു് ഗോവിന്ദൻമേസ്തിരിയും, ശങ്കരൻമാഷും ഒരു സഹകാര്യയോഗം വിളിച്ചുകൂട്ടി. അത്തിയറയിലെ പട്ടിണിക്കാരെല്ലാം അത്തിപ്പാറയിൽ സന്നിഹിതരായിരുന്നു. പിറേന്നു് കാലത്തു് വന്മലേരിക്കൊയിലേക്കു് മാർച്ചുചെയ്യാൻ തീരുമാനമെടുത്തു. ന്യായവിലയ്ക്കു് നെല്ലു് തരാൻ തമ്പുരാനോടു് ആവശ്യപ്പെടണം. വഴങ്ങിയില്ലെങ്കിൽ ബലാല്ക്കാരമായി പത്തായം തുറന്നു നെല്ലെടുത്തു് വിതരണംചെയ്യാം. നെല്ലിന്റെ ന്യായവില തമ്പുരാനെ ഏല്പിച്ചേക്കാം.

പിറേന്നു കാലത്തു് അത്തിപ്പാറയിൽ അമ്പതോളം ചെറുപ്പക്കാർ സംഘടിച്ചു. തലേരാത്രി യോഗത്തിൽ പങ്കെടുത്തവരിൽ പാതിയിലേറെപ്പേരും വരികയുണ്ടായില്ല. എങ്കിലും, വന്നവർ ജാഥയായി മുദ്രാവാക്യം മുഴക്കിക്കൊണ്ടു വന്മലേരിക്കൊയിലേക്കു് മാർച്ചുചെയ്തു. മുന്നിൽ ചെങ്കൊടിപിടിച്ചുകൊണ്ടു് ചങ്ങലൂർ

കൊമ്പൻ ചാത്തുനായർ. തൊട്ടുപിന്നിൽ ശങ്കരൻമാസ്റ്റർ. പിന്നെ കുഞ്ഞൂട്ടിയേട്ടൻ കോമ്രേഡ് കിട്ടേട്ടൻ...

ജാഥയ്ക്കു് സമാന്തരമായി നടന്നുകൊണ്ടു് മുദ്രാവാക്യം വിളിച്ചുകൊടുത്തതു് കുഞ്ഞനന്ദനായിരുന്നു. ഗോവിന്ദൻമേസ്തിരി അത്തിപ്പാറയിൽനിന്നതന്നെ തിരിച്ചുപോയി. മേസ്തിരി എപ്പോഴും അങ്ങനെയായിരുന്നു. എല്ലാ സമരങ്ങളിലും അണിയറയൊരുക്കത്തിനുണ്ടാവും. പ്രത്യക്ഷത്തിൽ ഒന്നിലും പങ്കെടുക്കില്ല.

ജാഥ വന്മലേരിക്കൊയിലോത്തെ പടിക്കലെത്തുമ്പോൾ തമ്പുരാൻ തെക്കിനിയുടെ മട്ടുപ്പാവിൽ നില്പുണ്ടായിരുന്നു. പടിപ്പുരയുടെ മരവേലി അടച്ചുപൂട്ടി കാര്യസ്ഥൻ കരുണാകരൻനമ്പ്യാരും, വാസുഓവർസിയരുടെ അച്ഛൻ ചന്തൻമൂപ്പരും മറ്റും മാറിനിന്നു.

മരവേലിക്കപ്പുറു് ജാഥ നിന്നു.പടിപ്പുരയുടെ ആനവാതിലും അടച്ചിരിക്കുന്നു.

—തമ്പുരാനെ വാതിൽ തുറക്കണം!

കുഞ്ഞനന്ദൻ തെക്കിനിയുടെ മട്ടുപ്പാവിലേക്കു് നോക്കി വിളിച്ചുപറഞ്ഞു.

—വാതിൽ തൊറക്കില്യാ. ഇവ്ടെ അനക്രമംകാട്ട്യാ ഞാൻ എയ്സ്പ്പിയെ വരുത്തും!

—ഞങ്ങൾ ആക്രമിക്കാൻ വന്നവരല്ല. ഞങ്ങളുടെ അമ്മപെങ്ങന്മാരും, കുട്ടികളും പട്ടിണിയിലാണു്. തമ്പുരാന്റെ വയലുകളിൽ കൊയ്തും വിതയും, കൊയ്ത്തും, മെതിയും നടത്തിയവരാണിവർ...

—അതിനെന്നാ, കൂലി കൊടുത്തിട്ടില്ലേ? മാറിപ്പോകു . അതാ നിനക്കൊക്കെ നല്ലതു്!

—ഞങ്ങൾ വെറുംകയ്യോടെ തിരിച്ചുപോകില്ല.

—നിങ്ങൾക്കു് തരാൻ ഇവ്ടെ നെല്ലില്ല.

—കരിഞ്ചന്തയിലേക്കു് കടത്താൻ നെല്ലുണ്ടോ?

—അതെന്റെ ഇഷ്ടാണു്

—തമ്പുരാന്റെ ഇഷ്ടം ഞങ്ങളെ പട്ടിണിക്കിട്ടു് നെല്ലു് കരിഞ്ചന്തയിൽ വില്ക്കാനാണോ? അതിനു് ഞങ്ങൾ അനുവദിക്കില്ല. നെല്ലു് ഞങ്ങൾക്കു് തരണം. ഞങ്ങൾ ന്യായമായ വില തരും. ഞങ്ങൾക്കു് നിങ്ങളുടെ സൌജന്യമൊന്നും വേണ്ട!

—സഖാവേ! ഇവനോടൊക്കെ നേർവഴി പററില്ല. വാതിൽ ചവിട്ടിപ്പൊളിച്ചു് അകത്തു് കയറണം.

ശങ്കരൻമാസ്റ്ററോടു് കുഞ്ഞനന്ദൻ പറഞ്ഞു.

—തമ്പുരാനെ! വിശക്കുന്നവന്റെ ക്ഷമ പരിശോധിക്കരുതു്!

—ഇവ്ടെ തോക്കുണ്ടു്. സൂക്ഷിച്ചോളൂ!

—നിങ്ങളുടെ തോക്കു് കണ്ടാൽ ഓടിപ്പോകാൻ ഈ വന്നവരാരും പെരാന്തൻ ഗോവിന്ദന്മാരല്ല. തമ്പുരാന്റെ മകളെ പ്രേമിച്ചു് മനസ്സിന്റെ ലക്കു് തെറ്റിയ ഗോവിന്ദൻ ഒരുദിവസം വന്മലേരിക്കൊയിലോത്തു് കയറിച്ചെന്നു. മുറ്റത്തുനിന്നു് തമ്പുരാന്റെ മകളുടെ പേരു് വിളിച്ചുപാട്ടം നൃത്തവും തുടങ്ങി. തമ്പുരാൻ തോക്കെടുത്തു് ആകാശത്തേയ്ക്കു് വെടിവച്ചു. ഗോവിന്ദൻ അലറിവിളിച്ചുകൊണ്ടു മതിൽകടന്നു് ചാടി ഓടി രക്ഷപ്പെട്ടു. പിന്നിടൊരിക്കലും പെരാന്തൻ ഗോവിന്ദനു് ശ്രാന്തിളകിയിട്ടില്ല.

ചാത്തുനായർ മരവേലി ചവിട്ടിപ്പൊളിച്ചു. ആനവാതിൽ ചവിട്ടിപ്പൊളിക്കുക എളുപ്പമല്ല. കുഞ്ഞനന്ദനും ചാത്തുനായരും മതിൽചാടിക്കടന്നു. ആനവാതിലിന്റെ ഓടാമ്പൽ നീക്കുമ്പോൾ തമ്പുരാൻ ആകാശത്തേയ്ക്കു് വെടിവച്ചു.

—ധൈര്യമുണ്ടോ, എന്റെ നെഞ്ചിലേക്കു് വെടിവെക്ക്! വെടിയൊച്ചകേട്ടു് ഓടിപ്പോകുന്നവരല്ല ഞങ്ങൾ...

കുഞ്ഞനന്ദൻ ഷർട്ടിന്റെ മുൻവശം വലിച്ചുകീറി നെഞ്ചു് കാണിച്ചുകൊടുത്തു. തമ്പുരാൻ തോക്കു് താഴ്ത്തിപ്പിടിച്ചു. ചാത്തുനായർ ഓടാമ്പൽ വലിച്ചുനീക്കിക്കഴിഞ്ഞിരുന്നു. ജാഥാഗങ്ങൾ മുറ്റത്തു് നിറഞ്ഞുനിന്നു് മുദ്രാവാക്യങ്ങൾ മുഴക്കിത്തുടങ്ങി ..

കാര്യസ്ഥൻ കരുണാകരൻനമ്പ്യാരും, ചന്തൻമൂപ്പരും തമ്പുരാനെ തെക്കിനിയകത്തു് കൂട്ടിക്കൊണ്ടുപോയി. അല്പം കഴിഞ്ഞു ചന്തൻമൂപ്പർ മാത്രം വെളിയിലേക്കു് വന്നു.

—ന്യായവിലക്കു് നെല്ലു് തരാന്നാ തമ്പുരാൻ പറേയ്ന്നത്. നിങ്ങൾ ഒരു കൊയപ്പോം ഇണ്ടാക്കാതെ നിക്കണം.

ചന്തൻമൂപ്പർ പറഞ്ഞതു് കേട്ടു് ജാ

കേരള ചരിത്രത്തിലെ ഏറ്റവും വലിയ
കെട്ടുകഥയുടെ ചുരുൾ അഴിയുന്നു

നിലയ്ക്കൽ പ്രദേശത്തിന്റെ ചരിത്രപശ്ചാത്തലമെന്ത്? അവിടെ കണ്ട കുരിശ് സെന്റു തോമസ് സ്ഥാപിച്ചതാണോ? ഇന്നത്തെ ക്രിസ്ത്യാനികളുടെ പൂർവ്വികർ നമ്പൂരിമാരാണെന്നു പറയുന്നതിൽ എന്തെങ്കിലും വാസ്തവമുണ്ടോ? നിലയ്ക്കൽ കുരിശു സംഭവത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന വിദേശ ശക്തികൾ ഏതൊക്കെയാണു?

ചരിത്ര ഗവേഷകനും പത്രപ്രവർത്തകനുമായ

ഇടമറുകു്

എഴുതിയ ശ്രദ്ധേയമായ മറ്റൊരു പുസ്തകം

സെൻറു തോമസ് കേരളത്തിൽ വന്നിട്ടില്ല

വില 15 ക.

1983 ആഗസ്റ്റ് 30–നു് പ്രസിദ്ധീകരിക്കുന്നു

ഇപ്പോഴും പണം അയച്ചു ബുക്കുചെയ്യുന്ന 10,000
പേർക്കു് രജിസ്റ്റേർഡ് പോസ്റ്റേജ് ഉൾപ്പടെ 12 ക. മാത്രം

[എതീസ്റ്റു് ബുക്കു്ക്ലബ്ബു് അംഗങ്ങൾ ഈ പുസ്തകത്തിനു് മുൻകൂർ പണം അയയ്ക്കേണ്ടതില്ല. ഇതു് ഒരു ബുക്കു്ക്ലബ്ബു് പുസ്തകമാണു്]

ഈ പുസ്തകം സെൻറു തോമസിന്റെ മാത്രം കഥയല്ല. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ അറിയപ്പെടാത്ത മേഖലയിലേക്കു് വെളിച്ചം വീശുന്ന അമൂല്യ ഗ്രന്ഥമാണിതു്. 208 പേജു്. ലാമിനേഷൻ കവർ.

വേഗമാകട്ടെ!

ഇന്നുതന്നെ 12 ക. മണി ഓർഡറായി അയയ്ക്കുക.
ഇപ്പോൾ മുൻകൂറായി പണമയയ്ക്കുന്ന 10,000 പേർക്കു മാത്രമാണു് രജിസ്റ്റേർഡ് തപാൽ ചിലവു് ഉൾപ്പടെ 12 ക. യ്ക്കു് ഈ പുസ്തകം കിട്ടുന്നതു്.

12 ക. അയയ്ക്കേണ്ട വിലാസം:

INDIAN ATHEIST PUBLISHERS
1740 A/55, Naiwala,
Karol Bagh, New Delhi - 110005

(30 -ൽനിന്നും തുടർച്ച)

ഫ്ളാറ്റിൽ എത്രയോ സുഹൃത്തുക്കളുടെ ആരാധനാപാത്രമായി എത്രയോ തരുണീമണികളുടെ പ്രേമഭാജനമായി എത്രയോ കാമുകികളുടെ ഹൃദയാഹാരിയായി ആർഭാടത്തോടെ അന്തസ്സോടെ ജീവിച്ചിരുന്ന കാലത്താണു് ഞാനും ബോംബേപട്ടണത്തിൽ എത്തുന്നതു്.

നേവിയിലെ റിട്ടൺടെസ്റ്റുകഴിഞ്ഞ അന്നു വൈകുന്നേരംതന്നെ സന്ധ്യയോടടുപ്പിച്ചു്, മേൽവിലാസം തേടിപ്പിടിച്ചു് ഞാൻ ശ്രീധരന്റെ ഫ്ളാറ്റിലെത്തി. ഡോർബെല്ലിന്റെ ബട്ടണമർത്തിയിട്ടു് ഞാൻ ആകാംക്ഷയോടെ കാത്തുനിന്നു. താമസിച്ചില്ല. ഉടൻതന്നെ വാതിൽ തുറക്കപ്പെട്ടു.

തുറന്നുപിടിച്ച വാതിലിന്റെ പിന്നിലായി എന്റെ നേരെ മുമ്പിൽ നീണ്ടുനിവർന്നുനിന്നിരുന്ന ആ അപരിചിതനെ ആ ഒത്തമനുഷ്യനെ ഞാൻ അത്ഭുതത്തോടെ അവിശ്വസനീയതയോടെ തുറിച്ചുനോക്കി.

അയാൾ എന്നേയും.

വെറും ഒരേ ഒരു നിമിഷമേ വേണ്ടിവന്നുള്ളൂ.

അത്രതന്നെ വേണ്ടിവന്നില്ല.

ഒരു നിമിഷാർദ്ധം. ഒരു ക്ഷണം.

അപ്പോൾ അയാൾ വെടിപൊട്ടുംപോലെ ഉറക്കെ ചോദിച്ചു.

"പദ്മനോ?"

ഞാൻ ചിരിച്ചു.

അടുത്ത ക്ഷണത്തിൽ അവനെന്നെ മാറോടണച്ചു് കെട്ടിപ്പിടിച്ചുകൊണ്ടു് പറഞ്ഞു.

"പദ്മനെ കണ്ടിട്ടു് എത്രകാലമായി. ഇനി എപ്പോഴെങ്കിലും കാണുമെന്നും കരുതിയതല്ല. എല്ലാം നഷ്ടപ്പെട്ട കൂട്ടത്തിൽ പദ്മനും പെട്ടിരിക്കുമെന്നാണു് തോന്നിയതു്"

എന്നിട്ടും എനിക്കാ മനുഷ്യനെ തിരിച്ചറിയാൻ പ്രയാസമായിരുന്നു.

ഞാൻ പണ്ടു കണ്ടിരുന്ന ശ്രീധരനെവിടെ! എന്റെ മുമ്പിൽനിന്നിരുന്ന മനുഷ്യനെവിടെ?!

എന്തൊരത്ഭുതാവഹമായ എന്തൊരവിശ്വസനീയമായ അന്തരം!!

എങ്ങനെ അത്ഭുതപ്പെടാതിരിക്കും. എങ്ങനെ വിശ്വസിക്കാൻ കഴിയും?!

ഒത്ത പൊക്കം. നല്ല തുടുത്തുള്ള ശരീരം. തിളങ്ങുന്ന കണ്ണുകൾ, തുടുത്ത അല്പം

ഛാംഗങ്ങൾ നിശ്ശബ്ദരായി. കരുണാകരൻനമ്പ്യാരും, ചന്തൻമൂപ്പനും മറ്റു ജോലിക്കാരും നെല്ലറച്ചാക്കുകൾ പടിപ്പുരയിൽ കൊണ്ടുവന്നവച്ചു. അഞ്ചിടങ്ങഴിവീതം ഓരോരുത്തർക്കും അളന്നുകൊടുത്തു കുഞ്ഞനന്തനും; ശങ്കരൻമാഷും, ചാത്തുനായരും ഒരുമണി നെല്ലുപോലും എടുത്തില്ല.

നെല്ലിന്റെ വില തമ്പുരാൻ ആരിൽനിന്നും വാങ്ങിയില്ല. എത്ര നിർബ്ബന്ധിച്ചിട്ടും.

—നെല്ലു് കിട്ടിയില്ലേ? പോയ്ക്കോളൂ. എന്റെ വയലുകളിൽ ഇനിയും നെല്ലു് വിളയും.

കുഞ്ഞനന്തനും സഖാക്കളും മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടുതന്നെ നെല്ലുമായി തിരികെ പോന്നു. ആ നെല്ലു് പുഴുങ്ങി ഉണക്കി കുത്തി അരിയാക്കുന്നതിനു് മുൻപുതന്നെ അത്തിയറയിൽ എമ്മെസ്സിലോറിയുടെ ഇരമ്പൽ കേട്ടു. ഈരടിപ്പാതകളിലൂടെയും ഇടവഴികളിലൂടെയും എമ്മെസ്സിക്കാരും പൊലീസുകാരും, തമ്പുരാന്റെ കാര്യസ്ഥന്മാരും സംഹാരതാണ്ഡവം ചവിട്ടിനിന്നു.

അത്തിയറയിലെ ഓരോ വീടുകളിലും അവർ കയറി. ചട്ടികലങ്ങൾ തച്ചുടച്ചു. അടുപ്പിൽവച്ച കഞ്ഞിക്കലം തട്ടിമറിച്ചു. കണ്ണിൽ കണ്ടവരെയെല്ലാം തല്ലി. ഒരു വീടിൽപോലും യുവാക്കളെ കണ്ടുകിട്ടിയില്ല. അവരെല്ലാം ശരംകുത്തിമലയുടെ നിഗൂഢതയിൽ അഭയം തേടിക്കഴിഞ്ഞിരുന്നു.

രണ്ടാംദിവസം സന്ധ്യക്കു് എമ്മെസ്സിക്കാരും, കരുണാകരൻനമ്പ്യാരും, കോൺഗ്രസ്സുകാരായ നാലഞ്ചു ചെറുപ്പക്കാരും ശരംകുത്തിമലയിലേയ്ക്കു് കയറിവരികയായിരുന്നു.

(തുടരും)

മലയാളനാട്

സിനിമാ

ദ്വൈവാരിക

അടുത്ത ലക്കം

"രണ്ടുതരം ചിത്രങ്ങളേയുള്ളൂ; നല്ലതും ചീത്തയും"

ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ചെയർമാൻ പി. ആർ. എസ്. പിള്ള സംസാരിക്കുന്നു.

പ്രതാപ് രാധികയെ ചതിച്ചു.

രാധികയുടെ മാതാവ്, പ്രതാപ് — രാധികാ വിവാഹത്തെ വിമർശിക്കുന്നു.

'സിൽക്ക്' എന്ന ആഗോള പ്രതിഭാസം

തെക്കേ ഇൻഡ്യൻ സിനിമയുടെ ഹരമായി മാറിയ സ്മിതയെക്കുറിച്ച്.

അഭിനയം ഒരു തപസ്യ

ഗാന്ധി ചിത്രത്തിലൂടെ ഓസ്കാർ അവാർഡിനർഹനായ ബെൻ കിങ്സ്ലി ചലച്ചിത്ര താരത്തെക്കുറിച്ചുള്ള നമ്മുടെ സ്ഥിരം സങ്കല്പങ്ങളെ തെറ്റിക്കുന്നു.

സാഹിത്യകാരനായി തീരാൻ മോഹിച്ച നടൻ

നവംബറിന്റെ നഷ്ടത്തിലൂടെ മലയാളസിനിമയ്ക്ക് ലഭിച്ച പുതിയ താരം രാമചന്ദ്രനെക്കുറിച്ച്

അറബിക്കടൽ, അഷ്ടപദി, പ്രതിജ്ഞ

ഷൂട്ടിംഗ് റിപ്പോർട്ട്

കൂടാതെ

സാക്ഷിമൊഴി, വാസ്തുരവ, അന്നു് ഇന്നു്, ദേവങ്ങൾ, ബ്ലാക്ക് & വൈറ്റ്, ശ്ശൂ..., മുഹൂർത്തങ്ങൾ, വിശേഷങ്ങൾ, പടവുകൾ തേടുന്നവർ തുടങ്ങിയ സ്ഥിരം പംക്തികളും

വളഞ്ഞു കുസൃതി തുളുമ്പുന്ന കീഴ്ച്ചുണ്ട് വശ്യമായ ചിരി. സുന്ദരമായ മുഖം. സംസാരത്തിലെ ലാളിത്യം. സരളം...അതി സുന്ദരൻ, പറയാതെവയ്യ.

ആദ്യത്തെ ആ കാഴ്ചയിൽ എനിക്കസൂയയാണ് അനുഭവപ്പെട്ടതു്.

ബംഗ്ലാവിലെ ശ്രീധരനാണോ ഇതു്?! സത്യം. വിശ്വസിക്കാൻ കഴിഞ്ഞില്ല.

പിന്നീടുള്ള പരിപാടികൾ പിടിപിടിന്നായിരുന്നു.

ഞാൻ എന്റെ ബോമ്പേയാത്രയുടെ ഉദ്ദേശവും മറ്റു വിവരങ്ങളും പറഞ്ഞുകഴിയുംമുമ്പേതന്നെ അവൻ വേഷം മാറി റെഡിയായി.

—ശ്രീധരനെ അവനെന്നു വിളിക്കാനുള്ള സ്വാതന്ത്ര്യം എനിക്കന്നും ഉണ്ടായിരുന്നു. ഇന്നും ഉണ്ടു്—

"വാ പോകാം" അവൻ വിളിച്ചു.

"എവടാ?"

"പോയി സാമാനമൊക്കെ എട്ത്തോണ്ടുവരാം. ഞാനിവിടൊള്ളപ്പം നീ കണ്ടവൻവരെയൊക്കെ പോയി കെടക്കണോ? എ. പി. ശ്രീധറിനു് ഒരു പമ്മനേ ഉള്ളു. അതറിയാമോ. അഞ്ചാറൊന്നുമില്ല. ഒന്നു പോയാൽ വേറൊന്നു വരുമെന്നു് കരുതാൻ. അതുകൊണ്ടു് എറങ്ങു""

സാമാനങ്ങളെല്ലാം എടുത്തുകൊണ്ടു് ഞങ്ങൾ യാത്രപറഞ്ഞു് പിരിയുമ്പോൾ കേശവൻനായർക്കു് അല്പം ഇളിഭ്യത അനുഭവപ്പെട്ടിരിക്കണം. ഒപ്പം ആശ്വാസവും.

അതിൽപിന്നെ ഞാനദ്ദേഹത്തെ കണ്ടിട്ടില്ല. എങ്കിലും ആ കോങ്കണ്ണുകളിലെ തിളക്കവും ആ നീണ്ട ചുണ്ടുകളിലെ വശ്യമായ പുഞ്ചിരിയും രണ്ടുംകൂടിയിണചേരുമ്പോഴത്തെ അസാധാരണമായ ആ മുഖഭാവവും ഇന്നും ഞാനെന്റെ കണ്ണുകൾക്കുമുമ്പിൽ തെളിഞ്ഞുകാണുന്നു. ഒരിക്കൽ കണ്ടതുകൊണ്ടുതന്നെ ഒരിക്കലും മറക്കാനാവാത്ത, ഒരിക്കലും മായാത്ത അപൂർവ്വം ചില മുഖങ്ങളിൽ ഒന്നാണു് കേശവൻനായരുടേതു്. എന്താണാവോ അതിന്റെ രഹസ്യം.

* * *

ദാദർ ട്രാം ടെർമിനസ്സിൽനിന്നു് വടക്കോട്ടു പോകുമ്പോൾ ഇടതുവശത്തായി അന്നു്, അന്നെന്നുവെച്ചാൽ ആയിരത്തി തൊള്ളായിരത്തി നാല്പതിൽ വലിയ ഒരിറാനിക്കടയുണ്ടായിരുന്നു. ഇന്നു് അതൊരു തുണിക്കടയാണു്. ഇന്നു് മറ്റൊന്നോ എന്നപോലെതന്നെ അന്നു് മനുഷ്യർക്കു് ആഹാരമായിരുന്നു അതിപ്രധാനമായ ആവശ്യം. തുണിയ്ക്കു് രണ്ടാംസ്ഥാനംപോലും ഉണ്ടായിരുന്നില്ല.

ആ ഇറാനിക്കടയിലാണു് ശ്രീധരൻ അന്നൊക്കെ അത്താഴം കഴിച്ചിരുന്നതു്.

സാമാനങ്ങളെല്ലാം അവന്റെ ഫ്ളാറ്റിൽ നിക്ഷേപിച്ചശേഷം ഞങ്ങൾ അത്താഴത്തിനായി നേരെ ഇറാനിക്കടയിലേക്കുപോയി.

അവിടെ അവനെപ്പോലുള്ള സ്റ്റെഷൽ പതിവുകാർക്കുവേണ്ടി പാചകശാലയോടുചേർന്നു് ചെറിയ ഒരു മുറി സജ്ജീകരിച്ചിരുന്നു. ഏറിയാൽ നാലുപേർക്കിരുന്നു് ഭക്ഷണം കഴിക്കാൻ സൌകര്യമുള്ള ഒരു കൊച്ചുസ്ഥലം. തുറന്നിട്ടു് കൈവിട്ടാൽ തന്നതാനേ അടയുന്ന അരവാതിൽ. വാതിലിനെതിരേ ചുമരിന്റെ ഒത്ത നടുക്കായി ഒരു വെള്ളക്കാരിപ്പെണ്ണിന്റെ സുന്ദരമായ നഗ്നചിത്രം ആ വെള്ളക്കാരി പെൺകുട്ടിക്കു് മുടിവടിക്കുന്ന സമ്പ്രദായം ഇഷ്ടപ്പെട്ട ഇടപാടുകാരല്ലെന്നു തോന്നി ചിത്രം കണ്ടപ്പോൾ.

രാത്രിയായിരുന്നതുകൊണ്ടു് മുറിക്കുള്ളിൽ ഈച്ചയുടെ ശല്യം ഉണ്ടായിരുന്നില്ല. താറാമുട്ടയുടെ ഉളുമ്പുനാറ്റം ഉണ്ടായിരുന്നില്ല, വഴിയിൽക്കൂടി നീങ്ങിയിരുന്ന വാഹനങ്ങളുടെ ഇരമ്പം കടന്നിരുന്നില്ല. പാചകശാലയോടടുത്തായിരുന്നതുകൊണ്ടു് പൊതുവേ എല്ലാ ഇറാനിക്കടകളിലും അനുഭവപ്പെട്ടിരുന്ന ആ പ്രത്യേക മണംമാത്രം അല്പം കനത്തിൽ കെട്ടിപിടിച്ചു് കിടന്നിരുന്നു.

മുറിക്കകത്തെ മേശയോടുചേർന്നു് അഭിമുഖമായി ഞങ്ങൾ ഇരുന്നു.

ശ്രീധരൻ തുടരെ സിഗററ്റു പുകയ്ക്കുന്നുണ്ടായിരുന്നു. ഇടയ്ക്കൊക്കെ ഓരോന്നു് ഞാനും.

(തുടരും)

അഗ്നിസന്ധ്യ

'ഒരു മാടപ്രാവിന്റെ കഥ'യ്ക്കുശേഷം ആലപ്പി അഷറഫ് സംവിധാനം ചെയ്യുന്ന ചിത്രമാണ് ശ്രീ സരോജാ മൂവീസിന്റെ അഗ്നിസന്ധ്യ. മമ്മൂട്ടി, രതീഷ്, ബാലൻ കെ. നായർ, അച്ചൻകുഞ്ഞ്, ജോസ്പ്രകാശ്, രഘു, സ്വപ്ന, നളിനി, സുനന്ദ, വിലാസിനി എന്നിവരാണ് അഭിനേതാക്കൾ.

ഓമനത്തിങ്കൾ

എസ്.എം.വി. ആർട്ട്സിന്റെ ഓമനത്തിങ്കളും കഥയും തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്നത് യതീന്ദ്രദാസാണ്. ഈ ചിത്രത്തിൽ നിറഞ്ഞുനിൽക്കുന്ന ബിന്ദുമോൾ ബേബി അഞ്ജുവാണ്. വേണുനാഗവള്ളി, ശാന്തികൃഷ്ണ, ബാബുനമ്പൂതിരി, സുരേഷ് കവിയൂർ പൊന്നമ്മ തുടങ്ങിയവർ മറ്റു കഥാപാത്രങ്ങളായി വേഷമിടുന്നു.

അക്കരെ

പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംഭാവനയായ കെ. എൻ. ശശിധരൻ തിരക്കഥയെഴുതി സംവിധാനംചെയ്യുന്ന

രാമു, അംബിക ചിത്രം: 'ആദ്യത്തെ അനുരാഗം'

അക്കരെയിൽ ഭരത്ഗോപി, മമ്മൂട്ടി, നെടുമുടിവേണു, മോഹൻലാൽ, മാധവി, ബഹദൂർ തുടങ്ങിയവരഭിനയിക്കുന്നു.

എന്റെ കഥ

സന്ധ്യാ മൂവീമേക്കേഴ്സിന്റെ ബാനറിൽ ഐവൺ റെക്സിന നിർമ്മിക്കുന്ന ചിത്രമാണ് എന്റെ കഥ. പ്രേംനസീർ, രതീഷ്, മമ്മൂട്ടി, മോഹൻലാൽ, സത്യകല, റീന തുടങ്ങിയവരാണ് നടീനടന്മാർ. പി.കെ. ജോസഫ് ഈ ചിത്രം സംവിധാനം ചെയ്യുന്നു.

കാട്ടരുവി

സിയാ മൂവീസിനുവേണ്ടി എ.എസ്. മൂസലിയാർ നിർമ്മിക്കുന്ന കാട്ടരുവി പ്രദർശനത്തിന് തയ്യാറെടുക്കുന്നു. മനുഷ്യനെന്ന പോലീസ് ഓഫീസറുടെ കേസ് ഡയറിയിലുള്ള 'മുന്നാറിലെ മുന്നി'എന്ന സംഭവകഥയാണ് ഈ ചിത്രത്തിനാധാരം. സുകുമാരൻ, മമ്മൂട്ടി, രാജ്കുമാർ, ടി.ജി. രവി, ഉണ്ണിമേരി, ജലജ, മണവാളൻ, ആലുംമൂടൻ തുടങ്ങിയ താരങ്ങളഭിനയിക്കുന്നു. ശശികുമാർ സംവിധാനം ചെയ്യുന്ന കാട്ടരുവിയുടെ ഛായാഗ്രഹണവും നിർമ്മാതാവുതന്നെ നിർവ്വഹിക്കുന്നു.

പിൻനിലാവ്

ഹിറ്റ് ചിത്രങ്ങളുടെ നിർമ്മാതാക്കളായ സെഞ്ചുറിയുടെ പുതിയ ചിത്രമാണ് പിൻനിലാവ്. സി. രാധാകൃഷ്ണന്റെ ശ്രദ്ധേയമായ നോവലാണ് ഈ ചിത്രത്തിനാധാരം. മധു, മമ്മൂട്ടി, മോഹൻലാൽ, ശ്രീവിദ്യ, പൂർണ്ണിമാ ജയറാം തുടങ്ങിയവരാണ് താരനിരയിൽ. തോപ്പിൽഭാസി തിരക്കഥയെഴുതുന്ന ഈ ചിത്രം സംവിധാനം ചെയ്യുന്നത് പി. ജി. വിശ്വംഭരനാണ്.

കവിയൂർപൊന്നമ്മ, ബേബി അഞ്ജു
ചിത്രം: 'ഓമനത്തിങ്കൾ'

നാണയം

ഐ. വി. ശശി സി. എസ്. പ്രൊഡക്ഷൻസിനുവേണ്ടി സംവിധാനം ചെയ്യുന്ന ടെക്നോവിഷൻ ചിത്രമാണ് 'നാണയം'. മധു, രതീഷ്, ബാലൻ കെ. നായർ, മമ്മൂട്ടി, കെ. പി. ഉമ്മർ, ടി. ജി. രവി മോഹൻലാൽ, ഭാസി, ശ്രീവിദ്യ, സീമ, പൂർണ്ണിമാജയറാം തുടങ്ങി ഒരു വലിയ താരനിര നാണയത്തിലഭിനയിക്കുന്നു.

ഗ്രന്ഥനിരൂപണം

കെ.എം. പ്രഭാകരവാര്യർ

ഭാഷയുടെ സഹജസ്വഭാവങ്ങളിലൊന്നാണ് പരിണാമം. പ്രകൃതി, പ്രത്യയം, പദം, വാക്യം, അർഥം—എല്ലാ തലങ്ങളും പരിണാമവിധേയരാകും. ചില കാലഘട്ടങ്ങളിൽ ചില പ്രത്യേക ബാഹ്യപ്രേരണകളാൽ പരിണാമപ്രക്രിയ ദ്രുതഗതിയിലാകും. ഏതാണ്ട് പത്തു മുതൽ പതിനഞ്ചുവരെയുള്ള നൂറാണ്ടുകളിൽ കേരളഭാഷയ്ക്ക് അങ്ങനെയൊരു സത്വരഭാവഭേദം വരുകയുണ്ടായി. തുഞ്ചത്തെഴുത്തച്ഛന്റെ കാലത്തോടുകൂടി കാവ്യഭാഷയ്ക്ക് മാനകീകരണം സംഭവിച്ചുവെങ്കിലും വ്യവഹാരഭാഷയുടെ (സാമാന്യമായി ഗദ്യഭാഷയുടെ) മാനകീകരണത്തിന് പിന്നെയും നാലഞ്ചു നൂറാണ്ടുകൾ വേണ്ടിവന്നു. ഇങ്ങനെ പരിണാമവിധേയമായ ഭാഷയിലെ തത്ക്കാലരൂപങ്ങളുടെ മുഖച്ഛായകളിൽ പലതും സമാന്തരങ്ങളായ പ്രാഗ്രൂപങ്ങളിൽനിന്ന് കണ്ടാലറിയാത്തവിധം മാറിയിട്ടുണ്ട്. പഴഞ്ചൊല്ലുകളിലും നാട്ടുപേരുകളിലും ഭാഷാഭേദങ്ങളിലും പഴയ ഭാഷാരൂപങ്ങളുടെ കുറെ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നതു ശരിതന്നെ. എന്നാൽ പലതിലും പഴമയുടെ അവ്യക്തസ്ഫുരണങ്ങളേ കാണൂ. ആ സ്ഫുരണങ്ങളിൽനിന്നു ഉതിരുന്ന നുറുങ്ങുവെട്ടമാണ് പുറകോട്ടുള്ള അന്വേഷണപഥത്തിൽ കുറച്ചെങ്കിലും ഒളിവിതറുന്നത്. വർത്തമാനകാല ഭാഷാരൂപങ്ങളിൽനിന്നു പ്രാഗ്രൂപങ്ങൾ പുനഃസൃഷ്ടിക്കുന്നതിനു നിയതങ്ങളായ ചില പദ്ധതികൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. സാമാന്യമായി ഇവയെ പ്രാക്ചരിത്ര പുനർനിർമ്മാണപദ്ധതികൾ എന്നു വിളിക്കാം. അവയിലൊന്നാണ് നിരുക്തപഠനം. ആഭ്യന്തരപുനർനിർമ്മാണത്തിന്റെ ഒരു ശാഖയാണ് ഈ പഠനമെന്നു പറയാം. സമകാലികഭാഷയിലെ വ്യവസ്ഥാപിതങ്ങളായിത്തീർന്ന പദങ്ങളുടെ പൂർവചരിത്രം നിഷ്കൃഷ്ടമായും നിയമവിധേയമായും വ്യക്തമാക്കുന്ന അന്വേഷണത്തെയാണ് നിരുക്തപഠനം എന്നു പറയുന്നതു്. പദങ്ങളുടെ പൂർവചരിത്രനിർമ്മിതി എളുപ്പമല്ല. അഭ്യൂഹങ്ങളിലകപ്പെട്ട് മാർഗഭ്രംശം സംഭവിക്കാവുന്ന ഒന്നാണ് ഈ ഗവേഷണയാത്ര. നിയന്ത്രിതമായ യുക്തിചിന്തയില്ലെങ്കിൽ കാട്ടുകയറാവുന്ന സാഹസിക സഞ്ചാരമായിത്തീരും ഈ അന്വേഷണം.

എൻ. ആർ. ഗോപിനാഥപിള്ളയുടെ "സമീക്ഷ"യിൽ ഒമ്പതു ലേഖനങ്ങൾ സമാഹരിച്ചിരിക്കുന്നു. പി. സി. കുട്ടിയുടെ "പഴഞ്ചൊൽപ്രപഞ്ചം" എന്ന കൃതിയുടെ നിരൂപണം ("പഴഞ്ചൊല്ലുകളിലെ പദസമ്പത്ത്") ഒഴിച്ചുള്ളതെല്ലാം പദനിരുക്തിപഠനങ്ങളാണ്. നിലവിലുള്ള ചില ധാരണകളെ ഗ്രന്ഥകാരൻ തിരുത്താൻ ശ്രമിച്ചിട്ടുണ്ട്. ഭാഷാചരിത്രജ്ഞാനത്തെ യുക്തിബോധത്തിന്റെ ഉരകല്ലിൽ ഉരച്ചു മാറ്റുനോക്കിയതിനു ശേഷമാണ് പിള്ള സ്വാഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതു്. അതുകൊണ്ട്, നമുക്ക് പൂർണ്ണസമ്മതമല്ലാത്ത ചില കാര്യങ്ങൾ അദ്ദേഹം പറയുമ്പോഴും അവയെ നിസ്സാരങ്ങളെന്ന് നിക്കിനിർത്താനാവില്ല. ഭാഷാചരിത്രത്തെക്കുറിച്ചുള്ള ഗവേഷണത്തിൽ അവസാനവാക്ക് എന്നൊന്നില്ലല്ലൊ. ഉപരിചിന്തയ്ക്കു പ്രേരകങ്ങളായ വാദമുഖങ്ങൾപോലും ഭാഷാഗവേഷണത്തിനുള്ള നിസ്തുല സംഭാവനകളായി വിലമതിക്കപ്പെട്ടുമല്ലൊ.

'സമീക്ഷ'യിൽ അത്തരം സംഭാവനകളുണ്ട്.

ഈ ഗ്രന്ഥത്തിൽ ഒട്ടേറെ പദങ്ങൾ ചർച്ചാവിഷയമാക്കിയിട്ടുണ്ട്. ചില പദങ്ങളുടെ നിഷ്പത്തിനിർണ്ണയനത്തിനു് [illegible] കണ്ടെത്തിയിരിക്കുന്നു. ചില പദങ്ങളെ നിരാകരിച്ചു് [illegible] വ്യക്തികൾ നിരത്തിവച്ചിരിക്കുന്നു. ചില പദങ്ങളെ സംബന്ധിച്ചു് പുതിയ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. ആചാരപദങ്ങൾ നാട്ടുപേരുകൾ ജാതിസംജ്ഞകൾ, സാമാന്യനാമങ്ങൾ— ഇങ്ങനെ വിവിധ വിഭാഗങ്ങളിൽ പെടുന്നവയാണ് പരാമൃഷ്ടപദങ്ങൾ. ഒരു ലഘുനിരൂപണത്തിൽ ഓരോന്നും എടുത്തുപരിശോധിക്കാൻ കഴിയില്ല.

"ദേവാർഹ"മായ "ദേവകാര്യ"മാണെങ്കിലും, "തേവാര"ത്തിന്റെ ജനനം ആ പദങ്ങളിൽ നിന്നല്ല. കാരണം സ്വ

കൊണ്ടതന്നെയാണ്.

"പുഞ്ചിരി", "പുൻ" (ചെറിയതു്) ആയ "ചിരി" ആണ്. "എൺ" (എണ്ണുക) –ഉം "ചുവടി" (ആധാരഗ്രന്ഥം) -ഉം ചേർത്താൽ "എഞ്ചുവടി" എളുപ്പം കിട്ടും (പു. 57). തഴിലെ "പുന്നകൈ" (പുൻ–നകൈ) മേല്പാഞ്ഞ (പുഞ്ചിരി) നിഷ്പാദനത്തിന്റെ സാധുതസ്ഥിരീകരിക്കുന്നു.

ഈ ഗ്രന്ഥത്തിൽ ഏറ്റവുമധികം ചർച്ചചെയ്തിരിക്കുന്നതു് സ്ഥലനാമങ്ങളാണ്. 'നാട്ടുപേരുകളുടെ മുഖം കാലം വല്ലാതെ വികൃതമാക്കിയിട്ടുണ്ട്' (പു: 28) എന്നു് മനസ്സിലാക്കിക്കൊണ്ടും 'നാട്ടുപേരുകളുടെ നിർദ്ദിഷ്ടമായ ഈ നിഷ്പത്തിയെല്ലാം തീർച്ചയും ശരിയാണ്' എന്നഭിപ്രായമില്ല (പു: 39) എന്നു് സമ്മതിച്ചുകൊണ്ടും ആണ് ഗ്രന്ഥകാരൻ തന്റെ പക്ഷങ്ങൾ വിടർത്തിയിരിക്കുന്നതു്. സ്ഥലനാമങ്ങളെക്കുറിച്ചുള്ള ഉപരിപഠനങ്ങൾക്കു് 'സമീക്ഷ'യിലെ അവലോകനങ്ങൾ സഹായമാകും എന്നു് നിസ്സംശയം പറയാം.

'വെറാറിൽ' വെറുമില്ലയല്ലെന്നും 'വെറാറി—ഇല'യാണെന്നും ചൂണ്ടിക്കാണിച്ചിട്ടുള്ളതു് (പു: 50-51) സർവാംഗീകൃതമാവില്ലെന്നു തോന്നുന്നു. 'വെറാറി'ക്കു 'ലഘുവരി' എന്ന അർത്ഥം കല്പിക്കുന്നതിൽ വേണ്ടത്ര അടിസ്ഥാനമില്ല. 'വെല്' ആണു് ധാതു. അപ്പോൾ 'വെറാറി'ക്കു 'ജയം' അല്ലെങ്കിൽ 'കീഴടക്കൽ' എന്നേ അർത്ഥംവരൂ. 'ജയലഹരി' എന്ന അർത്ഥത്തിൽ പ്രയോഗമുണ്ടെങ്കിൽ അതു് ലാക്ഷണികമായിരിക്കണം, കോശാർത്ഥത്തിൽ അധിഷ്ഠിതമല്ല.

(ശേഷം 61 -ൽ)

വാക്കുകളുടെ ഉറവിടങ്ങൾ

സമീക്ഷ—എൻ ആർ. ഗോപിനാഥ പിള്ള, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം. 1982. രൂ. 6.50

നപരിണാമവിധികൾക്കൊപ്പിച്ചു് അതദ്ഭവവത്ക്കരണം വ്യാഖ്യാനദുഷ്ക്കരമാണ്. അതുകൊണ്ടു്, "ദേവഹാരം" ആണു് തേവാരത്തിന്റെ പ്രഭവം; തേവ—ആരം (മുത്തുമാല) — ദേവനു് ചാർത്തുന്ന മുത്തുമാല (പു. 9). ഈ നിരീക്ഷണം സ്വീകാര്യമല്ലാതിരിക്കാൻ കാരണമൊന്നും കാണുന്നില്ല.

"പാരസ്യാർ", "പിഷാരസ്യാർ" എന്നീ പദങ്ങളിൽ "—സ്യാർ" എന്നൊരു സ്ത്രീലിംഗപ്രത്യയം കല്പിക്കേണ്ടതുണ്ടോ? വേണ്ടെന്നാണു് പിള്ള ചൂണ്ടിക്കാണിക്കുന്നതു് (പു. 25–27). "വാരിയത്തിയാർ" "വാരസ്യാർ" ആകുന്നതും "പിഷാരത്തിയാർ" "പിഷാരസ്യാർ" ആകുന്നതും വ്യവസ്ഥാപിതസ്വനപരിണാമങ്ങൾക്കു് പൊരുത്തപ്പെട്ടതു്. സ്ഥലനാമങ്ങളെക്കുറിച്ചുള്ള ഉപരിപഠനങ്ങൾക്കു് 'സമീക്ഷ'യിലെ അവലോകനങ്ങൾ സഹായമാകും എന്നു് നിസ്സംശയം പറയാം.

തിമൂർച്ചയുടെ നിമിഷങ്ങളിലൊക്കെ അവൾ പറയുമായിരുന്നു.

"നമുക്കൊരു ക്ലോക്ക് വാങ്ങണം..."

അപ്പോഴൊക്കെയും ഞാൻ തളർന്നു പോവുമായിരുന്നു. എന്റെ തളർച്ചക്ക് പിന്നിലെ ചിന്തകളെക്കുറിച്ചു പറഞ്ഞാൽ മറിയത്തിനു മനസ്സിലാവില്ല. ലോകത്തിന്റെ സ്ഥായിയായ നിലനിൽപ്പ് തന്നെ ക്ലോക്കിന്റെ നിജപ്പെടുത്തിയ താളമില്ലായിരുന്നെങ്കിൽ എന്തായിരുന്നേനെയെന്ന് മറിയം ഭയപ്പെടുമ്പോഴും. ക്ലോക്ക് ഓരോ മനുഷ്യന്റെ ജീവിതത്തിലും അനിവാര്യമായ ഘടകമാണെന്ന് ആണയിട്ടു പറയുമ്പോഴും ഞാൻ ഭയപ്പെട്ടു.

അതെ. ക്ലോക്ക് എന്നിലെങ്ങനെ

റഞ്ഞുകിടക്കുന്ന ഒരു ഭീതിയാണെന്ന് പറഞ്ഞാൽ അവൾക്ക് പുച്ഛം തോന്നും. ഞാൻ തികഞ്ഞ ഒരു ഭീരു മാത്രമാണെന്നവൾ കരുതും. സ്വന്തം ഭീതികളെ മൂടിവെച്ച ഭീതിനാവുക. സ്വന്തം ഭീതികളെക്കുറിച്ചു പറയാനും ഭീതിയാണല്ലോയെന്നോർത്താണ് അങ്ങിനെയാവുന്നതെന്ന് പറഞ്ഞാലും ആർക്കും മനസ്സിലാവില്ല. ഓഫീസിലെ ഏകാന്തതയിൽ വെച്ച—പ്രാവിന്റെ കുറുകൽ പോലുള്ള ക്ലോക്കിന്റെ ശബ്ദം കേൾക്കുമ്പോൾ ഞാനെന്റെ കൈപ്പടം നെഞ്ചിൽ ചേർത്തുവെച്ചു— എന്റെയും ക്ലോക്കിന്റെയും താളങ്ങൾ താരതമ്യപ്പെടുത്തുക. പിന്നെ രണ്ടും രണ്ടുതാളങ്ങളിലാണ് മിടിക്കുന്നതെന്ന് സാന്ത്വനപ്പെടുത്തുക. ഇതൊക്കെയും എല്ലാ മനുഷ്യരുടെയും സ്വാഭാവികമായ ഭീതികളാണെന്ന് കരുതുക [ഇതിനൊക്കെ പിന്നിൽ പ്രവർത്തിച്ചിരുന്നത് എന്റെ ഭീതിയായിരുന്നല്ലോ. അടിസ്ഥാനപരമായി ഭീതി മാത്രമേയുള്ളുവെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.]

ഈയിടെയായി മറിയം വല്ലാതെ ക്ഷീണിച്ചുവരികയായിരുന്നു. ഏതെങ്കിലും നിമിഷം മറിയത്തോട് അതേക്കുറിച്ചു ചോദിക്കണമെന്നെനിക്കുണ്ടായിരുന്നു. മറിയത്തിന് എന്താണു സംഭവിക്കാൻ പോവുന്നത്? ഏതെങ്കിലും അത്യാഹിതത്തിന്റെ മുന്നറിയിപ്പുകളാവുമോ— മറിയത്തിന്റെ വിളർച്ചയും ക്ഷീണവും. ങ്ങനെ മറിയത്തോട് തന്നെ അതേപ്പറ്റി ചോദിച്ചപ്പോഴാണ് ഞാനൊരിക്കൽക്കൂടെ ഞെട്ടിയത്. ഒരു ക്ലോക്കിന്റെ അഭാവമാണ് അവളുടെ ക്ഷീണത്തിന്

കഥ

എം.സുധാകരൻ

കാരണമെന്നവൾ കണ്ടെത്തിയിരുന്നു. വൈകിയെത്തുന്ന ഉറക്കവും; നേരം തെറ്റുന്ന ഭക്ഷണവുമൊക്കെയാണ് ക്ഷീണത്തിന് കാരണമെന്നും— ആത്യന്തികമായി ഇതൊക്കെ പരിഹരിക്കാവുന്നത് ഒരു ക്ലോക്കിലൂടെയാണെന്നും അവൾ നിസ്സംശയതയോടെ പറഞ്ഞു. മറ്റു നിമിഷങ്ങളിൽ അവൾ ക്ലോക്കിനെപ്പറ്റി പുറയുമ്പോൾ പ്രകടിപ്പിക്കാറുണ്ടായിരുന്ന ആവേശങ്ങൾ ഇപ്പോഴെവിടെയാണൊളിച്ചുപോയത്? മെഴുകുതിരിപോലെ ലോലയായ എന്റെ മറിയം ഒരു ക്ലോക്കിന്റെ അഭാവത്തിൽ ഉരുകിയൊലിക്കുക എന്ന് പറഞ്ഞാൽ... അതുവളോട് ള്ള എന്റെ എല്ലാ സ്നേഹങ്ങളുടേയും നിഷേധമായവൾ കരുതുമെന്നെനിക്കറിയാമായിരുന്നു.

വിജനമായ തെരുവിലൂടെ തെരുവുവിളക്കുകളുടെ കണ്ണുകൾ നോക്കിനടക്കുവേയാണ്— എന്റെ ഇത്തരം ചിന്തകൾക്ക് കടിഞ്ഞാണിട്ടുകൊണ്ട്. എന്റെ വിചാ

രങ്ങൾക്കും, ഭീതികൾക്കും മീതെ കൂറേ ക്ലോക്കുകൾ ഒന്നായി ശബ്ദിക്കുവാൻ തുടങ്ങിയതു്.

പൊട്ടിന്നനവേ ഒരു ഞെട്ടലോടെ ഞാൻ തിരിഞ്ഞുനോക്കി. നേരമെത്രയായിരിക്കുമെന്നറിയാൻ വേണ്ടി ഞാൻ ഭീതിയോടെയെങ്കിലും ക്ലോക്കിന്റെ താളങ്ങളെണ്ണി. എന്റെ ശ്രദ്ധ തെറ്റുകയും എണ്ണം പിഴക്കുകയും ചെയ്യുമ്പോൾ ഏതോ യാന്ത്രികത്വത്തിനടിപ്പെട്ടപോലെ ഞാൻ തെരുവിലൂടെ കണ്ണോടിച്ചു. അടച്ചുകടകൾക്കു നടുവിലെ ചെറിയ ഒരിടനാഴിക്കപ്പുറത്തുനിന്നായിരുന്നു എന്റെ വിചാരങ്ങളിലേക്ക് ക്ലോക്കുകൾ ഒന്നായുണർന്നതു്. ഏറെനേരങ്ങൾ — എന്റെ നെഞ്ചിടിപ്പ് കാതോർത്തു. എവിടെനിന്നോ വീണുകിട്ടിയ നൈമിഷികമായ ഒരു ധൈര്യത്തിൽ ഞാൻ പതുക്കെ ക്ലോക്ക്കടയിലേക്ക് നടന്നു. ക്ലോക്കുകൾ അപ്പോഴൊക്കെയും പലതരം ശബ്ദങ്ങളോടെ കരയാൻ തുടങ്ങി. ക്ലോക്ക്കടയുടെ മുൻപിൽനിന്നു് ഞാനെന്റെ കൈപ്പടം നെഞ്ചിൽ ചേർത്തുവെച്ചു. അല്ല..അല്ല..ക്ലോക്കുകൾ മറേതോ താളങ്ങളിലാണു് മിടിക്കുന്നതു്. നേത്ത നെഞ്ചിടിപ്പുമുതൽ ബലികാക്കയുടെ കരച്ചിൽവരെയുള്ള വിവിധതരം ശബ്ദങ്ങൾ എനിക്കുചുറ്റും ഒരുതരം ല

ഡീപ്‌ത്രോട്ടിന്റെ മുഖം

നിക്സൻ ഭരണകൂടത്തെ അട്ടിമറിച്ച വാട്ടർഗേറ്റ് അപവാദം പുറത്തുകൊണ്ടുവരാൻ "വാഷിങ്ടൺ പോസ്റ്റ്"ലേഖകൻ ബോബ് വുഡ്‌വാഡിനു സഹായകമായ വിവരങ്ങൾ നൽകിയ ആ "ഡീപ്‌ത്രോട്ടി" (Deep Throat) നെ ഓർമ്മിക്കുന്നുണ്ടോ? "ഓൾ ദി പ്രസിഡന്റ്സ് മെൻ" എന്ന പുസ്തകത്തിലൂടെയും ചലച്ചിത്രത്തിലൂടെയും താരപദവി കൈവരിച്ച "ഡീപ് ത്രോട്ട്" ആരാണെന്ന ജിജ്ഞാസ അമേരിക്കയിലെ ഏതൊരു പൗരനേയും കുഴക്കിയ സമസ്യയത്രെ. ലോകംമുഴുക്കെ ആ "നിഴലി"നു പിന്നിലെ മനുഷ്യനെ അറിയാൻ ആകാംക്ഷപൂണ്ടുനിന്നു. ഇക്കഴിഞ്ഞ നവംബർ മദ്ധ്യത്തിൽ പുറത്തുവന്ന "പദവിയുടെ നഷ്ടം" (Lost Honour) എന്ന പുസ്തകത്തിലൂടെ ആ കുരുക്കഴിക്കപ്പെട്ടതായി അവകാശപ്പെട്ടിരിക്കുകയാണ്; മുൻ വൈറ്റ് ഹൗസ് ഉപദേഷ്ടാവുകൂടിയായ ഗ്രന്ഥകർത്താവു ജോൺ ഡീൻ. ഹർപർ ആൻറ് റോ പ്രസാധനംചെയ്തതും അല്പനാളുകൾകൊണ്ടുതന്നെ കോളിളക്കം സൃഷ്ടിച്ചിരിക്കുന്നതുമായ "പദവിയുടെ നഷ്ട"ത്തിൽ "ഡീപ്‌ത്രോട്ട്" ഭദ്രശീയ രക്ഷാസമിതിയിൽ ഹെൻറി കിസ്സിഞ്ജർ കഴിഞ്ഞാൽ രണ്ടാം സ്ഥാനക്കാരനായിരുന്ന ആളും വാട്ടർഗേറ്റ് വേളയിൽ വൈറ്റ്ഹൗസ് ഉദ്യോഗസ്ഥമേധാവിയും പിന്നീട് റൊണാൾഡ് റീഗന്റെ സ്റ്റേറ്റ് സെക്രട്ടറിയുമൊക്കെയായിരുന്ന അലക്സാണ്ടർ ഹെയ്ഗല്ലായെ മറ്റൊരാളല്ലെന്നു ജോൺ ഡീൻ തറപ്പിച്ചുപറയുന്നു.

"ഒന്നോ അതിലധികമോ വൈറ്റ്ഹൗസ് ടേപ്പുകളുടെ പല ഭാഗങ്ങളും കുരുത്തക്കേടായി മായ്ച്ചുകളയപ്പെട്ടിട്ടുണ്ടെന്നു" വസ്തുത വുഡ്‌വാഡിനോട് 1973 നവംബറിൽ ഡീപ്‌ത്രോട്ട് പറഞ്ഞതുവെച്ച് നോക്കിയാൽ, പ്രസ്തുത വസ്തുത അറിയാവുന്ന അംഗുലീപരിമിതരിൽ ഹെയ്ഗുമുണ്ടെന്നതാണ് അദ്ദേഹത്തെ സംശയിക്കാനുള്ള ഒരു കാരണമായി ഡീൻ പറയുന്നത്. ഈ വസ്തുത അറിയാനിടയുള്ള മറുള്ളവരിൽ നിക്സനും അദ്ദേഹത്തിന്റെ സെക്രട്ടറി റോസ്മേരി വുഡ്സും വൈറ്റ്ഹൗസിലെ സേനാനായകന്മാരായ സ്റ്റീഫൻ ബുള്ളും പരേതനായ ജെ. ഫ്രെഡ് ബുസാർദ്ദും മാത്രമാണുൾപ്പെടുന്നത്. "ഡീപ്‌ത്രോട്ട്" വുഡ്‌വാഡിനു നൽകിയതും ശരിവെച്ചതുമായ മറ്റെല്ലാ വിവരങ്ങളും ഹെയ്ഗിനു അറിയാമായിരുന്നുവെന്നു ഡീൻ അവകാശപ്പെടുന്നു.

1976 മുതൽതന്നെ പലരും മുന്നോട്ടുനയിച്ചതും ഇപ്പോൾ ഡീൻ സമർത്ഥിച്ചുറപ്പിച്ചതുമായ "സിദ്ധാന്ത"ത്തിലെ ഒരു മുഖ്യ വൈരുദ്ധ്യം, ആർക്കും എവിടെവെച്ചും എളുപ്പത്തിൽ മനസ്സിലായിപ്പോകുന്ന, സ്വതവേതന്നെ വളരെയേറെ അന്തസ്സു പാലിക്കുന്ന ഹെയ്ഗ് വാഷിങ്ടൺപ്രഭൃതികല ഗ്യാരേജുകൾക്കു ചുറ്റും രാത്രി രണ്ടുമണിയ്ക്കും മറ്റും പതുങ്ങിനടന്നുവെന്ന വസ്തുതയത്രെ!

"പദവിയുടെ നഷ്ട"ത്തിൽ സംഭവങ്ങൾ കണക്കാക്കിയ രീതിയിലും പ്രമാദങ്ങൾ പിണഞ്ഞിട്ടുണ്ട്. "ഡീപ്‌ത്രോട്ട്" ലേഖകൻ വുഡ്‌വാഡിനെ കണ്ടതായി പറയുന്ന മുഖ്യമായ ഒരു തീയതി 1972 ഒക്ടോബർ 9 ആണ്. അന്നാകട്ടെ ഹെയ്ഗ് രാജ്യത്തിനു പുറത്തുമായിരുന്നു. 1973 ഫിബ്രവരി അവസാനം ഡീപ്‌ത്രോട്ട്, വുഡ്‌വാഡിനു വൈറ്റ്ഹൗസ് ഉത്തരവുകൾ പ്രകാരം ടെലഫോണുകൾ ചോത്തപ്പെട്ട രണ്ടു പത്രലേഖകന്മാരുടെ പേരുവിവരം നൽകുകയും, ചോർത്തിയതു് "ഔട്ട്-ഒഫ്-ചാനൽസ്" വിജിൽ ആൻറി സ്കാഡാ"ണെന്നു പറയുകയും ചെയ്തിരുന്നു. എന്നാൽ ഫോൺ യഥാർത്ഥത്തിൽ ചോത്തിയതു് എഫ്. ബി. ഐ. യാണു്.

"ടൈം" വാരികയുടെ ലേഖകനായ ഹേയ്സ് ഗോറിയുടെ ഈദൃശ ലേഖനങ്ങളെക്കുറിച്ചു് ഡീൻ തന്റെ പുസ്തകത്തിൽ പലേടത്തും പരാമർശിക്കുന്നുണ്ടു്. അദ്ദേഹമാണു് ഡീനിനെ ചില അഭിമുഖസംഭാഷണങ്ങൾക്കും അച്ചടിയ്ക്കു മുൻപുള്ള പുസ്തകപരിശോധനയ്ക്കും മറ്റും സഹായിച്ചതു്.

"പദവിയുടെ നഷ്ട"ത്തെക്കുറിച്ചു്, പുസ്തകരചനയുമായി സഹകരിച്ചു ഗോറി നിരൂപിച്ച മതം ഇതത്രെ:— "ഈ സിദ്ധാന്തം ഒരു ദുരാലോചനയത്രെ. എന്നാൽ ഇതൊരു കേവല സിദ്ധാന്തത്തിൽ കവിഞ്ഞ ഒന്നുമല്ലതന്നെ. ഡീനിനു തെളിവൊന്നുമില്ല".

എങ്കിലും, വിപണിയിലെത്തിക്കഴിഞ്ഞ പുസ്തകം കോളിളക്കം സൃഷ്ടിച്ചിരിക്കുന്നു...

—o—

എൻ. വി. വിനോദ്

ഹരിയായി. ഇപ്പോൾ ഭീതിയുടെ ഉത്തുംഗാവസ്ഥയിൽ ഇതാ ക്ലോക്കുകളുടെ ശബ്ദങ്ങൾ മുഴുവൻ എന്റെ കാതുകളിൽ—മുഴങ്ങുകയും മനസ്സിൽ ഒരു വന്യമായ ലഹരിയുറയുകയുംചെയ്യുന്നു.

മറിയമേ ഈ ക്ലോക്കുകൾക്കിടയിൽ നിന്നും ശബ്ദങ്ങൾക്കിടയിൽനിന്നും ഞാനേതു് തിരഞ്ഞെടുക്കണം...നിന്റെ നന്മത്ത നെഞ്ചിടിപ്പുപോലെ ശബ്ദിക്കുന്ന ഏതെങ്കിലുമൊന്നു്...

ഞാൻ കടയിലാകെ കണ്ണുകളെറിഞ്ഞു. ഒരു മൂലയിൽ കരാൾ കത്തിയിരുന്നു. എന്തോ ചെയ്യുന്നുണ്ടു്. ഈ നേരത്തു്... ക്ലോക്കുകളുടെ മുഴുവൻ ശബ്ദങ്ങൾക്കിടയിലിരുന്നു് അയാളെന്തു്ചെയ്യുകയാണു്? സമയമെത്രയായെന്നറിയാൻവേണ്ടി ഞാൻ വെറുതെ ഒരു ക്ലോക്കിലേക്കു് നോക്കി. പന്ത്രണ്ടു് മണി. അടുത്ത ക്ലോക്കിൽ പതിനൊന്നു് ...ഞാൻ ക്ലോക്കുകളിൽ മാറിമാറി നോക്കവേ, ക്ലോക്കിലെ അക്കങ്ങൾ മുഴുവൻ ഓരോ തീപ്പൊട്ടുകളായി എന്റെ കണ്ണുകളിലേക്കിറങ്ങിവരുന്നതായും ... ക്ലോക്കിലെ സൂചികൾ മുഴുവൻ ഓരോ അസ്ത്രങ്ങളായി എന്റെ മനസ്സിന്റെ മൃദുലതകളിലേക്കു് എയ്യപ്പെടുന്നതായും എന്റെ നെഞ്ചിടിപ്പു് ഒരു താളക്കേടിലേക്കു് ഊർന്നുപോവുന്നതായുമെനിക്കുതോന്നി.

ഇപ്പോൾ എല്ലാ ക്ലോക്കുകളും എനിക്കെതിരെ ഒരു നോക്കുകുത്തിപോലെ...

വിഭ്രമത്തിന്റെ ഉത്തുംഗാവസ്ഥയിൽ ഒരുതരം വർദ്ധിച്ച കൌതുകം എന്നിലേക്കിറങ്ങിവന്നു. (ഓരോ ഭാവത്തിന്റെയും അമൂർത്താവസ്ഥയിൽ സംഭവിക്കുന്നതു് എന്തൊരു രസകരമായ പരിണാമമാണു്.) ഇപ്പോൾ ഒരുതരം വർദ്ധിച്ച കൌതുകത്തോടെ ഞാനോരോ ക്ലോക്കിലേക്കും മാറിമാറിനോക്കി. ഓരോ ക്ലോക്കിലും ഓരോ സമയങ്ങൾ! ചിലതു് പെട്ടെന്നു് ഉണർന്നെണീറ്റു ശബ്ദിക്കുന്നതും, ചിലതു് ശബ്ദങ്ങളുള്ളിലൊതുക്കുന്നതും ഞാൻ നോക്കിക്കണ്ടു. ഓരോ ക്ലോക്കിലേക്കും പാളിനോക്കവേ, പ്രഭാതത്തിന്റെ ശാന്തതയും, ഉച്ചയുടെ കത്തുന്ന അസ്വസ്ഥതയും. അസ്തമയത്തിന്റെ നേർത്ത വേദനയും, രാത്രിയുടെ രതിയും ഞാൻ തൊട്ടറിഞ്ഞു. നേരങ്ങൾ തമ്മിൽചിടപ്പെട്ട ക്ലോക്കുകൾക്കിടയിൽനിന്നു—രാത്രിയും ഉച്ചയും ഇടകലർന്ന നേരങ്ങളില്ലാത്ത നേരം ഊർന്നുവീഴുമ്പോൾ—ഏതാണു് യഥാർത്ഥ നേരം? ഏതാണു് യഥാർത്ഥ സമയം?

എന്റെ കൌതുകങ്ങൾ സ്വപ്നാവസ്ഥ പിന്നിട്ടപ്പോൾ...ഞാൻ മറിയത്തെക്കുറിച്ചോർത്തു. അവളുടെ ചിന്തകളെക്കുറിച്ചോർത്തപ്പോൾ എന്നിലെന്തിനെ

ന്നില്ലാതെ ഒരു ചിരിപൊട്ടി. എന്റെ ചിരി പെൺഡുലങ്ങളുടെ ശബ്ദങ്ങളേക്കാൾ ഉച്ചത്തിലായതായിരിക്കണം. മുറിയിലിരുന്ന ആൾ തലയുയർത്തി നോക്കി.

"എന്താണു്?"

അയാളുടെ കൈയിലെ വാച്ചിലേക്കു നോക്കി ഞാൻ ചോദിച്ചു.

"സമയമെന്തായി" (അതു് ചോദിക്കുമ്പോൾ വാച്ചില്ലാത്ത എന്നോടു് സ്കൂൾകുട്ടികൾ സമയം ചോദിക്കാറുള്ളതു് ഞാൻ വെറുതെ ഓർത്തുപോയി) എന്റെ ചോദ്യത്തിനുനേരെ ഒരു തണുത്ത പരിഹാസംപോലെ അയാൾ പറഞ്ഞു.

"ഇവിടെയങ്ങിനെ പ്രത്യേക സമയമൊന്നുമില്ല..."

ഞാനൊന്നുംമിണ്ടാതെനിൽക്കവേ, ഒരു മിനുട്ടുസൂചിയെടുത്തു് ഒരു ക്ലോക്കിലുറപ്പിച്ചുകൊണ്ടു് അയാൾ ഒരനുബന്ധംപോലെ കൂട്ടിച്ചേർത്തു.

"സമയം ഒരു വിഡ്ഢിയുടെ കാഴ്ചപ്പാടല്ലേ.."

മിനുട്ടുസൂചികൾപോലെ എറിച്ചുനിൽക്കുന്ന അയാളുടെ തലയിലെ രണ്ടുമൂന്നു് രോമങ്ങളിലേക്കു് നോക്കി ഞാൻ തലകുലുക്കി. അപ്പോഴൊക്കെയും ക്ലോക്കുകൾ ഉണരുകയും ഉറങ്ങുകയുംചെയ്തുകൊണ്ടിരുന്നു. മറിയത്തിന്റെ വിഡ്ഢിത്തത്തെയും അയാളുടെ ദാർശനികചിന്തകളേയും ഞാൻ താരതമ്യപ്പെടുത്തവേ— അയാൾ പറഞ്ഞു.

"പക്ഷേ... ക്ലോക്കു് പലപ്പോഴും ഒരാശ്വാസമാണു്..നിങ്ങൾ സമയത്തെ തുലച്ചിട്ടിരിക്കുന്നവെന്നു് സ്വയം വിശ്വസിപ്പിക്കാൻ. ."

ഇതാ.... ഈ ക്ലോക്കുകൾക്കിടയിലിപ്പോൾ ഞാനൊരു നെഞ്ചിടിപ്പാവുന്നു. എന്റെ പനിപിടിച്ച ചിന്തകളിൽ കൂളിരുവീശുന്നു. ക്ലോക്കുകൾക്കിടയിലൂടെ നടന്നുനടന്നു് അവസാനം അയാളുടെ അടുത്തെത്തി ഞാൻ പറഞ്ഞു.

"എങ്കിലെനിക്കൊരു ക്ലോക്കുവേണം."

അയാൾ എഴുന്നേറ്റു് എന്നെയൊന്നു നോക്കി—മറ്റൊരു വിശാലമായ ഹാളിലേക്കു് നടന്നു. ഒരുതരം പ്രാകൃതവും വന്യവുമായ ശാന്തതയായിരുന്നു ആ മുറിയിൽ. ഒരു മോർച്ചറിയുടെ തണുപ്പനുഭവപ്പെട്ട ആ മുറിയിൽ ക്ലോക്കുകൾ മുഴുവൻ അനക്കമില്ലാതെ കിടക്കുകയായിരുന്നു. എന്നെ മുറിയിൽ തനിച്ചാക്കി അയാൾ പുറത്തേക്കുപോയി. (ആധുനിക കഥകളിലെ സംവേദനമുൾക്കൊണ്ട ഞാനൊന്നു ഞെട്ടി. ഞാൻ വാതിലിനടുത്തേയ്ക്കോടി. ഇല്ല വാതിൽ അടച്ചിട്ടില്ല.)

അയാൾ മുഖമുയർത്തി എന്നെ നോക്കി. ഒന്നും പറയാനില്ലാത്തതുകൊണ്ടോ എന്റെ സംഭ്രമംകൊണ്ടോ..ഞാൻ പറഞ്ഞു.

—"മറിയം സമയമേറെയായി..."

ഞാനൊരു വിഡ്ഢിയാണെന്നപോലെ അയാൾ ചിരിച്ചു. എന്റെ പൂർത്തിയാക്കാത്ത വാക്കുകൾക്കുനേരെ അയാളുടെ തണുത്ത ചിരി ഒരു വാൾത്തലപോലെ അറുവീണു.

"കാത്തിരിക്കാനാരെങ്കിലും എന്തെങ്കിലുമുണ്ടായിരിക്കുക...അപ്പോഴാണു് സമയബോധമുണ്ടാവുക....ഇനി ക്ലോക്കുപോലും നിങ്ങളെ കാക്കുന്നുവെന്നു് നടിക്കാൻതുടങ്ങും."

ഞാൻ വീണ്ടും ക്ലോക്കുകൾ തിരയാനാരംഭിച്ചു. അവസാനം മറിയത്തിന്റെ കൃഷ്ണമണികൾപോലുള്ള കുത്തപൊട്ടുകൾകൊണ്ടലങ്കരിച്ച ഒരു ക്ലോക്കു് തേടിപ്പിടിച്ചെടുത്തു് ചാവികൊടുത്തുനോക്കി. അതെ മറിയത്തിന്റെ നേർത്തനെഞ്ചിടിപ്പിന്റെ ശബ്ദം . ക്ലോക്കുമെടുത്തു് വാതിൽതുറന്നു് ഞാനയാൾക്കു മുന്നിലെത്തി.

"സമയമൊന്നു ക്രിപ്പപ്പെടുത്തണം". ഞാൻ പറഞ്ഞു.

"എത്രസമയമാക്കണം..." ഒരു വിഡ്ഢിച്ചിരിയോടെ അയാൾ ചോദിച്ചു.

തെല്ലിട ആലോചിച്ചുകൊണ്ടു ഞാൻ പറഞ്ഞു.

"പതിനൊന്നു മണിയാക്കിക്കോളൂ..."

അയാൾ സൂചികൾ പലതവണകറക്കി. പതിനൊന്നുമണിയാക്കിവെച്ചു. ക്ലോക്കു് ഒരു കടലാസ്സിൽ ഭദ്രമായി പൊതിഞ്ഞു. (ശവപ്പെട്ടിയിലടക്കപ്പെടുന്ന ജഡം എന്റെ ഓർമ്മയിലപ്പോൾ ഒരു കാരണവുമില്ലാതെ പൊങ്ങിവന്നു.)

വിളറിയ പകലിലൂടെ മറിയത്തിന്റെ നെഞ്ചിടിപ്പു് കാതോർത്തു ഞാനൊരു ദാർശനികനെപ്പോലെ നടന്നു...

വീട്ടിലെത്തുമ്പോൾ മറിയം ഉറക്കച്ചടവുള്ള കണ്ണുമായി വരാന്തയിൽ കുനിപ്പിടിച്ചിരിക്കയായിരുന്നു. എന്തൊരു ക്ഷീണമാണു് മറിയത്തെ ബാധിച്ചിരിക്കുന്നതു്? മറിയം ഇന്നലെ രാത്രി ഉറങ്ങിയിട്ടുണ്ടാവില്ല. ക്ലോക്കുകൾക്കിടയിലെ—നേരമില്ലാത്ത നേരങ്ങൾക്കിടയിൽ എന്റെ ഒരു ദിവസം നഷ്ടമായതു് ഇപ്പോൾ ഞാനറിയുന്നു.

അവൾ എന്നെ കണ്ടയുടനെ വിതുമ്പിക്കരയാൻതുടങ്ങി. പെട്ടെന്നു് ഞാൻ എന്റെ കൈകളുയർത്തിക്കൊണ്ടുപറഞ്ഞു

"മറിയമേ...ക്ലോക്കു്..."

പെട്ടെന്നു് അവളുടെ പിണക്കങ്ങളും കരച്ചിലുമപ്രത്യക്ഷമായി. സന്തോഷത്തിന്റെതായ ഒരു പ്രത്യേക ശബ്ദത്തിൽ അവൾ ഓടിവന്നു എന്റെ കൈയിലെ ക്ലോക്കു് വാങ്ങി—പൊതിയഴിച്ചു—അതു് ചുംബിക്കാൻതുടങ്ങി. അവളുടെ മിഴികളിലപ്പോൾ ഉണർന്നിരുന്ന മാതൃത്വത്തിന്റേതുമാത്രമായ ഒരു ഭാവം ഒരു ദാർശനികന്റെ ചിരിയോടെ ഞാൻ നോക്കിക്കണ്ടു.

അവൾ ചുവരിലേക്കു് നോക്കുന്നതുകണ്ടപ്പോൾ ഞാൻ—ചുറ്റികയും ആണികളുമെടുത്തുകൊണ്ടുവരാൻ പറഞ്ഞു. അവൾ ക്ലോക്കു് എന്നെയേൽപ്പിച്ചു—അകത്തേക്കോടി. അവൾ പണ്ടപ്പോഴോ വാങ്ങിവെച്ച ആണികളുമായി തിരിച്ചുവന്നു.

അവളിൽനിന്നു് ഞാൻ ആണികളും ചുറ്റികയും വാങ്ങി ക്ലോക്കു് ചുവരിലുറപ്പിച്ചു. ചാവികൊടുത്തു് സൂചികൾ നേരെയാക്കി ഞാൻ തിരിഞ്ഞു മറിയത്തെ നോക്കുമ്പോൾ അവൾ ഒരു കൂടിയെപ്പോലെ കൈകോർത്തു—ചിരിക്കുകയായിരുന്നു.

പതിനൊന്നിൽനിന്നു് പിന്നോട്ടായിപ്പോയ സൂചികൾ ഞാൻ പതിനൊന്നിലാക്കിയപ്പോൾ ക്ലോക്കു് കരയാൻതുടങ്ങി—ഒരു ബലിക്കാക്കയുടെ ശബ്ദത്തിൽ. (ഞാനത്ഭുതപ്പെടുകയായിരുന്നു) മറിയമപ്പോൾ പതുക്കെ എണ്ണിത്തുടങ്ങി —ഒന്നു്, രണ്ടു്.. എട്ടു്... പതിനൊന്നു് പന്ത്രണ്ടു് ... ഞെട്ടിത്തെറിച്ചുപോലെ—അവളുടെ കണ്ണുകളിൽ പെട്ടെന്നു് ഭീതി കലങ്ങി. ബാല്യത്തിന്റെ കൌതുകങ്ങൾ മുഴുവനായി നഷ്ടപ്പെട്ട അവൾ ചെവി പൊത്തി. ഭ്രാന്തമായ ഒരവസ്ഥ അവളിലുണരുന്നതു് എനിക്കു് കാണാമായിരുന്നു.

ഞാനെന്തെങ്കിലും പ്രതീക്ഷിക്കുന്നതിനുമുൻപു് അവൾ ചുറ്റികയെടുത്തു് ക്ലോക്കിനെറിഞ്ഞു. ക്ലോക്കിന്റെ സൂചികളും ചില്ലുകളും അടർന്നു താഴെവീണു. മറിയം കരഞ്ഞുകൊണ്ടകത്തേക്കോടിപ്പോയി...അപ്പോഴും — ക്ലോക്കു്...കരഞ്ഞുകൊണ്ടേയിരുന്നു..,

—o—

(55 -ൽനിന്നും തുടർച്ച)

കൊട്ടം-കൊല്ല (ചതുപ്പുനിലം)—ഊർ എന്നാണു് 'കൊട്ടങ്ങല്ലൂർ'ന്നു കല്പിച്ചിരിക്കുന്നപദത്തിന്റെ ഭാഗം. കൊട്ടങ്ങല്ലൂർ എന്നപദത്തിന്റെ ചരിത്രത്തെക്കുറിച്ചു് മറ്റുപലരും ചിന്തിച്ചിട്ടുണ്ടു്: (1) കോടിങ്കൽ—അയ്യൂർ (അല്ലൂർ)—കൊട്ടങ്കല്ലൂർ —കൊട്ടങ്ങല്ലൂർ. (2 കോട്ടം (തുക്കു്) —കൊല്ല (കോ—ഇല്ലം—രാജധാനി)—ഊർ—രാജധാനി ഉള്ള ഊരെന്നർത്ഥം. (3) കൊട്ടം—കൊല—ഊർ: കോഴിവെട്ടിനെ അനുസ്മരിച്ചു്. (4) കൊട്ടം—കോവിൽ—ഊർ: മസൂരിദേവതയുടെ മഹാക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം. പൂർവപക്ഷങ്ങൾ പരിശോധിച്ചു് സമതാ കൂട്ടത്തിൽ യുക്തിസഹമാണെന്നു് ഗ്രന്ഥകർത്താക്കാത്തതിനാൽ പിള്ളയുടെ നിർദ്ദേശം ഒരഭിപ്രായംമാത്രമായിത്തീരുന്നു.

വളരെ സാധാരണമായ നിഷ്പത്തിക്രമങ്ങൾ ലേഖനത്തിന്റെ ദൈർഘ്യത്തിലേക്കു് എത്തിക്കാൻവേണ്ടി വലിച്ചുനീട്ടിയതെന്തിനാണെന്നു് മനസ്സിലായില്ല. 'അരങ്ങും അരത്തവും' രംഗം, രക്തം എന്നിവയുടെ രൂപഭേദങ്ങളാണെന്നു് ഇരുപണിപ്പെട്ടു് സ്ഥാപിക്കേണ്ടതുണ്ടോ?

ഒന്നരപ്പുറങ്ങളിലുള്ള ശുദ്ധിപത്രം ഇല്ലപോലൊരു ഗ്രന്ഥത്തിൽ ചേർക്കേണ്ടിവരുന്നതു് കഷ്ടമാണു്. ശുദ്ധിപത്രത്തിൽപെടാത്ത അച്ചടിപ്പിഴകളും കുറവല്ല. ഇക്കാര്യത്തിൽ ഗ്രന്ഥകാരന്റെ നിസ്സഹായത മനസ്സിലാക്കാവുന്നതേയുള്ളൂ.

സർഗ്ഗാത്മകസാഹിത്യത്തിന്റെയും വിമർശനാത്മക സാഹിത്യത്തിന്റെയും ഉത്തുംഗതള്ളിനുമിടയ്ക്കു് ഇങ്ങനെയും ചിലനെയ്ത്തിരികൾ പ്രത്യക്ഷപ്പെടുന്നതു് ആശ്വാസകരംതന്നെ

—o—

ഇതിഹാസം

താരാപ്പൂരിലെ ആണവകേന്ദ്രത്തിലെ പ്രസരത്തിന്റെ പ്രശ്നം ഏതാനും സ്ഥിതിവിവരക്കണക്കുകളുടെ ചെപ്പടിവിദ്യകളിൽ അങ്ങിനെ നഷ്ടപ്പെട്ടു. നിരക്ഷരരായ ഗ്രാമീണരെക്കൊണ്ടാണ് ഏറ്റവും അപകടംപിടിച്ച അവിദഗ്ദ്ധജോലികൾ അവിടെ ചെയ്യിക്കുന്നതു്. മനുഷ്യശരീരത്തിനു് താങ്ങാവുന്ന പ്രസരനിലവാരങ്ങളുണ്ടു്. ഈ നിലവാരങ്ങൾ എത്രയോ മടങ്ങു് മറികടന്നിരിക്കുയാണെന്നു് അറിവുള്ളവർ പറയുന്നു. ഇക്കഴിഞ്ഞവാരം തലസ്ഥാനത്തിലെ എല്ലാ പത്രങ്ങളിലും ഈ വാർത്ത അതീവ ഗൌരവത്തോടെ പ്രകാശിപ്പിക്കപ്പെടുകയുണ്ടായി. ഈ വാർത്തയെക്കാളും എന്നെ ദുഃഖിപ്പിച്ചതു് ഭരണകൂടത്തിന്റെയും ആണവവകുപ്പിന്റെയും പ്രതികരണമായിരുന്നു.

തൊഴിലാളികൾ പ്രസരബാധിതരാവുന്നു എന്നകാര്യം ആണവവകുപ്പിന്റെ മേലധികാരിയായ ഡോ: സേഠ്ന നിഷേധിക്കുവാൻ മിനക്കെട്ടില്ല. എന്തുകണ്ടു് പ്രസരം ഒരു മനുഷ്യനു് സഹിക്കുവാം എന്നകാര്യത്തിൽ തർക്കമുണ്ടെന്നു പറയുകയും. എഴുതിവെക്കപ്പെട്ട രക്ഷാനിബന്ധനകൾ ഇംഗ്ലീഷിന്റെ പ്രയോഗഭേദംകാരണം തൊഴിലാളികൾക്കു പരിരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നു് പറയുകയുമൊക്കെയാണു് സേഠ്ന ചെയ്തതു്.

അണുശക്തിയുടെ ഇരുണ്ട ലോകത്തിലേക്കുവീഴുന്ന നേരിയ വെളിച്ചംമാത്രമാണു് താരാപ്പൂരിനെക്കുറിച്ചു് പത്രങ്ങളിൽവന്ന വാർത്ത. പത്രങ്ങൾ സാധാരണഗതിയിൽ എഴുതാൻ ഇഷ്ടപ്പെടാത്തതും ചിലപ്പോൾ ധൈര്യപ്പെടാത്തതും, ആയ ഒരു വിഷയമാണു് അണുശക്തി. പോരെങ്കിൽ അണുശക്തിയെക്കുറിച്ചു നിരവധി ശുഭപ്രതീക്ഷകൾ നമ്മുടെനാട്ടിൽ പ്രചരിക്കുകയുംചെയ്യുന്നു. അളവറ്റതായ ഒരു ഊർജ്ജസമ്പത്തായാണു് നാം അതിനെ കാണാൻ പഠിച്ചിട്ടുള്ളതു്. ഒരന്ധവിശ്വാസമാണിതെന്നു് പടിഞ്ഞാറൻ നാടുകൾ പതുക്കെ പഠിച്ചുവരുന്നു. എന്നാൽ ആ കാരണത്താൽത്തന്നെ നാം ആ അറിവിനെ നിഷേധിക്കുന്നതും സ്വാഭാവികമാണു്. പടിഞ്ഞാറുനിന്നുവരുന്ന അറിവല്ലേ? അതിന്റെ പിന്നിൽ സാമ്രാജ്യത്താല്പര്യങ്ങൾ കാണാതിരിക്കില്ല. സ്ഥിതിഗതികൾ ഒന്നാഴത്തിൽ പഠിക്കുവാനുള്ള ക്ഷമ നമുക്കുണ്ടായിരുന്നെങ്കിൽ നമ്മുടെ ധാരണകളിലെ പാളിച്ചകൾ എത്രകണ്ടു് വമ്പിച്ചവയാണെന്നു നമുക്കു മനസ്സിലാവുമായിരുന്നു. പശ്ചിമ ജർമ്മനിയിലെ 'ഗ്രീൻസു്' (ഹരിതന്മാർ) എന്ന പുതിയ രാഷ്ട്രീയകക്ഷിയെപ്പോലുള്ള നിരവധി സഭകളും സംഘങ്ങളും ജൈവശക്തികൾക്കെതിരെ ഉയർന്നുവന്നിട്ടുള്ള ആധുനികഭീഷണികളെ നേരിടാൻ ഈ വൈകിയവേളയിലെങ്കിലും, പ്രബുദ്ധരും ശാന്തരുമായ മനുഷ്യർ നടത്തുന്ന ശ്രമങ്ങൾമാത്രമാണു്. നിഷേധങ്ങളുടേതുമാത്രമായ ഒരു കാലഘട്ടത്തിൽ

ദേശസ്നേഹിയുടെ

ഇവ ചരിത്രത്തെ അർത്ഥസാന്ദ്രമാക്കുന്നു. ഇത്തരം ഗൂഢപ്പകളെ അടിച്ചമർത്താൻ ഗൻകൈയെടുക്കുന്നതു് ബഹുരാഷ്ട്രകുത്തകകളും വൻകിടമുതലാളിത്തത്തിന്റെ കാർട്ടെലുകളുമാണു്. കാരണം. കമ്പ്യൂണിസത്തിനുപോലും കഴിയാത്തമട്ടിൽ, അടിവേരുകളറുക്കുന്ന ചോദ്യങ്ങളാണു് ഇവർ നിലവിലുള്ള വ്യവസ്ഥകളുടെ മുമ്പിൽ ഉന്നയിക്കുന്നതു്: അർത്ഥവത്തും ഉദാരവുമായ ജീവിതത്തിനു്. ജീവിതത്തിന്റെ സാർത്ഥകതയെ നിറവേറ്റുന്നതിനു്, ഉപഭോഗവസ്തുക്കളുടെ അറുതിയില്ലാത്ത ഉല്പാദനം ആവശ്യമാണോ? മനുഷ്യൻ പ്രകൃതിയിൽനിന്നു് വിഭിന്നനാണോ? അണുയുദ്ധമെന്ന അനിവാര്യത

യിലേക്കു നീങ്ങുന്ന ഈ ചരിത്രകാലഘട്ടത്തെ സൃഷ്ടിച്ച ശാസ്ത്രത്തിന്റെ സാധുത പുനഃപരിശോധിക്കപ്പെടേണ്ടതല്ലേ?

ലളിതവും നിർദ്ദോഷവുമായ ഈ ചോദ്യങ്ങൾ, വാസ്തവത്തിൽ, മുതലാളിത്തത്തിന്റെ മൌലികധാരണകളെ അപകടപ്പെടുത്തുന്നു. ഇങ്ങിനെ ചോദ്യം ചെയ്യാൻ തുടങ്ങിയാൽ നാം ചെന്നെത്തുക ഭയപ്പെടുത്തുന്ന ഉത്തരങ്ങളിലാണു്. അവയെ നേരിടുക സുഖകരമല്ല. ജീവിതത്തെ രസകരമാക്കിത്തീർക്കുന്നതും, എങ്കിൽ ഒഴിച്ചുകൂടാത്തവയെന്നു പറയാൻ പറ്റാത്തവയുംആയ നിരവധി യാന്ത്രികകളിക്കോപ്പുകളുടെ മാസ്മരസ്വാധീനത്തിലാണു് നാമിന്നു്. ഈ അത്യാർത്തി വികസിതരാജ്യങ്ങളിലെന്നതിനേക്കാൾ പ്രകടമാവുന്നതു് പ്രാകൃതസമുദായങ്ങളിലാണു്താനും.

ചരിത്രത്തിന്റെ സങ്കീർണ്ണ ദുരന്തങ്ങളുമായി ഈ അത്യാർത്തി ബന്ധപ്പെട്ടുന്നു. "നിങ്ങൾ ലോകം വെട്ടിപ്പിടിക്കുകയും കോളനികളെ ചൂഷണംചെയ്തു് വികസനത്തിന്റെ ഫലങ്ങൾ നേടിയെടുക്കുകയുംചെയ്തു", കറുത്ത മനുഷ്യനും തവിട്ടു മനുഷ്യനും വെള്ളക്കാരനോടു പറയുന്നു.

അഭയസങ്കേതം

"ഇനി ഞങ്ങളൊന്നു നോക്കട്ടെ." ഒരു പരുക്കൻനീതി ഇല്ലായ്കയില്ല ഈ നിലപാടിൽ. പരിസ്ഥിതി സംരക്ഷണം ഒരു ഫാഷനായിത്തീരുന്നതിനുമുമ്പു് ഇന്ദിരാഗാന്ധി പലവുരു പറയാറുള്ള കാര്യമായിരുന്നു ഇതു്. "വികസനവും പ്രകൃതിയും—വികസനത്തെ മറന്നുകൊണ്ടു് പ്രകൃതിയെ രക്ഷിക്കുവാൻ ഞങ്ങളൊരുക്കമില്ല." മൂന്നാം ലോകത്തിലെ സാധാരണ മനുഷ്യനു് മനസ്സിലാവുന്ന തർക്കശാസ്ത്രം. മൂന്നാംലോകത്തിലെ നാടുകളിലെ വികസനപ്രക്രിയയെ ഈ ശുഭപ്രതീക്ഷാശ്വാസത്തോടെയാണു് സാധാരണക്കാരൻ നോക്കിക്കാണുന്നതും. ഈ അണക്കെട്ടുകളും ഈ തൊഴിൽശാലകളും ഈ

ങ. വി. വിജയൻ

യന്ത്രങ്ങളുമൊക്കെ എന്നിക്കുണ്ടെന്ന ബോധത്തോടെ അവൻ കാത്തിരിക്കുന്നു. കാത്തിരിപ്പിനെ ഭരണവർഗ്ഗങ്ങൾ വിദഗ്ദ്ധമായി ചൂഷണംചെയ്യുകയും ചെയ്യുന്നു.

ഈ വെളിച്ചത്തിൽ വേണം നമ്മുടെ അണുശക്തിവികസനത്തെ നമുക്കു കാണാൻ. ഇന്ത്യ സ്വതന്ത്രയായ ദശകത്തിൽ അന്നത്തെ ശാസ്ത്രബോധത്തിന്റെ അവികസിതാവസ്ഥയിൽ, അണുശക്തി അളവറ്റ സമ്പത്തിന്റെ വാഗ്ദാനമായിരുന്നു, മനുഷ്യവർഗ്ഗത്തിന്റെ ദുരിതങ്ങളുടെ നിർമ്മാർജ്ജനമായിരുന്നു. താമസിയാതെ ദുഃശങ്കകൾ ഉയരാൻ തുടങ്ങി. ഇന്നാകട്ടെ ഈ സന്ദേഹങ്ങൾ അപാരങ്ങളും ഭയങ്കരങ്ങളുമായിത്തീർന്നിരിക്കുയാണു്. ആണവമലിനീകരണം എത്രയോ സഹസ്രാബ്ദങ്ങളോളം നിണ്ടുനിൽക്കുന്നതാണെന്നും, ആണവവിഷം ജീവപരമ്പരകളെ ബാധിക്കുന്നതാണെന്നും നാം അറിഞ്ഞു. അണുശക്തിയെ സംബന്ധിക്കുന്ന ചോദ്യങ്ങൾക്കൊന്നും തന്നെ ഉത്തരമില്ലെന്നും ഒരിക്കലും ഉത്തരമുണ്ടായേക്കില്ലെന്നും അംഗീകരിക്കേണ്ട സ്ഥിതിയിലേക്കു് നീങ്ങുകയാണു് നാം.

ഇതും ഭയങ്കരമാണു് വിപൽസാദ്ധ്യതകളെങ്കിൽ, നിശ്ചയമായും അണുശക്തിയെ സംബന്ധിക്കുന്ന ചർച്ച വിപുലവും പരസ്യവും ആകേണ്ടതുണ്ടു്. കാരണം, നിങ്ങളുടെമാത്രം കാര്യമല്ലിതു്. മറിച്ചു്, നിങ്ങളുടെ വരുംതലമുറകളുടെയുകൂടെ കാര്യമാണു്. പരിഹാരമില്ലാത്ത വികലീകരണങ്ങളുടെ, തലമുറയിൽനിന്നു തലമുറയിലേക്കു് എത്തിപ്പിടിച്ചു ചീഞ്ഞുചീഞ്ഞു ജീവിക്കുന്ന ശാശ്വതമരണങ്ങളുടെ കാര്യമാണു്.

എന്നാൽ, അണുശക്തിവകുപ്പു് ഒരു

മഹസ്യവകുപ്പിന്റെ സ്വഭാവത്തോടെ പെരുമാറുന്നു. ഇന്ത്യൻ പ്രധാനമന്ത്രിയുടെ സ്വന്തം വകുപ്പാണതു്. ശാസ്ത്രത്തിന്റെയും ഭാവിയുടെയും പരിവേഷമിട്ട ഈ വകുപ്പിന്റെ അധികാരങ്ങളെയും ചിലവിനെയും ക്ളിപ്തപ്പെടുത്താൻ ആരും ധൈര്യപ്പെടാറില്ല. ഒരു സർവ്വകലാശാലയിൽപ്പോലും സ്വതന്ത്രമായ അണുശാസ്ത്രഗവേഷണമില്ല. അണുശക്തിവകുപ്പിന്റെ അനുമതിയോടുകൂടിയേ എന്തെങ്കിലും ചെയ്യാൻ പാറ്റൂ. സ്വതന്ത്രങ്ങളായ സമിതികൾക്ക് ഭരണകൂടത്തിന്റെ സഹായം കൂടാതെ എന്തെങ്കിലും പഠനം നടത്തുകയും സാദ്ധ്യമല്ല. കാരണം ഭാരിച്ച വിലകളുള്ള സാമഗ്രികൾ അത്തരം പഠനങ്ങൾക്ക് ആവശ്യമാണ്. അങ്ങിനെ ഫലത്തിൽ സ്വതന്ത്രവും തുറന്നതുമായ ഒരു വിവാദം നമുക്കു നഷ്ടപ്പെടുന്നു.

ഈ പശ്ചാത്തലത്തിലാണ്, താരാപൂരിൽനിന്നു പുറത്തുവന്ന ചെറുവിവരങ്ങൾപോലും അമൂല്യസമ്പത്തായിത്തീരുന്നതു്. നമ്മുടെ ആണവസാമഗ്രികൾ കേടുപിടിച്ചതും, അപരിഷ്കൃതവുമാണെന്ന സംശയം ബലപ്പെടുകയാണിന്നു്. നമ്മുടെ ടെക്നോളജിക്കു് കാര്യമായ കോട്ടങ്ങളുണ്ടു്. എന്നാൽ നാം കോടിക്കണക്കിനു രൂപയ്ക്കുടമയിയ ഈ പൊങ്ങച്ചത്തിൽ കൂടുങ്ങിയിരിക്കുയാണു്. ഔദ്യോഗിക ശാസ്ത്രജ്ഞന്മാരുടെയും ഭരണനേതാക്കന്മാരുടെയും (ഇവിടെ ഹോമാർജിയും ഇന്ദിരയും തമ്മിൽ ഭേദമില്ല) അഹന്തകളുടെ പ്രശ്നമായ്ത്തീർന്നിരിക്കുയാണതു്. നിരക്ഷരരും ശുദ്ധമതികളുമായ സാധാരണജനങ്ങളുടെ പ്രതീക്ഷകളും ഇതിൽ സംബന്ധിക്കുന്നു.

നരോറ (ഉത്തർപ്രദേശ്) യിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള അണുശക്തികേന്ദ്രം ഭൂഭൗർഭദൈർഘ്യമേഖല (seismic fault) യിലാണു് സ്ഥിതിചെയ്യുന്നതെന്നു കരുതപ്പെടുന്നു. ഭൂകമ്പമുണ്ടായാൽ ഗംഗയിൽ ഉടനീളം വിഷം കലർത്താനുള്ള കെല്പു് ഈ സ്ഥാപനത്തിനുണ്ടു്. ഹൈദ്രബാദിലെ പ്യൂവൽകോംപ്ലെക്സു് ഇപ്പോൾത്തന്നെ വ്യാപകമായ തോതിൽ പ്രസരം പരത്തിക്കൊണ്ടിരിക്കുന്നു. രണ്ടുദാഹരണങ്ങൾ എടുത്തെന്നുമാത്രം.

തുറന്ന ചർച്ചയെ ഭരണവർഗ്ഗങ്ങൾ ചെറുക്കുന്നതെന്തുകൊണ്ടു്? പ്രാഥമികമായ അപായതയുടെ പ്രശ്നമാണിതെന്നു തോന്നുന്നു. അന്താരാഷ്ട്രീയ ആണവലോബിയുടെ സ്വാധീനത്തിന്റെ കഥയും. ആരെയും പ്രലോഭിപ്പിക്കാൻ മാത്രം പോന്ന ധനോപയോഗസ്വാതന്ത്ര്യവും ഉത്തരവാദിത്തമില്ലാത്ത അധികാരപ്രഭാവവുമാണു് ആണവമേഖല അതിന്റെ നേതാക്കന്മാർക്കു് തുറന്നതു്. അവസാനത്തെ വിശകലനത്തിൽ ആണവശാസ്ത്രം ബാലിശമായ ഈ സ്ഥാപിതതാല്പര്യങ്ങളുടെ സംരക്ഷണമായി അധഃപതിക്കുന്നു. കേടുപിടിച്ച ആണവയന്ത്രസാമഗ്രികളെ വികസിതരാജ്യങ്ങളിലെ സ്ഥാപിതതാല്പര്യങ്ങൾ അവികസിത രാജ്യങ്ങളിലെ ഭരണകൂടങ്ങൾക്കു് വിൽക്കുന്നു. അവ പ്രാകൃതരായ സേച്ഛാധിപതികളുടെയും "ലിബറൽ"കളുടെയും പ്രമാണിത്തങ്ങളുടെ ആധാരമായ്ത്തീരുകയും ചെയ്യുന്നു.

ഈ തൊക്കെത്തന്നെയാണു് ഇവിടെയും സംഭവിച്ചിട്ടുള്ളതു്. ദേശാഭിമാനം കള്ളന്റെ ഒളിക്കുത്തെ അഭയസ്ഥാനമാണു്. അതിനകത്തിരുന്നുകൊണ്ടു് അവൻ തുടർന്നു കക്കുന്നു. പ്രസരമേറുന്നു, അർബ്ബുദംപിടിച്ചു്, തലമുറകൾ അറുപോകുന്ന നിരക്ഷരനും ശുദ്ധമതിയുമായ ഗ്രാമീണൻ. അപ്പോഴും, അവനെ നോക്കി പറഞ്ഞുകൊള്ളും, "ദേശസ്നേഹി"

ന്യൂദില്ലി
മെയ് പതിനഞ്ചു്.

Edited, Printed &Published By S. K. Nair at New India Printers, Quilon- 13